/samakalikajanapadham/ /prd.kerala.gov.in/publications

ഇൻഫർമേഷൻ പബ്ലിക് റിലേഷൻസ് വകുപ്പ് | കേരള സർക്കാർ

₹12

# സമകാലിക ജനപഥം

2025 മേയ് പുസ്തകം 11 ലക്കം 10



## ലഹരിവലയിൽ കുടുങ്ങില്ല കേരളം



# നാം മുന്നോട്ട്

| ടി വി ചാനൽ | സംപ്രേഷണ സമയം |
|---|---|
| ഏഷ്യാനെറ്റ് ന്യൂസ് | ഞായർ 6.30 PM |
| മാതൃഭൂമി ന്യൂസ് | ഞായർ 8.30 PM 9.00 |
| കൈരളി | ശനി 12.30 AM repeat ശനി 6.30 AM |
| കൈരളി ന്യൂസ് | ഞായർ 9.30 AM repeat ബുധൻ 3.30 AM |
| മീഡിയ വൺ | ഞായർ 7.30 PM 8.00 |
| കൗമുദി ടിവി | ശനി 8.00 PM 8.24 |
| 24 ന്യൂസ് | ഞായർ 5.30 PM 6.00 repeat 1 AM-1.30 AM |
| ജീവൻ | ഞായർ 7.00 PM 7.24 PM |
| ജയ്ഹിന്ദ് | ബുധൻ 8.00 8.30 PM |
| റിപ്പോർട്ടർ | ഞായർ 6.30 PM 7.00 PM |
| ദൂരദർശൻ | ഞായർ 7.30 PM repeat തിങ്കൾ 9.30 PM |
| ന്യൂസ് 18 | ഞായർ 8.30 PM 9.00 PM |
| കേരള വിഷൻ | തിങ്കൾ 6.30 PM 7.00 PM |

ഇൻഫർമേഷൻ പബ്ലിക് റിലേഷൻസ് വകുപ്പ്
കേരള സർക്കാർ

**സമകാലിക**
# ജനപഥം

2025 മേയ് 1 • പുസ്തകം 11 • ലക്കം 10

**എഡിറ്റർ** ടി.വി. സുഭാഷ് ഐ.എ.എസ് **അഡീഷണൽ എഡിറ്റർ** സലിൻ മാങ്കുഴി
**ഡെപ്യൂട്ടി എഡിറ്റർ** കെ.പി. സരിത **എഡിറ്റർ-ഇൻ-ചാർജ്** കെ.എസ്. ഇന്ദുശേഖർ
**അസിസ്റ്റന്റ് എഡിറ്റർ** ദസ്നി എം.എച്ച് **സർക്കുലേഷൻ ഓഫീസർ** സി.എഫ്.ദിലീപ് കുമാർ
**കവർ & ലേഔട്ട്** രതീഷ് കുമാർ (ഡിജിക്രോ) **ചിത്രങ്ങൾ** ഐപിആർഡി ഫോട്ടോഗ്രഫി **ടൈപ്പ് സെറ്റിങ്** വിനിത വി.എസ്

എഡിറ്റോറിയൽ >>

## ലഹരിവലയിൽ കുടുങ്ങില്ല കേരളം



മനുഷ്യരാശി നേരിടുന്ന ഏറ്റവും വലിയ വിപത്തുകളിലൊന്നായി മാറിയിരിക്കുന്ന മയക്കമരുന്ന് ദുരുപയോഗം. അതിർത്തികളില്ലാത്ത, പണക്കൊതിയും ലഹരി അടിമത്തവും ഇഴചേർന്നു കിടക്കുന്ന, അതിശക്തമായ മയക്കമരുന്ന് ശൃംഖല രാജ്യാന്തരതലത്തിൽ തന്നെ രാഷ്ട്രങ്ങൾക്ക് തലവേദനയാണ്. ജനതയുടെ, പ്രത്യേകിച്ചും കൗമാര, യൗവനങ്ങളുടെ, ശാരീരികവും മാനസികവുമായ ആരോഗ്യം തകർക്കുന്ന ലഹരിവല ഭേദിക്കാൻ മിക്ക രാജ്യങ്ങളും കടുത്ത നടപടികൾ സ്വീകരിക്കുന്നു. എന്നിട്ടും ഐക്യരാഷ്ട്ര സംഘടനയുടെ കണക്കനുസരിച്ച് 29 കോടിയിലേറെ ആൾക്കാർ മയക്കമരുന്ന് ഉപയോഗിക്കുന്നവരായുണ്ട്. ആഗോള ലഹരിമാഫിയ വലക്കണ്ണികളുടെ കരുത്തും വ്യാപനശേഷിയും എത്ര ഭയാനകമാണെന്ന് ഇത് സൂചിപ്പിക്കുന്നു.

ഭാവിതലമുറയുടെ ആരോഗ്യവും ഊർജവും ക്രിയാത്മകതയും തകർക്കുന്ന ലഹരിവിപത്തിനെതിരെ വിട്ടുവീഴ്ചയില്ലാത്ത പോരാടേണ്ടതിന്റെ പ്രാധാന്യം കേരളവും തിരിച്ചറിയുന്നു. ചെറിയ അളവിൽ തുടങ്ങുന്ന മയക്കമരുന്ന് ഉപയോഗം പോലും നിയന്ത്രണാതീതമായി മാറും. അക്രമാസക്തിയിലേക്കും അരാജകത്വത്തിലേക്കും നയിക്കും. വ്യക്തിയുടെ ആരോഗ്യവും ക്രമേണ സാമൂഹികാരോഗ്യവും നശിപ്പിക്കുന്ന തരത്തിൽ വളരാവുന്ന ഈ തിന്മയ്ക്കെതിരെ വിവിധ വകുപ്പുകളുടെ നേതൃത്വത്തിൽ വിപുലമായ പ്രചാരണപ്രവർത്തനങ്ങളാണ് സംസ്ഥാന സർക്കാർ നടത്തുന്നത്. മയക്കമരുന്ന് വ്യാപനത്തിന് തടയിടുന്നതിനായി എക്സൈസ്, പോലീസ് വകുപ്പുകൾ കർക്കശമായ നടപടികളും കൈക്കൊള്ളുന്നു.

എന്നാൽ ഈ വിഷവലയുടെ കണ്ണികൾ ഭേദിക്കുന്നതിന് ഭരണതലത്തിലുള്ള നടപടികൾ മാത്രം പോര. പൊതുസമൂഹത്തിന്റെയാകെ ജാഗ്രത്തായ സഹകരണം അതിനാവശ്യമാണ്. മയക്കമരുന്ന് വ്യാപനത്തിനെതിരെയുള്ള നമ്മുടെ പോരാട്ടത്തിന്റെ പ്രസക്തിയിലേക്കാണ് ഈ ലക്കം വിരൽചൂണ്ടുന്നത്.

**ടി.വി. സുഭാഷ് ഐ.എ.എസ്**
എഡിറ്റർ

2025 MAY 1 VOLUME 11 ISSUE 10 E-MAIL : prdmalayalam@gmail.com WEBSITE : www.prd.kerala.gov.in

**പ്രതികരണങ്ങൾ അയക്കേണ്ട വിലാസം**
എഡിറ്റർ, സമകാലിക ജനപഥം,
സെക്രട്ടേറിയറ്റ് അനക്സ്, ഒന്നാംനില,
തിരുവനന്തപുരം-695001
ഇമെയിൽ prdmalayalam@gmail.com
ഫോൺ 0471 2518171

**വരിക്കാരാകാൻ 120 രൂപയുടെ മണി ഓർഡർ**
ഡയറക്ടർ, ഇൻഫർമേഷൻ പബ്ലിക് റിലേഷൻസ് വകുപ്പ്, എഡിറ്റോറിയൽ വിഭാഗം, ഒന്നാം നില,
സെക്രട്ടേറിയറ്റ് അനക്സ്-1, തിരുവനന്തപുരം-1
ഫോൺ 0471 2517036
ഇമെയിൽ iocirculation@gmail.com

ലേഖകരുടെ അഭിപ്രായം സർക്കാരിന്റേതായിരിക്കണമെന്നില്ല. അവയുടെ പൂർണ ഉത്തരവാദിത്വം ലേഖകർക്ക് മാത്രമായിരിക്കും

/samakalikajanapadham/ /prd.kerala.gov.in/publications






6 തുറന്നു പുരോഗതിയുടെ
ലോകജാലകം

10 വിഷവൃക്ഷത്തിന്റെ
വേരറുക്കും
**പിണറായി വിജയൻ**

14 ഈ പോരാട്ടം
വിജയിച്ചേ തീരൂ
**എം. ബി. രാജേഷ്**

18 ജീവിതമാവണം ലഹരി
**വി. ശിവൻകുട്ടി**

22 കളിക്കളങ്ങൾ പ്രതിരോധമാവും
**വി അബ്ദുറഹിമാൻ**

24 വിമുക്തി നേടാം വിജയം കൊയ്യാം
**മഹിപാൽ യാദവ് ഐ പി എസ്**

27 തടവ് മുതൽ വധശിക്ഷ വരെ
**വി. എ. പ്രദീപ്**

30 ശക്തമായ
ലഹരിവേട്ടയുമായി ഡി-ഹണ്ട്

32 ഡിജിറ്റൽ ആസക്തിക്കുമുണ്ട് ചികിത്സ
**ഗായത്രി ആർ നായർ**

35 കലാലയങ്ങളിൽ
ലൈഫ് ഈസ് ബ്യൂട്ടിഫുൾ
**ഡോ. അൻസർ ആർ. എൻ**

37 ചെറുചുവടുകളാൽ
കുരുന്നു കവചങ്ങൾ
**ഗംഗ വേലായുധൻ പി. ആർ**


39 ശ്രദ്ധ വേണം ചികിത്സയും
**ഡോ. അരുൺ ബി നായർ**

43 അതിരുകൾ മായുന്ന
ഡേർട്ടി ബിസിനസ്
**വിജേഷ് ചൂടൽ**

46 കലയ്ക്കു വേണ്ട
ലഹരിയുടെ കൈയൊപ്പ്
**മോബിൻ മോഹൻ**

48 ഉത്സവച്ചേലോടെ
അഞ്ചാം വർഷത്തിലേക്ക്

50 വിഷാദങ്ങളുടെ നിഴൽവീണ
തിരസാക്ഷ്യങ്ങൾ
**ജിതിൻ കെ. സി**



കേരളചരിത്രത്തിൽ സുവർണ്ണലിപികളിൽ എഴുതിച്ചേർത്ത അധ്യായമായി വിഴിഞ്ഞം. ലോക മാരിടൈം ഭൂപടത്തിൽ ഇന്ത്യയെ ഇനി മുതൽ അടയാളപ്പെടുത്താൻ പോകുന്നത് വിഴിഞ്ഞം ആയിരിക്കുമെന്നതിൽ ഓരോ മലയാളിക്കും അഭിമാനിക്കാം.
സമുദ്രമാർഗേണയുള്ള വ്യാപാരത്തിന്റെയും ലോജിസ്റ്റിക്സിന്റെയും ഹബ് ആയി കേരളവും അതിലൂടെ ഇന്ത്യയും മാറുകയാണ്

# തുറന്നു പുരോഗതിയുടെ ലോകജാലകം





## അങ്ങനെ അതും നമ്മൾ നേടിയിരിക്കുന്നു

പ്രധാനമന്ത്രി നരേന്ദ്ര മോഡി വിഴിഞ്ഞം അന്താരാഷ്ട്ര തുറമുഖം രാജ്യത്തിനു സമർപ്പിച്ചതോടെ കേരളത്തിന്റെ ഏറ്റവും വലിയ സ്വപ്നങ്ങളിൽ ഒന്നാണ് സഫലമായിരിക്കുന്നത്. വികസനത്തിന്റെ പുതിയ ചക്രവാളങ്ങളാണ് നമ്മെ കാത്തിരിക്കുന്നത്. ലോക മാരിടൈം ഭൂപടത്തിൽ ഇന്ത്യയെ ഇനി മുതൽ അടയാളപ്പെടുത്താൻ പോകുന്നത് വിഴിഞ്ഞം ആയിരിക്കുമെന്നതിൽ ഓരോ മലയാളിക്കും അഭിമാനിക്കാം.

പ്രളയങ്ങളും കോവിഡ് മഹാമാരിയും ഉൾപ്പെടെ നിരവധി പ്രതിസന്ധികൾ മുന്നിലുണ്ടായിരുന്നു. അവയുടെയൊന്നും മുന്നിൽ നാം തളർന്നില്ല. വിഴിഞ്ഞത്തെ നമ്മുടെ സോദരരുടെ ആശങ്കകൾ മുന്നിലുണ്ടായിരുന്നു. അവയോരോന്നും പരിഹരിച്ച് അവരെ ചേർത്തു നിർത്തി യാണ് സർക്കാർ മുന്നോട്ടു പോയത്.

രാജ്യത്ത് ഒരു സംസ്ഥാന സർക്കാരിന് ഏറ്റവും കൂടുതൽ നിക്ഷേപമുള്ള തുറമുഖമാണ് വിഴിഞ്ഞം അന്താരാഷ്ട്ര തുറമുഖം. നിലവിൽ ആകെ പദ്ധതിച്ചെലവിന്റെ മൂന്നിൽ രണ്ടു ഭാഗവും വഹിക്കുന്നത് സംസ്ഥാനമാണ്. ഉത്തരവാദിത്തങ്ങ ളെല്ലാം കൃത്യതയോടെ നിറവേറ്റി തുറമുഖ ത്തിന്റെ നിർമ്മാണത്തിനു യാതൊരു വിഘ്നവും ഉണ്ടാകാതെ നിശ്ചയദാർഢ്യത്തോടെ മുന്നോട്ടു പോകാൻ സർക്കാരിനു സാധിച്ചു.

അതിന്റെ ഫലമായി കരാർ പ്രകാരം 2045 ൽ മാത്രം പൂർത്തിയാവേണ്ട പദ്ധതി 2028-ൽ തന്നെ പൂർത്തീകരിക്കാൻ സാധിക്കുന്ന നിലയാണിപ്പോഴുള്ളത്. കൊമേഴ്സ്യൽ ഓപ്പറേഷനാകട്ടെ 2024 ൽ തന്നെ ആരംഭിക്കാനും നമുക്ക് സാധിച്ചു. ഇതുവരെ 270 ലേറെ കപ്പലുകളാണ് വിഴിഞ്ഞത്തു നങ്കൂരമിട്ടത്.

അസാധ്യമെന്നു കരുതിയതെല്ലാം സാധ്യമാക്കിയ ഒൻപത് വർഷങ്ങളാണ് കടന്നു പോയത്. വികസനത്തിന്റെയും സാമൂഹ്യപുരോഗതിയുടേയും പുതിയ പന്ഥാവുകളിലൂടെ കേരളം മുന്നേറുകയാണ്. സമാനതകളില്ലാത്ത ഈ വികസന മുന്നേറ്റത്തിനു കൂടുതൽ കരുത്തു പകരുന്ന പദ്ധതിയായി വിഴിഞ്ഞം അന്താരാഷ്ട്ര തുറമുഖം മാറും. കൂടുതൽ വലിയ നേട്ടങ്ങളിലേയ്ക്ക് നാടു കുതിക്കും.

**പിണറായി വിജയൻ**
മുഖ്യമന്ത്രി



## ചെലവും വിഹിതവും

ആകെ ചെലവ് 8,867 കോടി രൂപ

കേരളസർക്കാർ 5,595 കോടി രൂപ

അദാനി വിഴിഞ്ഞം പോർട്ട് പ്രൈവറ്റ് ലിമിറ്റഡ് 2,454 കോടി രൂപ

കേന്ദ്ര വായ്പ 818 കോടി രൂപ
വി ജി എഫ് വായ്പ രൂപത്തിൽ. തുക ലഭ്യമായിട്ടില്ല.

ജീവനോപാധി നഷ്ടപരിഹാര ഇനത്തിൽ കേരളസർക്കാർ വിതരണം ചെയ്തത് 107.28 കോടി രൂപ.




## നാൾവഴികൾ

1996 ൽ വിഴിഞ്ഞം അന്താരാഷ്ട്ര തുറമുഖം എന്ന സങ്കൽപം രൂപപ്പെടുന്നു.

2006 പദ്ധതിക്ക പുനരുജ്ജീവനം

2009 ൽ പദ്ധതി പഠനത്തിനായി ഇന്റർനാഷണൽ ഫിനാൻസ് കോർപറേഷനെ നിയോഗിച്ചു.

2010 ൽ ടെൻഡർ നടപടിയിലേക്ക കടന്നെങ്കിലും അനുമതി ലഭിച്ചില്ല

2015 ൽ കരാർ

2016 ൽ ഒന്നാം പിണറായി വിജയൻ സർക്കാർ പദ്ധതി പുനരുജ്ജീവിപ്പിച്ച്
4 ഘട്ടങ്ങളിലായി പൂർത്തീകരിക്കാൻ വിഭാവനം ചെയ്തു.



2024 ജൂലൈയിൽ ട്രയൽ റൺ

2024 ഡിസംബറിൽ കൊമേഴ്സ്യൽ ഓപ്പറേഷൻ ആരംഭിച്ചു.

2025 മെയ് 2 ഒന്നാം ഘട്ടം ഉദ്ഘാടനം

2045 ൽ പൂർത്തീകരിക്കേണ്ട തുടർഘട്ടങ്ങൾ 17 വർഷം മുമ്പ് 2028 ൽ പൂർത്തീകരിക്കാനാവും.




## വിഴിഞ്ഞത്തെ സവിശേഷമാക്കുന്നത്

- രാജ്യത്തെ ആദ്യ സെമി ഓട്ടോമേറ്റഡ് തുറമുഖം.
- റഡാർ, സെൻസർ എന്നിവ ഉപയോഗിച്ചുള്ള വെസ്സൽ ട്രാഫിക് മാനേജ്മെന്റ് സിസ്റ്റം (വി ടി എം എസ്) കപ്പലുകളുടെ ചലനങ്ങൾ കൃത്യമായി നിയന്ത്രിക്കും.
- ഇന്ത്യൻ ചരക്കുകളുടെ ട്രാൻസ്ഷിപ്മെന്റിനായി വിദേശതുറമുഖങ്ങളെ ആശ്രയിക്കാതെ വിഴിഞ്ഞം തുറമുഖത്തെ ഉപയോഗപ്പെടുത്താം.
- അന്താരാഷ്ട്ര കപ്പൽപാതയോട് അസാധാരണമാം വിധം ഏറെ അടുത്തതും 20 മീറ്ററിന്റെ സ്വാഭാവിക ആഴമുള്ളതും റയിൽ - റോഡ് - എയർ കണക്ടിവിറ്റി ഉള്ളതുമാണ് പോർട്ട്.
- മറ്റ് പല തുറമുഖങ്ങളെയും അപേക്ഷിച്ച് അറ്റകുറ്റപ്പണി ചെലവ് കുറവ്.
- 20,000 ടി ഇ യു വരെ ശേഷിയുള്ള കപ്പലുകൾക്ക് ചരക്കിറക്കാനുള്ള ശേഷി.
- തുറമുഖത്തിലെ ഓട്ടോമേറ്റഡ് സി ആർ എം ജി ക്രെയിനുകൾ ഓപ്പറേറ്റ് ചെയ്യുന്നത് വനിതകൾ.
- ഇതുവരെ വിഴിഞ്ഞത്തു നങ്കൂരമിട്ടത് 270 ലേറെ കപ്പലുകൾ .
- രാജ്യത്തെ ട്രാൻസ്ഷിപ്മെന്റ് ചരക്കിന്റെ വലിയ ശതമാനവും സിംഗപ്പൂർ, കൊളംബോ, ദുബായ് തുടങ്ങിയ വിദേശ തുറമുഖങ്ങൾ വഴിയാണ് നിലവിൽ കൈകാര്യം ചെയ്യപ്പെടുന്നത്. ഇതുവഴി ഇന്ത്യയ്ക്ക് പ്രതിവർഷം 200 മുതൽ 220 ദശലക്ഷം ഡോളർ വരെ വരുമാനനഷ്ടമുണ്ടാകുന്നതിന് വിഴിഞ്ഞം പരിഹാരമാകും.



**തുറമുഖത്തിന്റെ ഓപ്പറേഷൻ ആൻഡ് കൺട്രോൾ സെന്റർ മുഖ്യമന്ത്രി സന്ദർശിക്കുന്നു**

NO TO DRUGS

**സർക്കാരും പൊതുസമൂഹവും ഒന്നുചേർന്നുള്ള പ്രവർത്തനത്തിലൂടെ ലഹരിയെന്ന വിഷവൃക്ഷത്തെ നാം പിഴുതെറിയുക തന്നെ ചെയ്യും**



യുവതലമുറയിൽ രാസലഹരി ഉൾപ്പെടെയുള്ള നിരോധിത ലഹരി ഉത്പന്നങ്ങളുടെ വർധിച്ചുവരുന്ന ഉപയോഗം, ആക്രമണോത്സുകത തുടങ്ങിയ വിപത്തുകളെ ചെറുക്കാൻ കർമ്മ പദ്ധതി തയ്യാറാക്കുന്നതിനായി നിയമസഭാ ശങ്കരനാരായണൻ തമ്പി ഹാളിൽ ചേർന്ന യോഗത്തിൽ മുഖ്യമന്ത്രി പിണറായി വിജയൻ സംസാരിക്കുന്നു

# വിഷവൃക്ഷത്തിന്റെ വേരറുക്കും

നമ്മുടെ സമൂഹത്തിൽ ആഴത്തിലും വ്യാപ്തിയിലും വേരുപടർത്തുന്ന ലഹരി എന്ന മഹാവിപത്തിനെതിരെ ഒറ്റക്കെട്ടായി അണിനിരക്കേണ്ട സന്ദർഭമാണിത്. ലഹരി മാഫിയയുടെ നീരാളിപ്പിടുത്തത്തിൽ അമർന്നവരിൽ ഭൂരിപക്ഷവും യുവാക്കളും വിദ്യാർഥികളുമാണെന്നത് ഗൗരവമായി കാണണം. ജീവിതത്തിന്റെ സൗന്ദര്യം മുഴുവൻ നഷ്ടപ്പെടുത്തിയ ചെറുപ്പക്കാരെയും സ്വപ്നങ്ങൾ കൈമോശം വന്ന് നിസ്സഹായരായി കേഴുന്ന രക്ഷിതാക്കളെയുമല്ല കേരളത്തിനാവശ്യം. അതുകൊണ്ടുതന്നെ നാളെയുടെ പ്രതീക്ഷകളെ തല്ലിക്കെടുത്തുന്ന ലഹരിമാഫിയ സംഘത്തിനെതിരെ അതിശക്തമായ ഇടപെടലുകളാണ് സംസ്ഥാനസർക്കാർ നടത്തിവരുന്നത്.

ലഹരി മാഫിയയുടെ കണ്ണികൾ അറുത്തെറിയുന്നതിനായി പൊലീസിന്റെ നേതൃത്വത്തിൽ ഓപ്പറേഷൻ ഡി ഹണ്ട് എന്ന പേരിൽ പഴുതടച്ച പരിശോധനകൾ നടത്തിവരികയാണ്. എക്സൈസ്, പൊലീസ് ഏകോപിത ശ്രമങ്ങളുണ്ടാവും. ഈ പ്രക്രിയ കൂടുതൽ ഊർജിതമായി തുടരുന്നതിനു തന്നെയാണ് സർക്കാർ തീരുമാനിച്ചിട്ടുള്ളത്. വിദ്യാഭ്യാസ സ്ഥാപനങ്ങൾക്ക് സമീപമുള്ള കടകളിലും മറ്റും പരിശോധനകൾ ഊർജിതമാക്കാനും, മുമ്പ് ഇത്തരം കേസുകളിൽ ഉൾപ്പെട്ടിട്ടുള്ളവരുടെ വീടുകളിലും ഒളിത്താവളങ്ങളിലും കൂടുതൽ പരിശോധനകൾ നടത്താനും നിർദേശം നൽകിയിട്ടുണ്ട്. അതിഥി തൊഴിലാളികളുടെ ക്യാമ്പുകൾ, ഡി ജെ പാർട്ടികൾ എന്നിവിടങ്ങളിൽ പൊലീസിന്റെ കർശന നിരീക്ഷണമുണ്ടാവും. മറ്റു സംസ്ഥാനങ്ങളിൽ നിന്നും കേരളത്തിലേക്ക് ലഹരിവസ്തുക്കൾ കടത്തുന്നത് തടയുന്നതിനായി റെയിൽവേ സ്റ്റേഷനുകൾ കേന്ദ്രീകരിച്ച് അന്വേഷണം ഊർജിതമാക്കും. റെയിൽവേ പ്ലാറ്റ്ഫോമുകളിൽ



സ്നിഫർ നായകളെയും നിയോഗിക്കും.

സർക്കാർ സംവിധാനങ്ങൾ മാത്രം പ്രവർത്തിച്ചാൽ തീരുന്ന പ്രശ്നമല്ല ഇത്. അതുകൊണ്ടുതന്നെ ജനമൈത്രി പദ്ധതി സജീവമാക്കുകയും, ലഹരിവിരുദ്ധ ബോധവൽക്കരണത്തിനും ലഹരിമാഫിയയുടെ പ്രാദേശിക വിവരങ്ങൾ ശേഖരിക്കുന്നതിനുമായി റസിഡന്റ്സ് അസോസിയേഷനുകൾ, എൻ ജി ഒകൾ, കോർഡിനേഷൻ കമ്മിറ്റികൾ എന്നിവരുമായി ചേർന്ന് പോലീസ് പ്രവർത്തിക്കും. വിദ്യാലയങ്ങളിലും ക്യാമ്പസുകളിലും സ്റ്റുഡന്റ് പൊലീസ് കേഡറ്റുകൾ, സ്കൂൾ പ്രൊട്ടക്ഷൻ ഗ്രൂപ്പുകൾ, ആന്റി നാർക്കോട്ടിക് ക്ലബ്ബുകൾ, ക്ലീൻ ക്യാമ്പസ് സേഫ് ക്യാമ്പസ് പദ്ധതികൾ എന്നിവ സജീവമാക്കും. സോണൽ ഐ ജി പിയും റേഞ്ച് ഡി ഐ ജിമാരും ഇത്തരം പ്രവർത്തനങ്ങളെല്ലാം പ്രതിമാസ അവലോകനം ചെയ്യുന്നതിനും തീരുമാനിച്ചിട്ടുണ്ട്.

വരുന്ന അധ്യയന വർഷം മുതൽ വിപുലമായ ഒരു എൻഫോഴ്സ്മെന്റ് പ്രവർത്തനം പൊലീസ് ആവിഷ്കരിക്കുകയാണ്. ലഹരിമാഫിയയുടെ വിവരങ്ങൾ കുട്ടികളിൽ നിന്നും മനസ്സിലാക്കി വിവിധ സർക്കാർ ഏജൻസികൾക്ക് കൈമാറുന്നതിനായി പേരന്റ് ആസ് ഫസ്റ്റ് ഡിഫെൻഡർ എഗെൻസ്റ്റ് ഡ്രഗ്സ് എന്ന പേരിൽ രക്ഷിതാക്കൾക്ക് അവബോധ പരിപാടി സംഘടിപ്പിക്കും. രക്ഷിതാക്കളെ ലഹരിവിരുദ്ധ പോരാട്ടത്തിൽ മുൻനിര പ്രതിരോധക്കാരായി പ്രാപ്തരാക്കുക എന്നതാണ് ഇതിലൂടെ ലക്ഷ്യമിടുന്നത്. ദേശീയ പാത വികസനത്തെ തുടർന്ന് ഉപേക്ഷിക്കപ്പെട്ട പഴയ പാതയോരങ്ങളിൽ ലഹരിമാഫിയ പ്രവർത്തനം ശക്തമാകുന്ന

> **നാളെയുടെ പ്രതീക്ഷകളെ തല്ലിക്കെടുത്തുന്ന ലഹരിമാഫിയ സംഘത്തിനെതിരെ അതിശക്തമായ ഇടപെടലുകളാണ് സംസ്ഥാന സർക്കാർ നടത്തിവരുന്നത്**

> ലഹരി എന്ന പദത്തിനു മദ്യവും മയക്കുമരുന്നുമെന്ന ഒരർത്ഥമേ നമ്മുടെ സമൂഹം കാണുന്നുള്ളു. സിനിമ, സംഗീതം, സുഹൃത്തുക്കൾ, കുടുംബം, ആരോഗ്യം ഇവ പോലെ എത്ര നല്ല ലഹരികളുണ്ട് ജീവിതത്തിൽ. സ്വന്തം കർമ്മ മേഖലയിൽ ജീവിത ലഹരി കണ്ടെത്തിയവരാണ് എന്നും സമൂഹത്തെ മുന്നോട്ട് നയിച്ചിട്ടുള്ളത്



**മമ്മൂട്ടി**
നടൻ

എന്ന പരാതി നിലവിലുണ്ട്. ഇത്തരം സ്ഥലങ്ങൾ പ്രത്യേക ബ്ലാക്ക് സ്പോട്ടുകളായി അടയാളപ്പെടുത്തി, അവിടെ സി സി ടി വി നിരീക്ഷണം, പട്രോളിങ് എന്നിവ നടത്തും.

സമൂഹത്തിൽ അക്രമവാസന വളരുന്നുണ്ട് എന്നത് യാഥാർഥ്യമാണ്. കുട്ടികളിലെ കുറ്റവാസന ലോകവ്യാപകമായിത്തന്നെ വർധിക്കുന്നുണ്ട്. അതിന്റെ കാരണങ്ങളെക്കുറിച്ച് ഇവിടെയും പഠന ഗവേഷണങ്ങൾ നടക്കേണ്ടതുണ്ട്. കുടുംബത്തോടോ സമൂഹത്തോടോ സഹജീവികളോടോ കരുണയും കരുതലുമില്ലാത്ത നിലയിൽ ഒറ്റപ്പെട്ട നിലയിലാണെങ്കിലും കുട്ടികൾ കാണപ്പെടുന്നുണ്ട്. പരിഹാരം

ആ ബന്ധത്തിന്റെ കണ്ണിയറുക്കണം. അത് വളരെ പ്രധാനമാണ്. പക്ഷെ അത് പൂർണ്ണമായും നമ്മുടെ നിയന്ത്രണത്തിലല്ല. രാജ്യത്തിന്റെ പല ഭാഗങ്ങളിലായി വിമാനങ്ങളിലൂടെ, കപ്പലുകളിലൂടെ മയക്കമരുന്ന് വലിയ തോതിൽ കൊണ്ടിറക്കുകയാണ്. അവ നമ്മുടെ സംസ്ഥാനത്തിന്റെ അതിർത്തി കടന്ന് ഇവിടേക്ക് വരുന്നത് തടയാൻ പൂർണ്ണമായും നമുക്ക് കഴിയണം. അതിനുള്ള ഭരണനടപടികൾ സ്വീകരിക്കുന്നുണ്ട്. കണക്കുകൾ പരിശോധിച്ചാൽ സംസ്ഥാനം അത് കൂടുതൽ ശക്തിപ്പെടുത്തിയിട്ടുണ്ട് എന്ന് കാണാൻ നമുക്ക് കഴിയും. കേന്ദ്ര പ്രസ്സ് ഇൻഫർമേഷൻ

> നമുക്കു ചുറ്റിലുമുള്ള കുറ്റകൃത്യങ്ങൾക്ക് മയക്കുമരുന്നിന്റെ ഉപയോഗം പ്രത്യക്ഷമായോ പരോക്ഷമായോ കാരണമാവുന്നുണ്ട്. മയക്കുമരുന്നിന് അടിമയാകുന്നവരിൽ കുട്ടികളും ചെറുപ്പക്കാരുമാണെന്നുള്ളത് സങ്കടകരമായ വസ്തുതയാണ്. യഥാർഥ ലഹരി മയക്കുമരുന്നല്ല, ജീവിതമാണ്



**മഞ്ജു വാര്യർ**
**അഭിനേത്രി**




കാണേണ്ട ഗൗരവതരമായ വിഷയമാണിത്. എല്ലാം മയക്കമരുന്നു കൊണ്ടു മാത്രമാണെന്നു പറഞ്ഞാൽ ശരിയാവില്ല. അടച്ചിടപ്പെടുന്ന ബാല്യങ്ങൾ, സ്നേഹരഹിതമായ വീട്ടന്തരീക്ഷങ്ങൾ, ചില പ്രത്യേക തരം സാമൂഹികമാധ്യമങ്ങളുടെയും അവയിലെ ഉള്ളടക്കത്തിന്റെയും സ്വാധീനങ്ങൾ, അതിതീവ്ര മത്സരബോധം, ധനാർത്തി തുടങ്ങി പല കാര്യങ്ങളുണ്ട്. ഇവ സമഗ്രതയിൽ കാണാതിരുന്നുകൂടാ. സഹജീവികളോടും പ്രകൃതിയോടും കരുണയുള്ളവരായി, കരുതലുള്ളവരായി കുട്ടികളെ വളർത്തുന്നതിന് പാഠ്യപദ്ധതിയിലടക്കം മാറ്റം വരുത്തുന്നത് ആലോചിക്കണം.

ഇങ്ങനെ മയക്കമരുന്നുകളുടെ ഉപയോഗവും അതിന്റെ വ്യാപനം, കടത്ത്, ഇത് ലോകമാകെ നേരിടുന്നൊരു പ്രശ്നമാണ്. പക്ഷെ നമുക്ക് പ്രത്യേകിച്ചൊന്നും ചെയ്യാനില്ല എന്ന രീതിയിൽ, കൈയും കെട്ടി നിഷ്ക്രിയമായി നിന്ന് ആ പ്രശ്നത്തെ അവഗണിക്കാനാവില്ല. ലഹരി ഉപയോഗിക്കുന്നവരെ നാശത്തിലേക്ക് തള്ളിവിടാതെ അവരിലെ അവസാനത്തെ ആളെപ്പോലും രക്ഷപ്പെടുത്തുക എന്ന ദൗത്യമാണ് നമുക്ക് ഏറ്റെടുക്കാനുള്ളത്.

അന്താരാഷ്ട്ര മയക്കമരുന്ന് മാഫിയയും നമ്മുടെ രാജ്യവും തമ്മിലുള്ള ബന്ധമുണ്ട്.

ബ്യൂറോ ഫെബ്രുവരി 10 ന് പ്രസിദ്ധീകരിച്ച ഒരു കണക്കുണ്ട്. അതിൽ അവർ പറയുന്നത്, '2024 ൽ 25,000 കോടി രൂപയുടെ മയക്കമരുന്ന് പിടിച്ചെടുത്തിട്ടുണ്ടെന്നാണ്. ഇത് 2023 ൽ 16,100 കോടിയായിരുന്നു. 'ഒറ്റവർഷംകൊണ്ടാണ് 25,000 കോടിയിലേക്ക് ഈ വർധനവ് ഉണ്ടാകുന്നത്. ദേശീയതലത്തിൽ ഒരു വർഷകാലയളവിൽ 55 ശതമാനം വർധനവാണ് ഉണ്ടായിരിക്കുന്നത്. കേരളത്തിന്റെ കണക്കു പരിശോധിച്ചാൽ ഇത്ര വലിയ തോതിലില്ല എന്നു കാണാൻ പറ്റും. ഇവിടെ പിടിച്ചെടുത്ത മയക്കമരുന്നിന്റെ മൂല്യം 10 കോടിക്ക് താഴെയാണ്.

മയക്കമരുന്നിന്റെ ഇവിടേക്കുള്ള വരവിന്റെ തോത് കുറവായതുതന്നെയാണ് ഇതിനു പിന്നിലുള്ള ഘടകം. ഇത് ഈ തലത്തിൽ നിൽക്കുന്നത് ഇവിടെ കർക്കശമായ നടപടികൾ ഉണ്ടാവുന്നു എന്ന് മയക്കമരുന്ന് ലോബിക്ക് അറിയാം എന്നതു കൊണ്ടുകൂടിയാണ്. കർക്കശ നടപടികളുടെ ഭാഗമായി നമുക്ക് കാണാൻ കഴിയുന്ന മറ്റൊരു തെളിവ്, നമ്മുടെ രാജ്യത്ത് ഏറ്റവും ഉയർന്ന ശിക്ഷനിരക്ക് കേരളത്തിലാണ് എന്നതാണ്. സംസ്ഥാനത്തെ മയക്കമരുന്ന് കേസുകളിൽ ശിക്ഷാനിരക്ക് 98.19% ആണ്. ദേശീയ ശരാശരി 78.1% ആണ്. 20% വർധനവ് ദേശീയ ശരാശരിയുമായി താരതമ്യപ്പെടുത്തിയാൽ ശിക്ഷാനിരക്കിന്റെ കാര്യത്തിൽ നമ്മുടെ സംസ്ഥാനത്തുണ്ട്. ചില സംസ്ഥാനങ്ങൾ എടുത്താൽ, തെലങ്കാന, ശിക്ഷനിരക്ക് 25.6% ആണ്. ആന്ധ്രപ്രദേശിൽ 25.4% ആണ്. പക്ഷേ ഇതിൽ സമാശ്വസിച്ച് ഇരിക്കുകയല്ല നമ്മൾ ചെയ്യുന്നത്. നമ്മൾ നടപടികൾ തുടരുന്നു. കൂടുതൽ ശക്തിപ്പെടുത്തുകയും വേണം.

ഇതുപോലെയാണ് ആക്രമണോത്സുകതയുടെ കാര്യവും. ഏത് വിഭാഗത്തിൽ നിന്നായാലും അക്രമം ഉണ്ടാവാതെ സമൂഹത്തിന്റെ സ്വസ്ഥജീവിതമാണ് ഉറപ്പുവരുത്തണം. കുടുംബം മുതൽ സമൂഹം വരെ ഭദ്രവും ശാന്തവുമാകുന്ന പൊതുസ്ഥിതി ഉറപ്പുവരുത്തുക എന്നത് പ്രധാനമാണ്. ഇക്കാര്യത്തിലും ജാഗ്രതയോടെയുള്ള ഭരണനടപടികൾ ഉണ്ടാകും. പക്ഷേ സർക്കാർ തലത്തിൽ സ്വീകരിക്കുന്ന നടപടികൾ മാത്രം പോരാ. കുട്ടികളിൽ മയക്കമരുന്നിലേക്കും ആയുധങ്ങളിലേക്കും തിരിയുന്ന മാനസികാവസ്ഥ രൂപപ്പെടുത്തുന്ന, സാമൂഹികവും മാനസികവുമായ കാരണങ്ങൾ കണ്ടെത്തൽ പ്രധാനമാണ്. അടുത്ത കാലത്ത് വന്ന ചില വാർത്തകൾ പ്രകാരം, വളരെ പ്രിയപ്പെട്ട അടുത്ത ബന്ധുക്കളെ വരെ അതിക്രൂരമായ നിലയിൽ കൊല ചെയ്യുന്ന മനോവിഭ്രമത്തിലേക്ക് കുട്ടികൾ എത്തിച്ചേരുകയാണ്. മയക്കമരുന്ന് മുതൽ ദുർമന്ത്രവാദ സമാ



നമായ ഓജോബോർഡ് കളി വരെയുണ്ട് ഇവയ്ക്ക് പിന്നിൽ. ഒപ്പം അന്ധവിശ്വാസങ്ങളും മനോവിഭ്രമവും തമ്മിലുള്ള ബന്ധങ്ങൾ അപഗ്രഥിക്കാൻ കഴിയേണ്ടതുണ്ട്. മയക്കുമരുന്നും ഈ മാനസികാവസ്ഥയും തമ്മിലുള്ള ബന്ധവും മനസ്സിലാക്കാൻ കഴിയണം. മയക്കുമരുന്ന് മാത്രമല്ല വില്ലൻ. പല ഘടകങ്ങൾ ഒത്തുചേരുന്നുണ്ട്.

ആഴംതോറും കയത്തിലേക്ക് എന്നപോലെ വലിച്ചുതാഴ്ത്തുന്ന ഡിജിറ്റൽ ലോകത്തിന്റെ ദുഃസ്വാധീനങ്ങളിൽ കുഞ്ഞുമനസ്സുകൾ തിരിച്ചുവരാൻ ആവാത്ത വിധം പെട്ടുപോവുന്നതും ഗൗരവമായ പ്രശ്നമാണ്. ഡിജിറ്റൽ ലോകം നിഷിദ്ധമായിട്ടുള്ളതല്ല. ഡിജിറ്റൽ അറിവ് അവർക്ക് വേണം. എന്നാൽ അത് എത്രത്തോളം ആകാം, എങ്ങനെയാകാം അതിനെ സംബന്ധിച്ച് കൃത്യമായ അറിവ് രക്ഷിതാക്കൾക്ക് തന്നെ ഉണ്ടാകേണ്ടതായിട്ടുണ്ട്. ഇതോടൊപ്പം ഹിംസയുടേതായ ഒരു ഭീകര ലോകം കുട്ടിയുടെ മുന്നിലേക്ക് തുറന്നുവരുന്നുണ്ട്. അതിൽ ഇലക്ട്രോണിക് മീഡിയകൾ വഹിക്കുന്ന പങ്കുണ്ട്. ഡിജിറ്റൽ ഗാഡ്ജറ്റുകൾ ഉണ്ട് ഇതിലൂടെയൊക്കെ കുട്ടിയിലേക്ക് വല്ലാത്തൊരു സ്വാധീനം കൂട്ടുകയാണ്. പകരം കാരുണ്യത്തിന്റെ, കനിവിന്റെ, വാൽസല്യത്തിന്റെ, സ്നേഹത്തിന്റെ, സാഹോദര്യത്തിന്റെ മാനസികാവസ്ഥ രൂപപ്പെടുത്താൻ കഴിയണം അതിലൂടെ കുഞ്ഞുങ്ങളുടെ മനസ്സിലേക്ക് കടന്നുചെല്ലാൻ പറ്റണം. അവിടെ നന്മയുടെ വെളിച്ചം നിറയ്ക്കാൻ കഴിയണം. ഈ ബോധത്തോടെയുള്ള സമീപനം സമൂഹത്തിൽ ആകെയുണ്ടാകണം.

> നമ്മളെല്ലാവരും
> സന്തോഷത്തോടെയും
> സമാധാനത്തോടെയും
> ജീവിക്കാൻ
> ആഗ്രഹിക്കുന്നവരാണ്.
> ലഹരിക്ക് അടിപ്പെട്ടു
> പോവുമ്പോൾ നമുക്ക്
> ഇല്ലാതാവുന്നതും
> ഇതെല്ലാമാണ്. ആരോഗ്യ
> പ്രശ്നങ്ങളിലേക്കും
> സമാധാനമില്ലായ്മയിലേക്കും
> എത്തിപ്പെടാൻ ഇതൊരു
> കാരണമായേക്കാം



**ടൊവിനോ തോമസ്**
നടൻ

സമകാലിക പ്രശ്നങ്ങളിൽ ഒന്നും ഒരു തരത്തിലുള്ള താൽപര്യം കാട്ടരുത് എന്ന് ചിന്തിക്കുന്നവരുണ്ട്. അങ്ങനെ ചിന്തിക്കുന്ന ചില വിദ്യാലയങ്ങളുണ്ട്. പക്ഷേ നമ്മൾ കാണേണ്ടത് അത്തരം വിദ്യാലയങ്ങളിൽ അക്രമവാസന കൂടുതലാണ് . മയക്കുമരുന്ന് ഉപയോഗവും കൂടുതലായി കാണുന്നു എന്ന വസ്തുതയുമുണ്ട്. അത്തരം പ്രദേശങ്ങളിൽ വിദ്യാലയങ്ങളുടെ പങ്ക് വളരെ പ്രധാനമാണ്. മറ്റൊന്ന് കുടുംബങ്ങളിൽ നിന്നുള്ള നടപടികളാണ്. അതിന് ഫലപ്രദമായ നടപടി വീടുകളിൽ നിന്നു തുടങ്ങണം വിദ്യാലയത്തിലേക്ക് പടരണം. കുട്ടികളോട് എല്ലാ രീതിയിലും മനുഷ്യത്വപരമായ സമീപനമാണ് സ്വീകരിക്കുക. മയക്കുമരുന്നുകൾക്ക് അടിപ്പെട്ടു പോയവരെ തിരികെ ജീവിതത്തിലേക്ക് കൊണ്ടുവരിക. ഡീ അഡിക്ഷൻ സെന്ററുകൾ നല്ല നിലയ്ക്ക് നമ്മൾ ആരംഭിക്കുന്നുണ്ട്. അവിടെ ചികിത്സിക്കേണ്ട അവസ്ഥയിൽ എത്തിയിട്ടുണ്ടെങ്കിൽ അവരെ നിർബന്ധമായും ചികിത്സിക്കുക. എന്നിട്ട് അവരെ ജീവിതത്തിലേക്ക് തിരിച്ചുകൊണ്ടുവരിക എന്നതാണ് ഏറ്റവും പ്രധാനം.

സർക്കാരും പൊതുസമൂഹവും ഒന്നുചേർന്നുള്ള പ്രവർത്തനത്തിലൂടെ ലഹരിയെന്ന വിഷവൃക്ഷത്തെ നാം പിഴുതെറിയുക തന്നെ ചെയ്യും.■

## തിങ്ക് ടാങ്ക് അണിനിരന്നു കർമ്മപദ്ധതി തയ്യാർ

കുട്ടികളുടെയും കൗമാരക്കാരുടെയും സമഗ്ര മാനസിക, സാമൂഹിക വികാസത്തിനായി സംയോജിത പ്രവർത്തന പദ്ധതി തയ്യാറാക്കുന്നതിന് സർക്കാർ വിവിധ മേഖലകളിലെ വിദഗ്ധരെയും ഉദ്യോഗസ്ഥരെയും പ്രൊഫഷണലുകളെയും ഉൾപ്പെടുത്തി തിങ്ക് ടാങ്ക് രൂപവൽക്കരിച്ചു. കുട്ടികളിലും കൗമാരക്കാരിലും ആക്രമണോത്സുകത വർധിച്ചുവരുന്നതായി കാണുന്ന സാഹചര്യത്തിലാണ് കർമ്മപദ്ധതി തയ്യാറാക്കുന്നതിന് സർക്കാർ തീരുമാനിച്ചത്. കർമ്മപദ്ധതിയുടെ ഭാഗമായി ദീർഘകാല, മധ്യകാല, ഹ്രസ്വകാല ലക്ഷ്യങ്ങളും തീരുമാനിച്ചു. അതിൻപ്രകാരം ഏറ്റെടുക്കേണ്ട പ്രവർത്തനങ്ങൾ ക്രോഡീകരിച്ചു. ഓരോ കുഞ്ഞും ലഹരിമുക്തവും സുരക്ഷിതവുമായ അന്തരീക്ഷത്തിൽ വളർന്ന് ഉത്തരവാദിത്വമുള്ള മികച്ച പൗരനാകുന്നതിനുവേണ്ട സാഹചര്യമൊരുക്കാൻ കർമ്മപദ്ധതി പ്രകാരമുള്ള ശക്തമായ നടപടികളുമായി മുന്നോട്ടുപോവുകയാണ് സർക്കാർ.

മയക്കുമരുന്ന് വിപണനം, വ്യാപനം, വ്യാപാരം എന്നിവ തടയുന്നതിനുള്ള നടപടികൾ, മയക്കുമരുന്ന് കേസുകൾ ഫലപ്രദമായി കൈകാര്യം ചെയ്യുന്നതിനുള്ള നടപടികൾ, ലഹരിക്കെതിരെ വിവിധ വകുപ്പുകൾ ഏറ്റെടുക്കേണ്ട പ്രവർത്തനങ്ങൾ, കുട്ടികളിലെ ഓൺലൈൻ ദുരുപയോഗം തടയുന്നതിനുള്ള പ്രവർത്തനങ്ങൾ, അടിയന്തരശ്രദ്ധയും പരിചരണവും വേണ്ട കുട്ടികളെയും യുവാക്കളെയും കണ്ടെത്തുന്നതിനും ആവശ്യമായ നടപടികൾ കൈക്കൊള്ളുന്നതിനുമുള്ള നിർദേശങ്ങൾ, വീടുകൾ മുതൽ പൊതുവിടങ്ങൾ വരെ ബാലസുരക്ഷിതമാക്കുന്നതിനുള്ള പ്രവർത്തനങ്ങൾ എന്നിവയെല്ലാം കർമ്മപദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. വിവിധ സർക്കാർ വകുപ്പുകളും ഏജൻസികളും സന്നദ്ധസേവകരും കുടുംബങ്ങളും ഈ പ്രവർത്തനങ്ങളുടെ ഭാഗമാണ്.

എം. ബി. രാജേഷ്
തദ്ദേശസ്വയംഭരണ, എക്സൈസ് വകുപ്പ് മന്ത്രി

NO TO DRUGS

**കേരളത്തിൽ ലഹരിവസ്തുക്കളുടെ ഉപയോഗം മറ്റ് സംസ്ഥാനങ്ങളുമായി താരതമ്യം ചെയ്യുമ്പോൾ കുറവാണ്. ചെറിയൊരു ശതമാനം മാത്രമാണ് ലഹരിക്ക് അടിമപ്പെട്ടിരിക്കുന്നതെങ്കിലും അത് സമൂഹത്തിൽ ഏൽപ്പിക്കുന്ന പ്രത്യാഘാതങ്ങൾ വലുതാണ്. അതിനാൽ മയക്കുമരുന്നിനെതിരായ പ്രവർത്തനത്തിൽ വിട്ടുവീഴ്ചയില്ലെന്നതാണ് സർക്കാരിന്റെ നിലപാട്**





# ഈ പോരാട്ടം വിജയിച്ചേ തീരൂ

മനുഷ്യസമൂഹം നേടുന്ന എല്ലാ മുന്നേറ്റങ്ങളെയും ദുർബലപ്പെടുത്തുന്ന ഏറ്റവും പ്രധാന തിന്മകളിലൊന്നായി ലഹരി ഉപയോഗം മാറിയിരിക്കുന്നു. മയക്കുമരുന്ന് ഉൾപ്പെടെയുള്ള വിവിധയിനം ലഹരിവസ്തുക്കൾ മനുഷ്യന്റെ പ്രജ്ഞയെയും ആരോഗ്യത്തെയും നശിപ്പിച്ച് ഗുരുതരമായ പ്രതികൂലഫലങ്ങൾ ഉണ്ടാക്കുന്നു. ചെറുപ്പക്കാരുടെ സർഗശേഷിയെയും ഊർജത്തെയും ഇല്ലാതാക്കുന്ന ഈ സാമൂഹിക തിന്മക്കെതിരെ മനുഷ്യരാശിയൊന്നാകെ അണിനിരന്ന് പോരാടേണ്ടതുണ്ട്. ആ പ്രാധാന്യം ഉൾക്കൊണ്ടാണ് പിണറായി സർക്കാർ ലഹരിവ്യാപനത്തിനെതിരെ സന്ധിയില്ലാത്ത പോരാട്ടം പ്രഖ്യാപിച്ചിരിക്കുന്നത്.

ലഹരിവസ്തുക്കളുടെ ഉപയോഗം ലോകമാകെ ഗൗരവമുള്ള ഒരു സാമൂഹിക പ്രശ്നമായി മാറിയിട്ട് കാലം കുറച്ചായി. യുണൈറ്റഡ് നേഷൻസ് ഓഫീസ് ഓൺ ഡ്രഗ്സ് ആൻഡ് ക്രൈം (UNODC) അതിന്റെ 2024ലെ റിപ്പോർട്ടിൽ ഈ പ്രശ്നത്തിന്റെ ഗൗരവം വരച്ചുകാട്ടുന്നുണ്ട്. റിപ്പോർട്ട് പ്രകാരം ലോകത്താകെ മയക്കുമരുന്ന് ഉപയോഗിക്കുന്നവർ 2022ലെ കണക്കനുസരിച്ച് 29.2 കോടിയാണ്. 2011ൽ ഇത് 24 കോടി ആയിരുന്നു. 6.4 കോടി ആളുകൾ മയക്കുമരുന്ന് ഉപയോഗം മൂലമുള്ള ഗുരുതരമായ ആരോഗ്യപ്രശ്നങ്ങൾ നേരിടുന്നവരാണ്. 2019ൽ മാത്രം ലോകമാകെ അഞ്ചു ലക്ഷം പേരാണ് ലഹരി ഉപയോഗം മൂലമുള്ള ആരോഗ്യപ്രശ്നങ്ങൾ കാരണം മരിച്ചത്. ആരോഗ്യകരമായ 180 ലക്ഷം ആയുർവർഷങ്ങൾ ലഹരി ഉപയോഗം മൂലം മനുഷ്യരാശിക്ക് നഷ്ടമായെന്ന് യുണൈറ്റഡ് നേഷൻസ് ഓഫീസ് ഓൺ ഡ്രഗ്സ് ആൻഡ് ക്രൈമിന്റെ 2021 ലെ റിപ്പോർട്ടിൽ പറയുന്നുണ്ട്.

ആദ്യമായി മയക്കമരുന്ന് ഉപയോഗിക്കുന്നവരിൽ 70 ശതമാനവും 10 വയസ്സ് മുതൽ 15 വയസ്സു വരെയുള്ള പ്രായപരിധിയിലുള്ളവരാണ്. ഇവർക്കിടയിലെ ലഹരി ഉപയോഗം വൻതോതിൽ വർധിക്കുകയാണ്. ആഗോളവൽക്കരണം തുറന്നിട്ട ഉപഭോഗതൃഷ്ണ, എല്ലാം വിലയ്ക്ക് വാങ്ങി പരമാവധി സുഖം അനുഭവിക്കാൻ തെറ്റായ മാർഗങ്ങൾ സ്വീകരിക്കാൻ പ്രചോദനം നൽകുന്നുണ്ട്.

കേരളത്തിലാണെങ്കിൽ സ്കൂളുകളിൽ വിദ്യാർഥിസംഘടനാപ്രവർത്തനം ഇല്ലാതാക്കാൻ ശ്രമിച്ചതും അരാഷ്ട്രീയതയും അതുവഴി സങ്കുചിതചിന്തകളും വളർത്താൻ ശ്രമിച്ചതും കൗമാരക്കാരിൽ ചെറിയൊരു വിഭാഗത്തെ തെറ്റായ വഴികളിലേക്ക് നീങ്ങാൻ പ്രേരിപ്പിച്ചിട്ടുണ്ട്. കുട്ടികളിലെ പ്രതിഭ കണ്ടെത്തി അവ വളർത്തിയെടുക്കാനും ക്രിയാത്മക പ്രവർത്തനങ്ങളിൽ അവരെ അണിനിരത്താനും കഴിഞ്ഞാൽ ഒരു പരിധി വരെ ഈ വിപത്തിനെ അകറ്റിനിർത്താൻ കഴിയും. ലഹരി ഉപയോഗിക്കുന്നവരും അരാജകത്വ പ്രവണതകളിൽ അഭയം തേടുന്നവരും ക്രമേണ പ്രതിലോമ ചിന്തകളിലും പ്രവർത്തനങ്ങളിലും അഭയം തേടുന്നു. ഇത് പൊതുസമൂഹത്തിന്റെയും രാജ്യത്തിന്റെയും മുന്നോട്ടുള്ള പോക്കിന് വിഘാതമായിത്തീരും. അതുകൊണ്ടാണ് ലഹരിവിരുദ്ധ പ്രചാരണം ഏറ്റവും പ്രധാനവും പ്രസക്തവുമായി തീരുന്നത്.

## സന്ധിയില്ലാത്ത പോരാട്ടം

മയക്കുമരുന്ന് വ്യാപനത്തിനെതിരെ സംസ്ഥാന സർക്കാരിന്റെ നേതൃത്വത്തിൽ വിപുലമായ ബോധവൽക്കരണ പ്രവർത്തനങ്ങളും കർശനമായ എൻഫോഴ്സ്മെന്റ് പരിശോധനകളുമാണ് നടക്കുന്നത്. 2022ൽ ഗാന്ധിജയന്തി ദിനമായ ഒക്ടോബർ രണ്ടിന് ആരംഭിച്ച് കേരളപ്പിറവി ദിനമായ നവംബർ ഒന്ന് വരെ നടന്ന ഒന്നാം ഘട്ടം ലഹരിവിരുദ്ധ ക്യാമ്പയിനും 2022 നവംബർ 14ന് ആരംഭിച്ച് റിപ്പബ്ലിക് ദിനമായ 2023 ജനുവരി 26 വരെ നടന്ന രണ്ടാം ഘട്ടം ക്യാമ്പയിനും 2023 ജനുവരി 26 മുതൽ 2024 ജനുവരി 30 വരെ നടന്ന മൂന്നാം ഘട്ടവും വിജയകരമായി പൂർത്തിയാക്കി. നാലാം ഘട്ടമാണ് ഇപ്പോൾ നടന്നുകൊണ്ടിരിക്കുന്നത്.



ലഹരിക്കെതിരെ ഗോൾ ചലഞ്ച് പരിപാടി ഉദ്ഘാടനം

> കുട്ടികളിലെ പ്രതിഭ കണ്ടെത്തി അവ വളർത്തിയെടുക്കാനും ക്രിയാത്മക പ്രവർത്തനങ്ങളിൽ അവരെ അണിനിരത്താനും കഴിഞ്ഞാൽ ഒരു പരിധി വരെ ഈ വിപത്തിനെ അകറ്റിനിർത്താൻ കഴിയും

എക്സൈസ് വകുപ്പ്, പോലീസ് സേന, ആരോഗ്യം, തൊഴിൽ, ഫിഷറീസ്, പട്ടികജാതി-പട്ടികവർഗ വികസന വകുപ്പുകൾ, വിദ്യാഭ്യാസസ്ഥാപനങ്ങൾ, തദ്ദേശ സ്വയംഭരണസ്ഥാപനങ്ങൾ എന്നിവയുടെ ആഭിമുഖ്യത്തിൽ വിപുലമായ പ്രചാരണ പരിപാടികളാണ് ലഹരിവിപത്തിനെതിരെ നടന്നത്. ലഹരിവിരുദ്ധ പ്രചാരണ പ്രവർത്തനങ്ങൾക്കായി എല്ലാ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലും വാർഡുകളിലും ജനകീയ സമിതികൾ രൂപീകരിച്ചു. കോളേജുകൾ കേന്ദ്രീകരിച്ചും സ്കൂളുകൾ കേന്ദ്രീകരിച്ചും ക്ലബുകൾ രൂപീകരിച്ച് ലഹരിവിരുദ്ധ പ്രചാരണം നടത്തി. സ്കൂളുകളിൽ ഉണർവ്, കോളേജുകളിൽ നേർക്കൂട്ടം, കോളേജ് ഹോസ്റ്റലുകളിൽ ശ്രദ്ധ എന്നീ പേരുകളിലായിരുന്നു ലഹരിവിരുദ്ധ കൂട്ടായ്മകൾ പ്രവർത്തിച്ചത്. ജനമൈത്രി, എസ് പി സി, ഗ്രീൻ കാമ്പസ് ഡ്രീം കാമ്പസ് എന്നിവ വഴി പോലീസ് വകുപ്പും മികച്ച പ്രവർത്തനമാണ് നടത്തിയത്. കുടുംബശ്രീ വലിയ തോതിൽ സഹകരിച്ചു.

ലഹരിവസ്തുക്കൾ കടത്തുന്നത് തടയൽ, ലഹരിവസ്തുക്കളുടെ ഉപയോഗത്തിനെതിരെ ജനങ്ങൾക്കിടയിൽ പൊതുവിലും കൗമാരക്കാർക്കിടയിൽ പ്രത്യേകിച്ചും ശക്തമായ ബോധവൽക്കരണം, മയക്കുമരുന്നിന് അടിമകളായവർക്ക് മികച്ച ചികിത്സയും അവരെ അനുഭാവപൂർവം



ജീവിതത്തിലേക്ക് മടക്കിക്കൊണ്ടുവരാനുള്ള പുനരധിവാസ പദ്ധതികളും എന്നിങ്ങനെ ത്രിതല പോരാട്ടത്തിലൂടെ മാത്രമേ ഈ വിപത്തിനെ നിയന്ത്രിക്കാൻ കഴിയൂ.


## കണക്കുകളിൽ ഭയം വേണ്ട

കേരളത്തിൽ ലഹരിവസ്തുക്കളുടെ ഉപയോഗം മറ്റ് സംസ്ഥാനങ്ങളുമായി താരതമ്യം ചെയ്യുമ്പോൾ കുറവാണ്. ചെറിയൊരു ശതമാനം മാത്രമാണ് ലഹരിക്ക് അടിമപ്പെട്ടിരിക്കുന്നതെങ്കിലും അത് സമൂഹത്തിൽ ഏൽപ്പിക്കുന്ന പ്രത്യാഘാതങ്ങൾ വലുതാണ്. അതിനാൽ മയക്കുമരുന്നിനെതിരായ പ്രവർത്തനത്തിൽ വിട്ടുവീഴ്ചയില്ലെന്നതാണ് സർക്കാരിന്റെ നിലപാട്.

വ്യാപനം കുറവാണെങ്കിലും മയക്കുമരുന്ന് പിടിച്ചെടുക്കുന്നതിൽ കേരളം മികച്ച പ്രവർത്തനം നടത്തുന്നുണ്ട്. 2020 മുതൽ 2024 വരെയുള്ള കാലയളവിൽ ഇന്ത്യയിലെ തുറമുഖങ്ങളിൽ നിന്ന് 11,311 കോടി രൂപ വിലമതിക്കുന്ന മയക്കുമരുന്ന് പിടിച്ചെടുത്തുവെന്ന് കേന്ദ്ര ആഭ്യന്തര സഹമന്ത്രി നിത്യാനന്ദ റായ് 2025 മാർച്ച് 18ന് പാർലമെന്റിനെ അറിയിച്ചു. 19 പിടിച്ചെടുക്കലുകളിൽ എട്ടെണ്ണം ഗുജറാത്തിലെ വിവിധ തുറമുഖങ്ങളിൽ നിന്നാണ്. എട്ടെണ്ണം മഹാരാഷ്ട്രയിലെ തുറമുഖങ്ങളിൽ നിന്ന്. രണ്ടെണ്ണം കൊൽക്കത്ത തുറമുഖത്തുനിന്നും ഒന്ന് തൂത്തുക്കുടി തുറമുഖത്തുനിന്നുമാണ്. കേരളത്തിൽ നിന്ന് ഒരു കേസ് പോലുമില്ല. എന്നാൽ മയക്കുമരുന്നിനെതിരായ പ്രവർത്തനങ്ങൾ വളരെ ഗൗരവത്തോടെ തന്നെ കേരളത്തിൽ നടത്തുന്നു.

2025 മാർച്ചിൽ എക്സൈസ് സേന ആകെ എടുത്തത് 10,495 കേസുകളാണ്. ഇതിൽ 1686 അബ്കാരി കേസുകൾ, 1313 മയക്കുമരുന്ന് കേസുകൾ, 7483 പുകയില കേസുകൾ എന്നിവ ഉൾപ്പെടുന്നു. ആകെ 7.09 കോടി രൂപയുടെ ലഹരിവസ്തുക്കളാണ് എക്സൈസ് പിടികൂടിയത്. മറ്റ് സേനകളുമായി ചേർന്ന് നടത്തിയ 362 ഉൾപ്പെടെ 13,639 റെയ്ഡുകൾ നടത്തി. 1,17,777 വാഹനങ്ങളാണ് ഈ കാലയളവിൽ പരിശോധിച്ചത്. അബ്കാരി കേസുകളിൽ 66, മയക്കുമരുന്ന് കേസുകളിൽ 67 വാഹനങ്ങൾ പിടിച്ചു. അബ്കാരി കേസുകളിൽ പ്രതിചേർന്ന 1580 പേരിൽ 1501 പേരെയും, മയക്കുമരുന്ന് കേസിൽ പ്രതിചേർത്ത 1358 പേരിൽ 1316 പേരെയും അറസ്റ്റ് ചെയ്തിട്ടുണ്ട്. ഒളിവിലിരുന്ന 86 പ്രതികളെയും പിടികൂടാനായി. പുകയില കേസുകളിൽ 14.94 ലക്ഷം രൂപ പിഴയായി ഈടാക്കിയിട്ടുണ്ട്.


> **ചെറിയൊരു ശതമാനം മാത്രമാണ് ലഹരിക്ക് അടിമപ്പെട്ടിരിക്കുന്നതെങ്കിലും അത് സമൂഹത്തിൽ ഏൽപ്പിക്കുന്ന പ്രത്യാഘാതങ്ങൾ വലുതാണ്**




566.08 ഗ്രാം എംഡിഎംഎ, 121.01 ഗ്രാം ഹെറോയിൻ, 143.67 ഗ്രാം മെത്താഫെറ്റമിൻ, 215.47 ഗ്രാം ഹാഷിഷ്, 574.7 ഗ്രാം ഹാഷിഷ് ഓയിൽ, 16 ഗ്രാം ബ്രൗൺ ഷുഗർ, 2.4 ഗ്രാം എൽഎസ്ഡി, 54.97 ഗ്രാം നൈട്രോസെഫാം ഗുളികകൾ, 286.65 കിലോ കഞ്ചാവ്, 148 കിലോ കഞ്ചാവ് കലർന്ന ചോക്കലേറ്റ്, 59.4 ഗ്രാം ഹൈബ്രിഡ് കഞ്ചാവ്, 22 ഗ്രാം ചരസ്, 96.8 ഗ്രാം കഞ്ചാവ് കലർന്ന ഭാങ് എന്നിവ പിടിച്ചെടുക്കാനായി. ഇതിന് പുറമേ 16997 ലിറ്റർ സ്പിരിറ്റ്, 290.25 ലിറ്റർ ചാരായം, 4486.79 ലിറ്റർ അനധികൃത വിദേശമദ്യം, 964.5 ലിറ്റർ വ്യാജകള്ള്, 11858 ലിറ്റർ വാഷ്, 4252.39 കിലോ പുകയില ഉൽപന്നങ്ങൾ തുടങ്ങിയവയും പിടിച്ചെടുത്തിട്ടുണ്ട്. പരിശോധനയുടെ ഭാഗമായി 1174 ഗ്രാം സ്വർണവും 1.41 കോടി രൂപയും 150 വെടിയുണ്ടകളും എക്സൈസ് കണ്ടെത്തി

# കളിക്കളങ്ങൾ ജീവിതപാഠപുസ്തകം

ലഹരിവ്യാപനം തടയാൻ വിതരണ ശൃംഖല തകർക്കുക എന്നത് പ്രധാനമാണ്. ഇക്കാര്യത്തിൽ പൊലീസും എക്സൈസും മികച്ച പ്രവർത്തനം കാഴ്ച വെക്കുന്നുണ്ട്. നല്ല ജാഗ്രത എല്ലാ വിഭാഗം ജനങ്ങളിലും നിലവിൽ ഉണ്ട്. ലഹരിമുക്തമായി തിരിച്ചുവരുന്ന കുട്ടിക്ക് കൂടുതൽ ശ്രദ്ധ ആവശ്യമാണ്. ഇത് കൈകാര്യം ചെയ്യാൻ മാതാപിതാക്കൾക്കും പരിശീലനം ആവശ്യമാണ്. വീണ്ടും ലഹരിയിലേക്ക് തിരിയാതിരിക്കാൻ വേണ്ട കവചം സമൂഹം തീർക്കണം. ഇതൊരു ദീർഘകാല പ്രക്രിയ ആണ്. വിദ്യാലയവും ആവശ്യമായ പ്രൊഫഷണൽ പിന്തുണ നൽകണം. കളിക്കളങ്ങളുടെ കുറവ് പരിഹരിക്കപ്പെടണം. ഒരുമിച്ച് കളിക്കുക എന്നത് വലിയ ജീവിതപാഠമാണ് കുട്ടികൾക്ക് പകരുക. പരാജയം ഉൾക്കൊള്ളാനും വിജയത്തിൽ മതിമറക്കാതിരിക്കാനും പരസ്പരം സഹായിക്കാനും കളിക്കളങ്ങൾ പഠിപ്പിക്കും. പല സ്കൂളുകളും കളികളുടെ പ്രാധാന്യം പൂർണമായും അവഗണിക്കുകയാണ്. രക്ഷിതാക്കളുടെയും സ്കൂളിന്റെയും പഠിക്കാൻ പറ്റാത്തതിന്റെയും സമ്മർദം കുട്ടികളെ ബാധിക്കുന്നുണ്ട്. ലഹരി വിൽപന തടയുന്നതിനായി സ്കൂൾ, തൊഴിൽ പരിസരങ്ങളും നിരന്തര നിരീക്ഷണവിധേയമായിരിക്കണം.



**ഡോ. വി വേണു**
**മുൻ ചീഫ് സെക്രട്ടറി**

യിട്ടുണ്ട്. 3511 സ്കൂൾ പരിസരം, 1150 ബസ് സ്റ്റാൻഡ് പരിസരം, 328 റെയിൽവേ സ്റ്റേഷൻ പരിസരം, 469 ലേബർ ക്യാമ്പുകൾ എന്നിവിടങ്ങളിൽ മാർച്ചിൽ പരിശോധന നടത്താൻ എക്സൈസിന് കഴിഞ്ഞു.

## വേണ്ടത് ജാഗ്രതയും പിന്തുണയും

ജനങ്ങളുടെ പൂർണ്ണമായ സഹകരണത്തോടെ മാത്രമേ പുതിയ തലമുറയെ മയക്കമരുന്നിന്റെ കെണിയിൽ നിന്ന് രക്ഷപ്പെടുത്താൻ കഴിയുകയുള്ളൂ. ജനപങ്കാളിത്തത്തോടെ സംസ്ഥാനത്തെ എല്ലാ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലെ മുഴുവൻ വാർഡുകളിലും വിമുക്തി കമ്മിറ്റികൾ സർക്കാർ രൂപീകരിച്ചു. മയക്കമരുന്നിലേക്ക് വഴുതിവീണവരെ രക്ഷപ്പെടുത്തി സമൂഹത്തിന്റെ മുഖ്യധാരയിലേക്ക് കൊണ്ടുവരാനും ക്രിമിനൽ സ്വഭാവത്തോടെ മയക്കമരുന്ന് ഉപയോഗവും വിപണനവും നടത്തുന്നവർക്കെതിരെ കർശനമായ നടപടികൾ സ്വീകരിക്കാനുമാണ് സർക്കാർ ഉദ്ദേശിക്കുന്നത്. ലഹരിവസ്തുക്കളുടെ ഉൽപാദനം, വിതരണം, ഉപയോഗം എന്നീ മേഖലകളിലുള്ളവരെ അതിൽ നിന്ന് പിന്തിരിപ്പിച്ച് സമൂഹത്തിന്റെ മുഖ്യധാരയിലേക്ക് കൊണ്ടുവരാനുള്ള പ്രവർത്തനം സംസ്ഥാന സർക്കാർ തുടരുക തന്നെ ചെയ്യും.

മയക്കമരുന്ന് വ്യാപനത്തെ കക്ഷിരാഷ്ട്രീയത്തിന്റെ മാനദണ്ഡം വെച്ചല്ല സമീപിക്കേണ്ടത്. ഏത് വീട്ടിലും ഈ വിപത്ത് കടന്നുവന്നേക്കാം. അതിനാൽ കക്ഷിരാഷ്ട്രീയ, ജാതി, മത, ലിംഗ ഭേദത്തിനതീതമായി എല്ലാവരും യോജിച്ചുനിന്ന് ഈ വിപത്തിനെ എതിർക്കേണ്ടതുണ്ട്. മയക്കമരുന്നാണ് പ്രധാന ശത്രു. പോരാട്ടം അതിനെതിരാകണം. മയക്കമരുന്നിന് ഇരകളായ മനുഷ്യരോട് അനുഭാവപൂർണ്ണമായ സമീപനമാണ് വേണ്ടത്. മയക്കമരുന്ന് ഉൽപാദനം, വിപണനം എന്നീ മേഖലകളിൽ പ്രവർത്തിക്കുന്നവരും ജനശത്രുക്കളാണ്. അവരോട് വിട്ടുവീഴ്ചയില്ലാത്ത നിലപാടാണ് സ്വീകരിക്കുക. മയക്കമരുന്നിലേക്ക് വഴുതിവീഴാതെ പുതിയ തലമുറയെ കാക്കുന്നതിനോടൊപ്പം അതിന് ഇരകളായിപ്പോയവരെ രക്ഷിച്ചെടുത്ത് സമൂഹത്തിന്റെ മുഖ്യധാരയിലേക്ക് മടക്കിക്കൊണ്ടുവരാനുള്ള സ്നേഹപൂർണ്ണമായ ശ്രമങ്ങൾ എല്ലാവരും യോജിച്ച് നടത്തേണ്ടതാണ്. വീടും നാടും ഇക്കാര്യത്തിൽ ജാഗ്രതയോടെ പെരുമാറേണ്ടതുണ്ട്. വീടുകളിലും വിദ്യാഭ്യാസ സ്ഥാപനങ്ങളിലും കുട്ടികളോടുള്ള ആശയവിനിമയം കുറേക്കൂടി ജൈവികതയുള്ളതായിത്തീരണം. കുട്ടികളുടെ കേവലമായ ഭൗതികാവശ്യങ്ങൾ നടത്തിക്കൊടുക്കുക മാത്രമല്ല അവരോടുള്ള കടമ. സ്നേഹപൂർണ്ണവും ആത്മാർത്ഥവും തുറന്നതുമായ ആശയവിനിമയം വളരെ പ്രധാനമാണ്. പാഠപുസ്തകങ്ങൾക്കു പുറത്തുള്ള സർഗാത്മക ലോകത്തിൽ അവരെ സജീവ പങ്കാളികളാക്കാൻ കഴിയണം. ലോകത്ത് നടക്കുന്ന ചലനങ്ങൾ അവരും നന്നായി മനസ്സിലാക്കാൻ അവസരമൊരുക്കണം.




എല്ലാ മേഖലകളിലും വ്യാപിക്കുന്ന ഒരു പ്രതിരോധമാണ് മയക്കമരുന്നിനെതിരെ സമൂഹം സ്വീകരിക്കേണ്ടത്. സർക്കാർ സംവിധാനങ്ങൾ കൊണ്ട് മാത്രം നിയന്ത്രിക്കാൻ കഴിയുന്ന വിപത്തല്ല മയക്കമരുന്ന് വ്യാപനം. ജനങ്ങളാകെ ഉണർന്നിരുന്ന് നേരിടേണ്ട വിപത്താണ്. ഈ പ്രാധാന്യത്തോടെ മയക്കമരുന്ന് വിപത്തിനെ നേരിടാൻ എല്ലാവരുടെയും സഹകരണം, അഭ്യർഥിക്കുകയാണ്.■

**വി. ശിവൻകുട്ടി**
പൊതുവിദ്യാഭ്യാസവും തൊഴിലും വകുപ്പ് മന്ത്രി



NO TO DRUGS

**നമ്മുടെ വിദ്യാലയങ്ങളും തൊഴിൽമേഖലകളുമൊക്കെ സാർഥകമായ പ്രതിരോധങ്ങളായിത്തീരുമ്പോഴേ, ലഹരി എന്ന മഹാമാരിക്കെതിരായ യുദ്ധം വിജയമാകൂ. അതിന് നമുക്ക് ഒറ്റക്കെട്ടായി പ്രയത്നിക്കാം**

# ജീവിതമാവണം ലഹരി




ഫോട്ടോ: എ ആർ അരുൺരാജ്



തിരുവനന്തപുരം ചന്ദ്രശേഖരൻ നായർ സ്റ്റേഡിയത്തിൽ സുംബാ ഡാൻസ് പരിശീലനം നടത്തുന്ന കുട്ടികൾക്കൊപ്പം മന്ത്രി വി ശിവൻകുട്ടി




ഇന്നത്തെ സാമൂഹിക സാഹചര്യത്തിൽ അതിവേഗം പടരുന്ന ലഹരി ഉപയോഗം നമ്മുടെ കുട്ടികളെയും തൊഴിലാളികളെയും ഏറെ പ്രതികൂലമായി ബാധിക്കുന്ന ഗൗരവകരമായ പ്രശ്നമായി മാറിയിരിക്കുന്നു. വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ നിന്നും ജോലിസ്ഥലങ്ങളിലേക്കും നീളുന്ന ഈ പ്രതിസന്ധിയെ നേരിടുന്നതിൽ കേരള സർക്കാരിന്റെ വിവിധ വകുപ്പുകൾ ഒന്നിച്ച് അണിചേർന്ന് പോരാടേണ്ടതിന്റെ ആവശ്യകതയാണ് ചൂണ്ടിക്കാണിക്കുന്നത്. അതുകൊണ്ടാണ് ബഹുമാനപ്പെട്ട മുഖ്യമന്ത്രി തന്നെ ഇക്കാര്യത്തിൽ മുൻകൈ എടുക്കുന്നത്. ഈ പശ്ചാത്തലത്തിൽ പൊതുവിദ്യാഭ്യാസ വകുപ്പ്, തൊഴിൽ വകുപ്പ് എന്നിവ ലഹരിവിരുദ്ധ പ്രവർത്തനങ്ങളെ പ്രഥമ കർമ്മമാക്കിയിട്ടുള്ളത് കാലഘട്ടത്തിന്റെ ആവശ്യകതയാണ്.


## പഠനരംഗത്തെ പ്രതിരോധം

വിദ്യാലയങ്ങൾക്ക് വിദ്യാർഥികളെ ലഹരിവലയിൽ നിന്ന് തീർച്ചയായും വിമുക്തരാക്കാനാവും. ലഹരി ഉപയോഗം സ്കൂൾതലത്തിലേക്ക് പോലും വ്യാപിച്ചുകൊണ്ടിരിക്കുന്ന ഈ കാലഘട്ടത്തിൽ, കുട്ടികളെ ഇതിൽ നിന്ന് രക്ഷപ്പെടുത്തുന്നതിനായി സ്കൂളുകളെ തന്നെ പ്രതിരോധ കവചമാക്കാൻ പൊതുവിദ്യാഭ്യാസ വകുപ്പ് പദ്ധതികൾ ആവിഷ്കരിച്ച് നടപ്പാക്കുകയാണ്. ലഹരിവിരുദ്ധ സന്ദേശം പാഠ്യസാമഗ്രികളിലൂടെയും അധ്യാപനരീതികളിലൂടെയും നൽകാൻ വേണ്ട നടപടി കൈക്കൊണ്ടിട്ടുണ്ട്. അധ്യാപക പരിശീലനവും നടക്കുന്നു.

പഠനത്തിൽ പിന്നാക്കം നിൽക്കുന്ന കുട്ടികളെ തിരിച്ചറിഞ്ഞ് അവർക്ക് പ്രതീക്ഷ നഷ്ടപ്പെടാതിരിക്കാൻ വേണ്ട ഇടപെടലുകൾ നടത്തുന്നുണ്ട്. എല്ലാ വിദ്യാർഥികളുടെയും പഠനവിജയം ഏറ്റക്കുറച്ചിലോടെ അംഗീകരിക്കപ്പെടണം.

പരാജയബോധം മറക്കാൻ ലഹരി അന്വേഷിക്കുന്നത് ഒഴിവാക്കാൻ ഇടപെടണം. സ്കൂൾ സംവിധാനങ്ങളെ ആകർഷകമാക്കുന്നതും ലഹരിയിൽ നിന്ന് വിദ്യാർഥികളെ പ്രതിരോധിക്കാൻ സഹായിക്കും. എല്ലാ വിദ്യാർഥികൾക്കും പരിഗണന ലഭിക്കുംവിധം പാഠശാലകളിലെ വിവിധ പ്രവർത്തനങ്ങൾ മാറണം.

സർഗാത്മകതയെ പ്രോത്സാഹിപ്പിക്കുന്ന കലോത്സവങ്ങൾ, കാർഷിക പ്രവർത്തനങ്ങൾ, സൗഹൃദ കായികമത്സരങ്ങൾ, സ്കൂൾ / ക്ലാസ് തലങ്ങളിൽ ചലച്ചിത്രോത്സവം, ഷോർട്ട് ഫിലിം നിർമ്മാണം, വിദ്യാർഥി പ്രസിദ്ധീകരണങ്ങൾ തുടങ്ങിയവയുടെ ആവിഷ്കാരത്തിലൂടെ സ്കൂൾ ക്യാംപസുകൾ വിദ്യാർഥികൾക്ക് ആത്മവിശ്വാസം നൽകുന്ന വേദിയായി മാറുന്നു. സ്കൂൾ തലത്തിൽ പ്രവർത്തിക്കുന്ന ജാഗ്രതാസമിതികൾക്ക് എല്ലാവിധ പിന്തുണയും വിദ്യാഭ്യാസ വകുപ്പ് നൽകുന്നുണ്ട്. ഒപ്പം രക്ഷിതാക്കൾക്ക് ബോധവൽക്കരണം നൽകുന്ന പരിപാടികളും ഏറ്റെടുത്തിട്ടുണ്ട്. സർക്കാരിന്റെ



വര: അലീന ജോസഫ്

കൺസ്ട്രക്ഷൻ സൈറ്റുകൾ, ഇൻഡസ്ട്രിയൽ യൂണിറ്റുകൾ, കൊറിയർ സർവീസുകൾ, ഓൺലൈൻ ഡെലിവറി പ്ലാറ്റ്ഫോമുകൾ തുടങ്ങിയ ഇടങ്ങളിൽ പോസ്റ്ററുകൾ, സ്റ്റിക്കറുകൾ, വീഡിയോ ഡിസ്‌പ്ലേകൾ, ഭാഷപരമായ ബോധവൽക്കരണങ്ങൾ എന്നിവയിലൂടെ ഇടപെടലുകൾ നടത്തുന്നു.

വിവിധ തൊഴിൽ മേഖലകളിൽ ഉച്ചഭാഷിണികൾ വഴി സന്ദേശങ്ങൾ, ഡോക്ടർമാരുടെയും എക്സൈസ് ഉദ്യോഗസ്ഥരുടെയും നേതൃത്വത്തിൽ ക്ലാസുകൾ, സൗജന്യ കൗൺസിലിങ് കേന്ദ്രങ്ങൾ എന്നിവയൊക്കെ പദ്ധതിയുടെ ഭാഗങ്ങളാണ്. സ്ഥാപന ഉടമകൾക്കും മാനേജർമാർക്കും അവരുടെ ജീവനക്കാരെ ലഹരിവലയിൽ നിന്ന് തിരിച്ചറിയാനുള്ള പരിശീലനങ്ങളും നൽകുന്നു.

## രക്ഷിതാക്കളും അധ്യാപകരും പൊതുസമൂഹവും ശ്രദ്ധിക്കണം

വർധിച്ചുവരുന്ന ലഹരി ഉപയോഗം നാടിനെ നടുക്കുന്നതും മനുഷ്യത്വരഹിതവുമായ പല കുറ്റകൃത്യങ്ങൾക്കും കാരണമാകുന്നു. ലഹരി ഉപയോഗം സൃഷ്ടിക്കുന്ന ശാരീരിക, മാനസിക, ആരോഗ്യ പ്രശ്നങ്ങളും വലുതാണ്. സ്കൂളുകൾ കേന്ദ്രീകരിച്ച് ലഹരി ചേർത്ത മിഠായികൾ, പാനീയങ്ങൾ, ഐസ്ക്രീം എന്നിവയും ലഹരിഗുളികകളും വ്യാപകമാണ്. പല സ്കൂളുകളുടെയും സമീപത്തുള്ള ചെറുകച്ചവടക്കാരും മറ്റും ഇത്തരം ലഹരിവസ്തുക്കളുടെ വില്പനക്കാരായി മാറുന്നുണ്ട്. നിരോധിത പുകയില ഉൽപന്നങ്ങളും വ്യാപകമാകുന്ന പ്രവണത ഉണ്ട്. ഇതിനെ ശക്തമായി പ്രതിരോധിക്കാനാകണം.

വിവിധ ഏജൻസികളെ സ്കൂളുകളുമായി ബന്ധപ്പെടുത്താൻ വേണ്ട നടപടികളും എടുക്കുന്നുണ്ട്.

## ഡിജിറ്റൽ സാധ്യതകളുടെ ഉപയോഗം

ഡിറ്റിപി, പേജ് സെറ്റിങ്, ലേ ഔട്ട് തുടങ്ങിയ ഐ.ടി പാഠഭാഗങ്ങൾ ഉൾപ്പെടുത്തി കുട്ടികളുടെ ഭാഗത്തുനിന്നുള്ള പോസ്റ്റർ നിർമ്മാണം, ലഹരി വിരുദ്ധ ഡിജിറ്റൽ പ്രസിദ്ധീകരണം തുടങ്ങിയവയെ പ്രോത്സാഹിപ്പിക്കുന്നു. ഹയർ സെക്കൻഡറി തലത്തിൽ വിദ്യാർഥികളുടെ പ്രതിമാസ മാസികകൾ ഉണ്ടാക്കാനുള്ള നിർദേശങ്ങൾ മികച്ച ഫലം ഉണ്ടാക്കുന്നുണ്ട്. എഴുതാനും വരയ്ക്കാനും കഴിയുന്ന കുട്ടികൾ അതിനൊപ്പം അണിചേരണം.
കുട്ടികളുടെ തന്നെ എഡിറ്റോറിയൽ ബോർഡും പ്രവർത്തിക്കട്ടെ. സാമൂഹിക മാധ്യമങ്ങൾ വഴിയുള്ള ഇടപെടലുകളും ശക്തമാക്കുന്നുണ്ട്. അതുപോലെ കുട്ടികളിൽ നേതൃശേഷി പ്രോത്സാഹിപ്പിക്കണം. മികച്ച നേതൃത്വപരിശീലനം വിദ്യാലയങ്ങളിൽ സജീവമാക്കാനും പാഠ്യപദ്ധതിയുടെ ഭാഗമാക്കാനുമുള്ള പ്രവർത്തനങ്ങളും നടപ്പാക്കാം.

**കുട്ടികളിൽ നേതൃശേഷി പ്രോത്സാഹിപ്പിക്കണം. മികച്ച നേതൃത്വപരിശീലനം വിദ്യാലയങ്ങളിൽ സജീവമാക്കാനും പാഠ്യപദ്ധതിയുടെ ഭാഗമാക്കാനുമുള്ള പ്രവർത്തനങ്ങളും നടപ്പാക്കാം**

## തൊഴിലിടങ്ങളിൽ ജാഗ്രത

അതിഥി തൊഴിലാളികൾക്കിടയിലും സ്വകാര്യ സ്ഥാപനങ്ങളിലുമാണ് ലഹരി ഉപയോഗം വർധിച്ചിരിക്കുന്നത്.
ഈ സാഹചര്യത്തിൽ തൊഴിൽ വകുപ്പ് ആസൂത്രിതമായ പദ്ധതികളുമായി മുന്നോട്ട് പോകുകയാണ്.

2025 മെയ് 20 മുതൽ 26 വരെയുള്ള ആഴ്ചയിൽ ആരോഗ്യ, എക്സൈസ്, തദ്ദേശവകുപ്പുകളുമായി ചേർന്ന് അതിഥി തൊഴിലാളികൾക്കിടയിൽ ബോധവൽക്കരണ പരിപാടികൾ, മെഡിക്കൽ ക്യാമ്പുകൾ എന്നിവ സംഘടിപ്പിക്കും.

# കൃത്യമായ റിപ്പോർട്ടിങ് നടക്കുന്നത് കേരളത്തിൽ മാത്രം

കോവിഡ് സമയത്ത് കേരളത്തിൽ മാത്രമാണ് രോഗബാധ എന്ന് തെറ്റിദ്ധരിച്ചിരുന്നു. അത് ശരിയായ റിപ്പോർട്ടിങ് കേരളത്തിൽ മാത്രം നടന്നതുകൊണ്ടാണ്. ഇതുതന്നെയാണ് ലഹരി ഉപയോഗത്തിന്റെ കാര്യത്തിലും സംഭവിക്കുന്നത്. കൃത്യമായ റിപ്പോർട്ടിങ് ഇവിടെ നടക്കുന്നതിനാൽ കേരളത്തിൽ ലഹരി ഉപയോഗം വർധിക്കുന്നു എന്ന തെറ്റിദ്ധാരണ ഉണ്ടാവുകയാണ്. 26 കോടി ജനങ്ങളുള്ള ഒരു സംസ്ഥാനത്ത് 15000 ലഹരി കേസുകൾ മാത്രം റിപ്പോർട്ട് ചെയ്യുന്നത് അവിടെ കേസുകൾ ശരിയായി കണ്ടെത്തി റിപ്പോർട്ട് ചെയ്യാത്തതുകൊണ്ടാണ്. കേരളം ശരിയായ രീതിയിലാണ് ഈ വിഷയം കൈകാര്യം ചെയ്യുന്നത്. ലഹരി വസ്തുക്കൾ എന്ത് എന്നതുമുതൽ എങ്ങനെ അവ നമ്മെ ബാധിക്കുന്നു എന്നതുവരെ എല്ലാ കാര്യങ്ങളും കുട്ടികളെ പഠിപ്പിക്കണം. ലഹരിവിരുദ്ധ ബോധവത്കരണം പാഠ്യപദ്ധതിയുടെ ഭാഗമാക്കണം. എട്ട് മുതൽ 12 വരെ ക്ലാസ്സുകളിൽ ഇത് നിർബന്ധമാക്കണം. സിനിമയോ കലയോ കുട്ടിയെ ഇത്തരത്തിൽ സ്വാധീനിക്കില്ല. സമൂഹത്തെ സഹായിക്കുന്ന നായകനെ കണ്ട് കുട്ടികൾ നന്മ പഠിക്കുന്നില്ലല്ലോ. സിനിമ കണ്ടുകഴിഞ്ഞ് പുറത്തിറങ്ങുന്ന കുട്ടിക്ക് കളിക്കാൻ കളിക്കളങ്ങൾ വേണം. കായികാധ്വാനവും കളിയുടെ ലഹരിയും അറിയുന്ന കുട്ടിയെ ഒരു ലഹരിയും സ്വാധീനിക്കില്ല. ഇപ്പോൾ ക്രൂരതകൾ നിറഞ്ഞ സിനിമ കണ്ടിറങ്ങുന്ന കുട്ടി നേരെ പോകുന്നത് മൊബൈലിലേക്കും റീൽസിലേക്കുമാണ്. അവന് മനസ്സിലുള്ളത് എഴുതാനോ പറയാനോ അറിയില്ല. താരാരാധന യാഥാർഥ്യമാണെങ്കിൽ താരങ്ങളെ തന്നെ ബോധവത്കരണത്തിന് ഉപയോഗിക്കണം.



**ഋഷിരാജ് സിംഗ്**
മുൻ ഡിജിപി

ലഹരിക്ക് അടിമപ്പെടുന്ന വിദ്യാർഥികൾ കേരളത്തിന്റെ വലിയൊരു സാമൂഹികപ്രശ്നം തന്നെയാണ്. ലഹരിവിമുക്ത ഭാവി കേരളമെന്ന് ലക്ഷ്യം കൈവരിക്കാൻ വിദ്യാർഥികൾ ലഹരി വസ്തുക്കൾക്കതീതരായേ മതിയാകൂ. ജീവിതം തന്നെയാണ് അവർക്കു ലഹരിയാകേണ്ടത്.

## മാതൃകയാകേണ്ടവർ മാറ്റണം ലഹരിശീലം

വിദ്യാർഥികൾ ലഹരിയിലേക്ക് ആകർഷിക്കപ്പെടുന്നതിൽ മുതിർന്നവർ വഹിക്കുന്ന പങ്ക് ചെറുതല്ല. ബോധപൂർവമല്ലാത്ത ഒട്ടേറെ സാഹചര്യങ്ങൾ അതിലേക്ക് കുട്ടികളെ നയിക്കുന്നുണ്ട്. മുതിർന്നവർക്കായി ലഹരിവസ്തുക്കൾ എത്തിച്ചുകൊടുക്കാൻ വിധേയരാകുന്ന കുട്ടികളാണ് ഇതിന്റെ ഒന്നാമത്തെ ഇരകൾ.



അച്ഛനോ കുടുംബത്തിലെ മറ്റ് മുതിർന്നവർക്കോ വേണ്ടി  വാങ്ങി എത്തിക്കുന്നതിന് കുട്ടികളെ ഉപയോഗിക്കുന്നു. ഇത് ലഹരി ഉപയോഗം സാധാരണ ജീവിതത്തിന്റെ ഭാഗമാണെന്ന ധാരണ കുട്ടികളിൽ സൃഷ്ടിക്കും.

ബോധപൂർവം ലഹരിവാഹകരായി വിദ്യാർഥികളെ വിധേയരാക്കുന്നത്  ഗൗരവമായി കാണണം. പൊലീസ് ഉൾപ്പെടെയുള്ള സംവിധാനങ്ങൾക്ക് മുന്നിൽ വിദ്യാർഥികളെ  മറയാക്കി സുരക്ഷിതമായി ലഹരിവിനിമയം നടത്തുന്ന സംഘമാണ് ഇക്കൂട്ടർ. ലഹരിയെ ആഘോഷമാക്കുന്ന ചിത്രങ്ങളും വീഡിയോകളും  വിദ്യാർഥികളെ ആകർഷിക്കുന്നു. സാമൂഹികമായ ഇത്തരം സാഹചര്യങ്ങൾ ഒഴിവാക്കാൻ ബോധപൂർവമായ ഇടപെടൽ ആവശ്യമാണ്. വിപുലമായ ബോധവൽക്കരണവും സംവിധാനങ്ങളുടെ പഴുതടച്ച പ്രവർത്തനവും ഡിജിറ്റൽ സംവിധാനങ്ങളുടെ ഉപയോഗം സംബന്ധിച്ച് കൃത്യമായ തിരിച്ചറിവ് പകരലുമൊക്കെയാണ് പ്രതിരോധ മാർഗങ്ങൾ. ■

**വി അബ്ദുറഹിമാൻ**
കായിക, ന്യൂനപക്ഷ ക്ഷേമ വകുപ്പ് മന്ത്രി



NO TO DRUGS

**കായികവഴിയിലൂടെ ലഹരിയെ തുരത്തുക എളുപ്പമാണ്. ഈ ലക്ഷ്യവും കൂടി മുന്നിൽക്കണ്ടാണ് കായികനയത്തിന്റെ ആധാരശില 'എല്ലാവർക്കും കായികം' രൂപപ്പെടുത്തിയത്.**

# കളിക്കളങ്ങൾ പ്രതിരോധമാവും



കായികവകുപ്പ് സംഘടിപ്പിക്കുന്ന ലഹരിവിരുദ്ധ സന്ദേശ യാത്ര കാസർഗോഡ് എത്തിയപ്പോൾ മന്ത്രി വി അബ്ദുറഹിമാൻ കായികതാരങ്ങൾക്കൊപ്പം

ലഹരിയെന്ന മാരകവിപത്തിൽ നിന്നും നമ്മുടെ കുട്ടികളെയും യുവജനങ്ങളെയും സംരക്ഷിക്കാൻ മുഖ്യമന്ത്രിയുടെ നേതൃത്വത്തിൽ സംസ്ഥാന സർക്കാർ വിപുലമായ പരിപാടികൾ ആസൂത്രണം ചെയ്ത് നടപ്പാക്കുകയാണ്. ഇക്കാര്യത്തിൽ കായികവകുപ്പിന് സുപ്രധാനമായ പങ്ക് വഹിക്കാനുണ്ട്. മയക്കുമരുന്നുപോലുള്ള ലഹരി വസ്തുക്കൾക്കെതിരായ ഏറ്റവും ഫലപ്രദമായ പ്രതിരോധം കളികളാണ്. സുസ്ഥിര വികസനത്തിനുള്ള പ്രധാന മാർഗം കായികപ്രവർത്തനമാണെന്ന പ്രമേയം 2024 നവംബറിൽ യുഎൻ അംഗീകരിച്ചിട്ടുണ്ട്.

നമ്മുടെ കുട്ടികൾ കളിക്കളങ്ങളിൽനിന്ന് അകന്നു. കുട്ടികൾ ഡിജിറ്റൽ ലോകത്ത് ഒതുങ്ങിയതും കളിക്കാനുള്ള സംവിധാനങ്ങളുടെ പരിമിതിയും പഠനത്തിന്റെയും മറ്റും പേരിൽ അമിതസമ്മർദം ചെലുത്തുന്നതുമെല്ലാം ഇതിന് കാരണങ്ങളാണ്. കുട്ടികളിൽ ജീവിതശൈലീരോഗങ്ങൾ അടക്കമുള്ള പ്രശ്നങ്ങൾ വർധിക്കുകയാണ്. ഈ സാഹചര്യത്തിലാണ് കായികക്ഷമതാ മിഷൻ എന്ന ദൗത്യം കായിക വകുപ്പ് ആരംഭിച്ചത്. പ്രായഭേദമെന്യേ എല്ലാവരെയും വ്യായാമത്തിലേക്കും കളികളിലേക്കും ആകർഷിക്കുകയാണ് മിഷന്റെ ലക്ഷ്യം. ഈ ലക്ഷ്യം മുൻനിർത്തിയാണ് തദ്ദേശ സ്ഥാപന സ്പോർട്സ് കൗൺസിലുകൾ രൂപവൽക്കരിച്ചത്. രാജ്യത്ത് ആദ്യമായാണ് പഞ്ചായത്ത്, മുൻസിപ്പൽ, കോർപ്പറേഷൻ തല സ്പോർട്സ് കൗൺസിലുകൾ പ്രവർത്തനം തുടങ്ങുന്നത്.

കളിക്കളങ്ങൾ ഇല്ല എന്നത് കേരള

ത്തിൽ വലിയൊരു പോരായ്മയായിരുന്നു. എന്നാൽ, കഴിഞ്ഞ ഒൻപത് വർഷം 3500 കോടി രൂപയാണ് സർക്കാർ കളിക്കളങ്ങൾക്കായി ചെലവഴിക്കുന്നത്. വൻകിട സ്റ്റേഡിയങ്ങളും സാധാരണ കളിക്കളങ്ങളും ഉൾപ്പെടെ 500ഓളം പ്രവൃത്തികളാണ് പൂർത്തിയാക്കിയത്. ഒരു പഞ്ചായത്തിൽ ഒരു കളിക്കളം എന്ന സ്വപ്നപദ്ധതി വലിയ മാറ്റത്തിന് വഴിയൊരുക്കുകയാണ്. എട്ട് കളിക്കളങ്ങൾ പൂർത്തിയായി. 76 കളിക്കളങ്ങളുടെ നിർമ്മാണം പൂർത്തിയാകുന്നു. ഈ കളിക്കളങ്ങളിൽ ഓപ്പൺ ജിം, വാക്ക് വേ തുടങ്ങിയ സൗകര്യങ്ങളുണ്ട്. പ്രദേശത്തെ ജനങ്ങൾക്ക് ഒത്തുകൂടാനുള്ള കേന്ദ്രം കൂടിയാണിത്. സംസ്ഥാനത്ത് കായിക വകുപ്പ് 16 വൻകിട ഫിറ്റ്നസ് സെന്ററുകൾ ആരംഭിച്ചിട്ടുണ്ട്. അഞ്ച് എണ്ണം കൂടി ഉടൻ പൂർത്തിയാകും. 16 ഓപ്പൺ ജിമ്മുകളും നിർമ്മിച്ചു.

## ലഹരിവിരുദ്ധ സന്ദേശയാത്ര

എല്ലാവരെയും കളിക്കളങ്ങളിൽ എത്തിക്കാനുള്ള ഉത്തരവാദിത്വം സംസ്ഥാന കായികവകുപ്പ് ഏറ്റെടുക്കുകയാണ്. നമ്മുടെ കുട്ടികളെയും യുവജനങ്ങളെയും ലഹരിയിൽ നിന്ന് മോചിപ്പിക്കാനും ലഹരി ഉപയോഗത്തിലേക്ക് നീങ്ങാതിരിക്കാനും പ്രേരിപ്പിക്കുന്ന തരത്തിൽ കേരളത്തിലെ 14 ജില്ലകളിലും സമഗ്രമായ ഫിറ്റ്നസ് ബോധവൽക്കരണമാണ് ലക്ഷ്യമിട്ടുന്നത്. ഇതിന്റെ ഭാഗമായി സംസ്ഥാന കായിക വകുപ്പിന്റെ നേതൃത്വത്തിൽ ലഹരിവിരുദ്ധ സന്ദേശയാത്ര ആരംഭിച്ചു. മേയ് 5 ന് കാസർഗോട് നിന്ന് ആരംഭിച്ച യാത്ര മേയ് 22ന് എറണാകുളത്ത് മറൈൻഡ്രൈവിൽ സമാപിക്കും. ലഹരിവിരുദ്ധ സന്ദേശയാത്ര കായികമന്ത്രിയുടെ നേതൃത്വത്തിൽ 14 ജില്ലകളിലും പര്യടനം നടത്തുന്നുണ്ട്. സമൂഹത്തിന്റെ നാനാതുറയിലുള്ളവർ യാത്രയിൽ പങ്കെടുക്കും. കായികതാരങ്ങളും കായിക സംഘാടകരും മുന്നണിയിലുണ്ടാകും.

യാത്രയ്ക്ക് മുന്നോടിയായി തദ്ദേശ സ്ഥാപന സ്പോർട്സ് കൗൺസിലുകളും ജില്ലാ സ്പോർട്സ് കൗൺസിലും ചേർന്ന് ഓരോ ജില്ലയിലും പ്രചാരണ, കായിക പരിപാടികൾ സംഘടിപ്പിച്ച് വരികയാണ്. ഓരോ ജില്ലയിലും മിനി മാരത്തൺ, ജില്ലയിലെ രണ്ടോ മൂന്നോ കേന്ദ്രങ്ങളിൽ സൈക്ലത്തോൺ, വാക്കത്തോൺ, കായിക പ്രദർശനം എന്നിവ ഉണ്ടാകും. എല്ലാ കായികസംഘടനകളും യാത്രയിൽ പങ്കാളികളാവുകയും വിവിധ കായിക ഇനങ്ങൾ പ്രദർശിപ്പിക്കുകയും ചെയ്യും.



കളിക്കളങ്ങൾ വീണ്ടെടുക്കുന്നത് യാത്രയിലെ പ്രധാന ദൗത്യമാണ്. സംസ്ഥാനത്തിന്റെ വിവിധ ഇടങ്ങളിൽ കാടുപിടിച്ചും ഉപേക്ഷിക്കപ്പെട്ടും കിടക്കുന്ന കളിക്കളങ്ങൾ പുനരുദ്ധാരണം ചെയ്ത് കുട്ടികൾക്ക് കളിക്കാനായി വിട്ടുനൽകും. ഈ കളിക്കളങ്ങളിൽ സ്പോർട്സ് കിറ്റ് വിതരണം ചെയ്യും. ഓരോ കേന്ദ്രത്തിലും ലഹരിവിരുദ്ധ പ്രതിജ്ഞ ചൊല്ലും.

കാര്യക്ഷമതയുള്ള, ആരോഗ്യമുള്ള ഭാവി തലമുറയെ സൃഷ്ടിക്കാൻ നമുക്ക് ഒരുമിച്ച് നിൽക്കാം. കേരളത്തിന്റെയാകെ നന്മ ലക്ഷ്യമിട്ടുള്ള ഈ മഹാദൗത്യത്തിൽ എല്ലാവരും സജീവപങ്കാളികളാകണം. ■

> **കളിക്കളങ്ങൾ വീണ്ടെടുക്കുന്നത് യാത്രയിലെ പ്രധാന ദൗത്യമാണ്. സംസ്ഥാനത്തിന്റെ വിവിധ ഇടങ്ങളിൽ കാടുപിടിച്ചും ഉപേക്ഷിക്കപ്പെട്ടും കിടക്കുന്ന കളിക്കളങ്ങൾ പുനരുദ്ധാരണം ചെയ്ത് കുട്ടികൾക്ക് കളിക്കാനായി വിട്ടുനൽകും.**

"ഉടലും ഉയിരും
ഉരുകും മാരക
ലഹരികൾ വേണ്ടേ വേണ്ട.
മനവും തനുവും തളരും മാദക
ലഹരികൾ വേണ്ടേ വേണ്ട
ബോധത്തെളിമ വളർത്തും
ജീവിത ലഹരിയതൊന്നുമതി
ജീവിതമധുമയ ലഹരി മതി

എത്ര മനോഹരമാണീ ലോകം
ചുറ്റും കാണുക കൺനിറയെ..
സ്വപ്നം കാണാം സത്യം തേടാം
കാരുണ്യം പകരാം.
പക്ഷികൾ തുമ്പികൾ
വൃക്ഷലതാദികൾ
നൃത്തം ചെയ്യും ലഹരി മതി
മഴയുടെ ലഹരിമതി, പുലരി-
പ്പൊൻവെയിൽ ലഹരി മതി...


എത്ര ഭയാനകമേ മരണത്തിൽ
മുക്കിയെടുത്ത വെളുത്ത പൊടി..
ബോധാ ബോധത്തെളിമ
കെടുത്തി
ജീവനെ വരിയും പുകവള്ളി
സൗഹൃദ ലഹരി മതി, യറിവിൻ,
പാട്ടിൻ ലഹരി മതി ..
ജീവിതമെന്ന മഹാ സൗഭാഗ്യം
നൽകും ലഹരി മതി.."



**റഫീക്ക് അഹമ്മദ്**

പാട്ട് കേൾക്കാൻ
QR കോഡ്
സ്കാൻ ചെയ്യുക

മഹിപാൽ യാദവ് ഐ പി എസ്
എഡിജിപി & എക്സൈസ് കമ്മീഷണർ



വിമുക്തി മിഷന്റെയും എക്സൈസ് വകുപ്പിന്റെയും നേതൃത്വത്തിൽ ലഹരിവിരുദ്ധ ബോധവൽക്കരണ പ്രവർത്തനങ്ങൾ വിവിധ വകുപ്പുകളുടെയും സന്നദ്ധസംഘടനകളുടെയും സഹകരണത്തോടെ സംസ്ഥാനമൊട്ടാകെ നടപ്പിലാക്കുന്നു

# വിമുക്തി നേടാം വിജയം കൊയ്യാം



ലഹരിവിമുക്തി ബോധവത്കരണത്തിന് വിദ്യാർഥികൾക്കായി സംഘടിപ്പിച്ച ചെസ് ടൂർണമെന്റ്

കണ്ണൊന്നു തെറ്റിയാൽ, ശ്രദ്ധയൊന്നു മാറിയാൽ കുട്ടികൾ ഉൾപ്പെടെയുള്ളവരെ പൊതുസമൂഹത്തിന് ഭീഷണിയാക്കിമാറ്റാൻ സാധ്യതയുള്ളതാണ് രാസലഹരികൾ. മദ്യപാനത്തിനും മയക്കുമരുന്ന് ദുരുപയോഗത്തിനുമെതിരായ ബോധവൽക്കരണ ക്യാമ്പയിനുകൾ കൂടുതൽ ശക്തിപ്പെടുത്തുന്നതിനും ലഹരിവർജനം എന്ന ആശയം ഉയർത്തിപ്പിടിക്കുന്നതിനുമായി 2016 ഒക്ടോബറിൽ വിമുക്തി മിഷൻ (കേരളസംസ്ഥാന ലഹരിവർജന മിഷൻ - വിമുക്തി) കേരളത്തിൽ ആരംഭിച്ചു. വിദ്യാഭ്യാസം, ആരോഗ്യം, തദ്ദേശ സ്വയംഭരണം, സാമൂഹികനീതി, വനിതാ-ശിശുവികസനം, പോലീസ് തുടങ്ങിയ സർക്കാർ വകുപ്പുകളുടെയും എൻ.എസ്.എസ്, എസ്.പി.സി, എൻ.സി.സി, സ്കൗട്സ് & ഗൈഡ്സ്, ലഹരി വിരുദ്ധ ക്ലബ്ബുകൾ, റസിഡന്റ്സ് അസോസിയേഷനുകൾ, കലാകായിക ക്ലബ്ബുകൾ, സന്നദ്ധസംഘടനകൾ എന്നിവയുടെ സഹായത്തോടെയും ഏകോപനത്തോടെയും വിമുക്തി മിഷൻ വിവിധങ്ങളായ ബോധവൽക്കരണ പ്രവർത്തനങ്ങൾ സംഘടിപ്പിച്ചുവരുന്നു.

**വിമുക്തി മിഷൻ പ്രവർത്തനങ്ങൾ പ്രധാനമായും മൂന്ന് ഘട്ടങ്ങളായാണ് നടപ്പാക്കുന്നത്**

1. ബോധവൽക്കരണം
2. കൗൺസലിങ്
3. ലഹരിമുക്ത ചികിത്സ

## ബാല്യം അമൂല്യം

തെറ്റായ പ്രവണതകൾ കുട്ടികളിലേക്ക് കടന്നുവരാതിരിക്കുന്നതിന് ചെറിയ പ്രായം മുതൽ തന്നെ കുട്ടികളെ പ്രാപ്തരാക്കുക എന്ന ലക്ഷ്യത്തോടെ ആരംഭിച്ച പദ്ധതിയാണ് 'ബാല്യം അമൂല്യം'. സ്വഭാവരൂപവൽക്കരണത്തിനും ജീവിതനൈപുണികൾ സ്വാംശീകരിക്കുന്നതിന് കുട്ടികളെ സഹായിക്കുന്നതിനും പ്രൈമറി തലത്തിലെ കുട്ടികളുടെ രക്ഷിതാക്കളെയും അധ്യാപകരെയും ഉൾപ്പെടുത്തിയാണ് പദ്ധതി നടപ്പാക്കുന്നത്. പൈലറ്റ് പ്രോജക്റ്റ് ആയി 140 പ്രൈമറി സ്കൂളുകൾ തിരഞ്ഞെടുത്ത് പദ്ധതി നടപ്പാക്കി.




## ലഹരിക്കെതിരെ കായികലഹരി

ലഹരിക്കെതിരെ കായികലഹരി എന്ന ആശയം മുൻനിർത്തി വിദ്യാലയങ്ങളിൽ കളിയിടങ്ങൾ ഒരുക്കുക, കായിക ഉപകരണങ്ങൾ നൽകുക എന്നീ ഉദ്ദേശ്യങ്ങളോടെ നടപ്പാക്കിയ ഉണർവ് പദ്ധതി, സംസ്ഥാനത്ത് ഇതുവരെ ആകെ 29 സ്കൂളുകളിൽ നടപ്പാക്കി. സ്കൂളുകളിൽ വിവിധ കായിക ഇനങ്ങളിൽ സ്പോർട്സ് ടീമുകൾ രൂപീകരിക്കുന്ന പദ്ധതിയായ ടീം വിമുക്തി, നിലവിൽ 1000 സ്കൂളുകളിൽ ടീമുകൾ രൂപീകരിച്ചു.

## നേർവഴിക്കായി നേർക്കൂട്ടവും ശ്രദ്ധയും

ലഹരിയുടെ ഉപയോഗം മൂലം വിദ്യാർഥികളുടെ സ്വഭാവത്തിലുണ്ടാകുന്ന മാറ്റങ്ങളും പെരുമാറ്റവൈകല്യങ്ങളും അധ്യാപകരുടെ സഹായത്തോടെ കണ്ടെത്തി അവ പരിഹരിച്ച് ജീവിതത്തിന്റെ മുഖ്യധാരയിലേക്ക് എത്തിക്കുന്ന പദ്ധതിയാണ് 'നേർവഴി'. സ്കൂൾ തലത്തിൽ ആന്റി നാർക്കോട്ടിക് ക്ലബ്ബുകൾ രൂപവൽക്കരിച്ചും കോളേജ് ക്യാമ്പസുകളിൽ 'നേർക്കൂട്ടം'എന്ന പേരിലും കോളേജ് ഹോസ്റ്റലുകളിൽ 'ശ്രദ്ധ' എന്ന പേരിലും കമ്മിറ്റികൾ രൂപീകരിച്ച് പ്രവർത്തനങ്ങൾ നടത്തുന്നു. നിലവിൽ 5642 സ്കൂളുകളിലും 890 കോളേജുകളിലും ആന്റി നാർക്കോട്ടിക് ക്ലബ്ബുകളുണ്ട്. 1020 നേർക്കൂട്ടം കമ്മിറ്റികളും 512 ശ്രദ്ധ കമ്മിറ്റികളും ഈ വർഷം സംഘടിപ്പിച്ചു.

## തെളിവാനം വരയ്ക്കുന്നവർ

രക്ഷിതാക്കൾക്കും അധ്യാപകർക്കും അവബോധം നൽകുന്നതിനായി 'കരുതൽ' എന്ന പേരിലും വിദ്യാർഥികളെ ബോധവൽക്കരിക്കുന്നതിനായി 'കവചം' എന്ന പേരിലും ക്രിയാത്മകമായ പ്രവർത്തനങ്ങളിലൂടെ ബോധവൽക്കരണം നടത്തുന്നതിനായി എസ്ഇആർടിയുമായി സഹകരിച്ച് 'തെളിവാനം വരയ്ക്കുന്നവർ' എന്ന പേരിലും കൈപ്പുസ്തകങ്ങൾ തയ്യാറാക്കി പ്രസിദ്ധീകരിച്ചു. വിമുക്തി മിഷന്റെ ഔദ്യോഗിക സാമൂഹികമാധ്യമങ്ങളിലും ഇവ ലഭ്യമാണ്.

## കൗൺസലിങ്, ഡീ-അഡിക്ഷൻ പ്രവർത്തനങ്ങൾ

ലഹരിക്കെതിരെ സാമൂഹിക പ്രതിരോധം തീർക്കുക എന്ന ലക്ഷ്യത്തോടെ തദ്ദേശ സ്വയംഭരണ സ്ഥാപനതലത്തിൽ വാർഡ് കമ്മിറ്റികൾ പുനഃസംഘടിപ്പിച്ച് വ്യാജമദ്യം, മയക്കുമരുന്ന്, നിരോധിത പുകയില ഉൽപന്നങ്ങൾ എന്നിവ സംബന്ധിച്ച വിവരങ്ങൾ ശേഖരിക്കുന്നു. ലഹരിക്കടിമപ്പെട്ടവരെ കണ്ടെത്തി എക്സൈസ് വകുപ്പിന്റെ നേതൃത്വത്തിൽ കൗൺസലിങ്/ചികിത്സ എന്നിവ നൽകുന്നു. 2024ൽ മാത്രം 3384 വാർഡ്തല കമ്മിറ്റികൾ കൂടുകയും റിപ്പോർട്ട് ചെയ്യപ്പെട്ട പ്രശ്നങ്ങൾക്ക് പരിഹാരം കാണുകയും ചെയ്തിട്ടുണ്ട്. ലഹരിയുമായി ബന്ധപ്പെട്ട പരാതികൾ അറിയിക്കുന്നതിന് 94471 78000 എന്ന നമ്പർ പ്രയോജനപ്പെടുത്താം. സോഷ്യോളജി, സൈക്കോളജി വിഷയങ്ങളിൽ ബിരുദാനന്തര ബിരുദവും/എംഎസ്ഡബ്ല്യു യോഗ്യതയുമുള്ള എക്സൈസ് ഉദ്യോഗസ്ഥർക്ക് നിംഹാൻസ് മുഖേന കൗൺസലിങ് പ്രവർത്തനങ്ങൾക്കായി പരിശീലനം നൽകി വിമുക്തി മെന്റർമാർ ആയി വിദ്യാലയങ്ങളിലും വീടുകളിലും കുട്ടികൾക്ക് പ്രാഥമിക കൗൺസലിങ് നൽകിവരുന്നു. വിമുക്തി

## സൗജന്യ കൗൺസലിങ്ങ്

വിമുക്തി മിഷന്റെ കീഴിൽ തിരുവനന്തപുരം, എറണാകുളം, കോഴിക്കോട് ജില്ലകളിൽ മേഖല കൗൺസലിങ്ങ് കേന്ദ്രങ്ങളുണ്ട്. ടോൾ ഫ്രീ നമ്പർ 14405. ഫോണിലും നേരിട്ടും കൗൺസലർമാരുടെ സൗജന്യസേവനം ലഭിക്കും. രാവിലെ 8 മണി മുതൽ രാത്രി 8 വരെയാണ് സേവനം. തിരുവനന്തപുരം നെയ്യാറ്റിൻകര ജനറൽ ആശുപത്രിയിലും കോഴിക്കോട് ബീച്ച് ആശുപത്രിയിലും മേഖല ഡീ-അഡിക്ഷൻ സെന്റർ പ്രവർത്തിക്കുന്നു. ആരോഗ്യവകുപ്പിന്റെ സഹകരണത്തോടെ ജില്ല/താലൂക്ക് ആശുപത്രിയോടനുബന്ധിച്ച് 14 ജില്ലകളിലും വിമുക്തി ഡീ-അഡിക്ഷൻ സെന്ററുകളുണ്ട്. സെന്ററുകൾ മുഖേന 2025 ഫെബ്രുവരി വരെ 1,40,479 പേർക്ക് ഒ.പിയിലും 11,277 പേർക്ക് ഐ.പിയിലും ചികിത്സ നൽകി. മേഖല കൗൺസലിങ് കേന്ദ്രങ്ങൾ വഴി 2025 ഫെബ്രുവരി വരെ 23,356 പേർക്ക് കൗൺസലിങ്ങ് നൽകിയിട്ടുണ്ട്.

# തുടർ നിരീക്ഷണവും പിന്തുണയും ഉറപ്പാക്കണം

കുട്ടികൾ കൂടുതൽ സമയം ചെലവഴിക്കുന്നത് വിടിനകത്താണ്. കുടുംബാന്തരീക്ഷം ആരോഗ്യകരമായിരിക്കണം. മാതാപിതാക്കളുമായി എന്തുവിഷയവും ചർച്ച ചെയ്യാൻ കുട്ടികൾക്ക് സാധിക്കണം. രക്ഷിതാക്കൾ റോൾ മോഡൽ ആവണം. സാമൂഹിക ജീവിതത്തിന്റെ ബാലപാഠങ്ങൾ കുട്ടികൾ പഠിക്കുന്നത് വീട്ടിൽനിന്നാണ്. ലഹരിബോധവത്കരണം രക്ഷിതാക്കൾക്കും നൽകണം. ഇത്തരം സംഭവങ്ങൾ കുടുംബത്തിനകത്തുണ്ടായാൽ അത് ഒളിച്ചുവെക്കാൻ ശ്രമിക്കുകയല്ല വേണ്ടത്. ബന്ധപ്പെട്ടവരെ വിവരം അറിയിക്കണം. ലഹരിക്ക് അടിമപ്പെടുന്നവരെ രോഗിയായി കണ്ട് ചികിത്സയും പിന്തുണയും നൽകണം. ചികിത്സയ്ക്ക് ശേഷവും തുടർ നിരീക്ഷണവും സാമൂഹിക പിന്തുണയും ഉറപ്പാക്കണം.

**ഡോ. ബി പദ്മകുമാർ**
**പ്രിൻസിപ്പാൾ, കൊല്ലം മെഡിക്കൽ കോളേജ്**

മെന്റേഴ്സ് മുഖേന 2025 മാർച്ച് വരെ കുട്ടികൾ ഉൾപ്പെടെ 3970 പേർക്ക് പ്രാഥമിക കൗൺസലിങ് നൽകി. ജീവിതനൈപുണികളെ അടിസ്ഥാനമാക്കി ബോധവൽക്കരണ ക്ലാസ്സുകൾ കൈകാര്യം ചെയ്യുന്നതിന് 142 എക്സൈസ് ഉദ്യോഗസ്ഥർക്ക് പരിശീലനം നൽകി. 2024ൽ സ്കൂൾ തലത്തിൽ 59,917, കോളേജ്തലത്തിൽ 5825 ലഹരിവിരുദ്ധ ബോധവൽക്കരണ പരിപാടികൾ സംഘടിപ്പിച്ചു. 2025ൽ ആദ്യ രണ്ട് മാസങ്ങളിൽ മാത്രം സ്കൂൾ തലത്തിൽ 10,371, കോളേജ് തലത്തിൽ 1141 ക്ലാസുകൾ നടത്തി.

ആദിവാസി-തീരദേശ മേഖലകളിൽ ലഹരിവർജന പ്രവർത്തനങ്ങൾക്ക് പ്രത്യേക ശ്രദ്ധനൽകുന്നു. ജനമൈത്രി എക്സൈസ് സ്ക്വാഡിന്റെ നേതൃത്വത്തിൽ ഇടുക്കി, പാലക്കാട്, മലപ്പുറം, വയനാട് ജില്ലകളിൽ ആദിവാസിമേഖലകൾ കേന്ദ്രീകരിച്ച് മെഡിക്കൽ ക്യാമ്പുകൾ, ബോധവൽക്കരണ ക്ലാസുകൾ, ശിൽപശാലകൾ, കരിയർ ഗൈഡൻസ് ക്ലാസുകൾ/പിഎസ്‌സി പരിശീലന ക്ലാസുകൾ, പിഎസ്‌സി രജിസ്ട്രേഷൻ ക്യാമ്പുകൾ, പഠനം ഉപേക്ഷിക്കുന്ന കുട്ടികളെ കണ്ടെത്തി തിരികെ വിദ്യാലയങ്ങളിൽ എത്തിക്കുന്ന പദ്ധതി, ക്വിസ് പ്രോഗ്രാമുകൾ എന്നിവ നടത്തുന്നു. പിഎസ്‌സി പരിശീലനത്തിന്റെ ഭാഗമായി നിലവിൽ 51 പേർക്ക് സർക്കാർ ജോലി ലഭിച്ചിട്ടുണ്ട്. ആദിവാസി-തീരദേശ മേഖലകളിൽ യുവാക്കളെ ആരോഗ്യപരിപാലനത്തിൽ താൽപര്യം ജനിപ്പിക്കുന്നതിനും ലഹരിയിൽനിന്നും പിന്തിരിപ്പിക്കുന്നതിനുമായി ഇടുക്കി, തൃശ്ശൂർ, മലപ്പുറം, കണ്ണൂർ, വയനാട്, കൊല്ലം ജില്ലകളിൽ ഫിറ്റ്നെസ് കേന്ദ്രങ്ങൾ സജ്ജീകരിച്ചു.




എക്സൈസ് വകുപ്പ്, വിമുക്തി മിഷൻ എന്നിവയുടെ നേതൃത്വത്തിൽ പൊതുജനാഭിപ്രായ സർവെ നടത്തി. ഈ പഠനത്തിനായി 26 വ്യത്യസ്ത വിഭാഗങ്ങളിലെ 62,693 വ്യക്തികളിൽ നിന്നും വിവരം ശേഖരിച്ചു. ഇതിലെ ശിപാർശകൾ സർക്കാരിന് സമർപ്പിച്ച് അംഗീകാരം നേടി തുടർനടപടികൾ സ്വീകരിച്ചുവരുന്നു. ലഹരിവിരുദ്ധ പ്രചാരണം ലക്ഷ്യം വച്ചുള്ള സന്ദേശങ്ങൾ തയ്യാറാക്കി വിവിധ അച്ചടി/ദൃശ്യ/ശ്രാവ്യ മാധ്യമങ്ങളിലൂടെയും ഫെയ്സ്ബുക്ക്, ട്വിറ്റർ, യൂട്യൂബ്, ഇൻസ്റ്റഗ്രാം വാട്സ്ആപ്പ് തുടങ്ങിയ നവമാധ്യമങ്ങളിലൂടെയും പ്രചരിപ്പിച്ചു വരുന്നു. അതിഥിതൊഴിലാളി മേഖലകളിൽ ദ്വിഭാഷി സേവനം ഉപയോഗിച്ചുള്ള ബോധവൽക്കരണം നിയമാവബോധം എന്നിവയും വിവിധ ബോധവൽക്കരണ പരിപാടികൾ മെഡിക്കൽ ദന്തൽ ക്യാമ്പുകൾ എന്നിവയും സംഘടിപ്പിച്ചു വരുന്നു.

കുട്ടികളിലെ ലഹരി ഉപയോഗം ഇല്ലാതാക്കുന്നതിന് മറ്റ് വകുപ്പുകളുമായി ഏകോപിപ്പിച്ച് പ്രവർത്തനങ്ങൾ നടത്താൻ ഹൈക്കോടതി ജഡ്ജിമാരുടെ അധ്യക്ഷതയിൽ ചേർന്ന റീജിയണൽ ജുഡീഷ്യൽ കൊളോക്യം നിർദേശിച്ചിരുന്നു. ഇതിന്റെ അടിസ്ഥാനത്തിൽ സ്കൂളുകളിൽ നടത്തേണ്ട പ്രവർത്തനങ്ങൾ ഉൾപ്പെടുത്തി മാതൃക നടപടിക്രമം (SOP) തയ്യാറാക്കി. ഇത് പ്രകാരം എല്ലാ ജില്ലകളിലും കുട്ടികൾക്കായി കൗൺസലർമാരുടെ പാനലുകൾ രൂപീകരിച്ചു.

മയക്കമരുന്ന് വ്യാപനത്തിനെതിരെ ജനകീയ പങ്കാളിത്തത്തോടെ സാമൂഹിക പ്രതിരോധം തീർക്കുന്നതിനായി സർക്കാർ എല്ലാ വിഭാഗം ജനങ്ങളെയും അണിനിരത്തി 2022 ഒക്ടോബർ 2 മുതൽ ആരംഭിച്ച ലഹരിവിരുദ്ധ ക്യാമ്പയിൻ നാല് ഘട്ടങ്ങൾ പൂർത്തിയാക്കി. അഞ്ചാം ഘട്ടം ആരംഭിക്കുന്നതിനുള്ള പ്രാരംഭ നടപടികൾ സ്വീകരിച്ചു. വിദ്യാലയപരിസരത്തെ വ്യാപാരസ്ഥാപനങ്ങളിൽ അധ്യയന വർഷം ആരംഭിക്കുന്നതിന് മുമ്പ് ആവശ്യമായ പരിശോധനകൾ നടത്തി, ലഹരിവസ്തുക്കൾ വിൽക്കുന്നില്ലെന്ന് ഉറപ്പുവരുത്താൻ വേണ്ട ശക്തമായ എൻഫോഴ്സ്മെന്റ് പ്രവർത്തനങ്ങൾ നടത്തുന്നു.■

വി. എ. പ്രദീപ്
ജോയിന്റ് എക്സൈസ് കമ്മീഷണർ



NO TO DRUGS

ചെറിയ അളവിൽ പോലും മയക്കുമരുന്നുകൾ കൈവശം വയ്ക്കുന്നതും ഉപയോഗിക്കുന്നതും വിൽക്കുന്നതും മയക്കുമരുന്ന് സൂക്ഷിക്കുന്നതിന് സൗകര്യം ചെയ്തുകൊടുക്കുന്നതും മയക്ക് മരുന്നിനത്തിൽപ്പെട്ട ചെടികൾ കൃഷിചെയ്യുന്നതും കുറ്റകരമാണ്.



# തടവ് മുതൽ വധശിക്ഷ വരെ

## അറിയാം മയക്കുമരുന്നിനെതിരെയുള്ള നിയമങ്ങൾ

അതിമാരക വിഭാഗത്തിൽപ്പെടുന്ന സിന്തറ്റിക് ലഹരി മരുന്ന് ഉപയോഗം ഉയർത്തുന്ന വെല്ലുവിളി ചെറുതല്ല. ലഹരിവസ്തുക്കളോടുള്ള അമിതമായ ആസക്തി ലഹരിക്കടിമപ്പെടുന്ന കുട്ടികളെ ലഹരിപദാർഥങ്ങൾ വാങ്ങുന്നതിനുള്ള പണം കണ്ടെത്തുന്നതിനായി ഏതറ്റം വരെയും പോകുമെന്ന മാനസികാവസ്ഥയിലേക്കെത്തിക്കുന്നു. ഈ സാഹചര്യത്തിൽ എത്തിപ്പെടുന്ന കുട്ടികളെ ലഹരി മാഫിയകൾ പല രീതിയിലും ചൂഷണം ചെയ്യുന്നുണ്ട്. ലഹരി വർജനത്തിലൂടെ ലഹരിവിമുക്തമായ ഒരു നവകേരളം സൃഷ്ടിക്കുക എന്ന ലക്ഷ്യത്തോടെ സംസ്ഥാന ലഹരിവർജന മിഷനായ 'വിമുക്തി'യിലൂടെ ബോധവൽക്കരണ പ്രവർത്തനങ്ങൾ നടത്തിയും കർശന

## ബോധവത്കരണത്തോടൊപ്പം ശിക്ഷണവും ശക്തമാക്കണം

സിനിമ ഉൾപ്പെടെയുള്ള സമൂഹ മാധ്യമങ്ങളുടെ സ്വാധീനവും ചീത്ത കൂട്ടുകെട്ടും വ്യക്തിഗത ദുഃഖങ്ങളും സാമൂഹിക സമ്മർദ്ദങ്ങളും, മാതൃകയാകേണ്ട മാതാപിതാക്കളുടെ ലഹരി ഉപയോഗവുമെല്ലാം ഒരു വ്യക്തിയെ ലഹരിയിലേക്ക് അടുപ്പിക്കുന്നു. ഇതൊഴിവാക്കാൻ ലഹരിയുടെ ദോഷവശങ്ങളെക്കുറിച്ചുള്ള അവബോധമാണ് സമൂഹത്തിൽ ആദ്യം തന്നെ ഊട്ടിയുറപ്പിക്കേണ്ടത്. ലഹരിയുടെ സ്രോതസ്സ് കണ്ടെത്തുകയും ശിക്ഷാ നടപടികൾ കർശനമാക്കുകയും ചെയ്യണം. ഒപ്പം ഇതിൽ കുടുങ്ങിപ്പോയവരെ ചേർത്തുപിടിക്കാനും സൗജന്യമായി ചികിത്സിക്കാനുമുള്ള സംവിധാനങ്ങൾ ഉണ്ടാവുകയും വേണം. ഇത്തരത്തിലുള്ള പ്രവർത്തനങ്ങൾ കേരള സർക്കാരിന്റെ ഭാഗത്തുനിന്നും ഉണ്ടാകുന്നുവെന്നത് പ്രതീക്ഷാനിർഭരമാണ്. ഒരുതരത്തിലുള്ള ലഹരിവസ്തുക്കളും ഒരിക്കൽപ്പോലും ഉപയോഗിക്കുകയില്ല എന്ന് കുട്ടിക്കാലത്തുതന്നെ സ്വയം പ്രതിജ്ഞയെടുക്കുക എന്നതാണ് നമുക്ക് ചെയ്യാൻ കഴിയുന്ന ഏറ്റവും വലിയ കാര്യം. അതിന് പിന്തുണ നൽകി അധ്യാപകരും രക്ഷിതാക്കളും നിയമപാലകരും മാതൃകകൾ ആകുക.



**ഷാജു കടയ്ക്കൽ**
മജീഷ്യൻ

പരിശോധനകളും നിയമനടപടികളും സ്വീകരിച്ചും കേരളസർക്കാർ മുന്നോട്ടുപോവുകയാണ്.

ചെറിയ അളവിൽ പോലും മയക്കമരുന്നുകൾ കൈവശം വയ്ക്കുന്നതും ഉപയോഗിക്കുന്നതും വിൽക്കുന്നതും മയക്കമരുന്ന് സൂക്ഷിക്കുന്നതിന് സൗകര്യം ചെയ്തു കൊടുക്കുന്നതും മയക്ക് മരുന്നിനത്തിൽപ്പെട്ട ചെടികൾ കൃഷിചെയ്യുന്നതും കുറ്റകരമാണ്. പൊതുസ്ഥലത്ത് മദ്യപിക്കുന്നതും പുകവലിക്കുന്നതും 23 വയസ്സിൽ താഴെ പ്രായമുള്ളവർക്ക് മദ്യം വിൽക്കുന്നതും ശിക്ഷാർഹമാണ്.

### എന്താണ് എൻഡിപിഎസ് ആക്ട്?

1985 ൽ നിലവിൽ വന്ന നാർക്കോട്ടിക് ഡ്രഗ്സ് ആൻഡ് സൈക്കോട്രോപിക് സബ്സ്റ്റൻസസ് ആക്ട് (NDPS Act) ആണ് ഇന്ത്യയിൽ മയക്കമരുന്നുപയോഗവും അളവ് നിശ്ചയിക്കലും നിയന്ത്രിക്കുന്നത്. ലഹരി വസ്തുക്കളുമായി ബന്ധപ്പെട്ട നിയമങ്ങൾ ക്രോഡീകരിക്കുക, ഏകോപിപ്പിക്കുക, വിൽപനയും വിതരണവും കർശനമായി നിരോധിക്കുക,അതിനെതിരെയുള്ള നടപടികൾ സ്വീകരിക്കുക എന്നതാണ് ഈ നിയമത്തിന്റെ പ്രധാന ലക്ഷ്യങ്ങൾ. ദ്രാവകരൂപത്തിൽ ലഭിക്കുന്ന ലഹരിവസ്തുക്കളുടെ നിയന്ത്രണ വ്യവസ്ഥകൾ അബ്കാരി നിയമത്തിന്റെ പരിധിയിൽ വരുന്നതാണ്.

എൻഡിപിഎസ് ആക്ടിലെ 2(viia) പ്രകാരം 'കമേഴ്സ്യൽ ക്വാണ്ടിറ്റി' എന്നത് നിശ്ചയിക്കുന്നു. ലഹരിയുടെ അളവ്, തരം എന്നിവയെ ആശ്രയിച്ചാണ് ശിക്ഷയുടെ തോതും.

### കുറ്റവും ശിക്ഷയും

എൻ.ഡി.പി.എസ് ആക്ട് പ്രകാരം മയക്കമരുന്നുകൾ വ്യാവസായിക അളവിൽ (Commercial quantity) കൈവശം വയ്ക്കുകയോ, കടത്തിക്കൊണ്ടു വരികയോ ചെയ്യുന്ന ഒരു വ്യക്തിക്ക് 10 മുതൽ 20 വർഷം വരെ കഠിനതടവും ഒരു ലക്ഷം മുതൽ രണ്ട് ലക്ഷം രൂപ വരെ പിഴ ശിക്ഷയും വ്യവസ്ഥ ചെയ്യുന്നു. കൂടാതെ എൻ.ഡി.പി.എസ് കേസിലെ കുറ്റകരമായ ഗൂഢാലോചന തെളിഞ്ഞാൽ ശിക്ഷാകാലാവധി 20 മുതൽ 40 വർഷം വരെയായി ഉയരും. ഒരിക്കൽ വ്യാവസായിക അളവ് കേസിൽ പിടിക്കപ്പെടുകയും ശിക്ഷിക്കപ്പെടുകയും ചെയ്തയാൾ, വീണ്ടും അത്തരം കേസുകളിൽ ശിക്ഷിക്കപ്പെട്ടാൽ എൻ.ഡി.പി.എസ് ആക്ട് പ്രകാരം വധശിക്ഷ വരെ ലഭിക്കാം.

മയക്കമരുന്ന് വ്യാപാരവുമായി ബന്ധപ്പെട്ട് സാമ്പത്തിക സഹായം നൽകുന്നതും മയക്കമരുന്ന് കൈവശപ്പെടുത്താൻ ശ്രമിക്കുന്നതും മയക്കമരുന്നിന്റെ വിൽപനയും വിതരണവുമായി ബന്ധപ്പെട്ട ഗൂഢാലോചനയിൽ പങ്കെടുക്കുന്നതും ശിക്ഷാർഹമാണ്. കമേഴ്ഷ്യൽ ക്വാണ്ടിറ്റി കേസിൽപ്പെടുന്ന പ്രതികൾ

> **എൻ.ഡി.പി.എസ് ആക്ട് പ്രകാരം മയക്കുമരുന്നുകൾ വ്യാവസായിക അളവിൽ (Commercial quantity) കൈവശം വയ്ക്കുകയോ, കടത്തിക്കൊണ്ടുവരികയോ ചെയ്യുന്ന ഒരു വ്യക്തിക്ക് 10 മുതൽ 20 വർഷം വരെ കഠിനതടവും ഒരു ലക്ഷം മുതൽ രണ്ട് ലക്ഷം രൂപ വരെ പിഴ ശിക്ഷയും വ്യവസ്ഥ ചെയ്യുന്നു**

### ദേശീയ ടോൾഫ്രീ നമ്പർ

**മയക്കുമരുന്ന് ദുരുപയോഗത്തിന്റെ ഇരകളെയും അവരുടെ കുടുംബങ്ങളെയും സമൂഹത്തെയും സഹായിക്കുന്നതിനുള്ള ദേശീയ ടോൾ-ഫ്രീ ഡ്രഗ് ഡീ-അഡിക്ഷൻ ഹെൽപ് ലൈൻ നമ്പറാണ്**
**1800-11-0031**



## നാർക്കോട്ടിക് പദാർഥങ്ങൾ

ഉയർന്ന തോതിൽ ആസക്തി ഉളവാക്കുന്ന വേദനസംഹാരിയായ, ഒരുതരത്തിലുള്ള മയക്കം ഉണ്ടാകുന്ന ലഹരിവസ്തു എന്നതാണ് 'നാർക്കോട്ടിക്' എന്ന പദത്തിന് നിർവചനം. എല്ലാ നാർക്കോട്ടിക്'പദാർഥങ്ങളും ലഹരി വസ്തുക്കളിൽപ്പെടുന്നുവെങ്കിലും എല്ലാ ലഹരിവസ്തുക്കളും നാർക്കോട്ടിക്' അല്ല. വൈദ്യശാസ്ത്ര പദത്തിൽ നിന്ന് ഏറെ വ്യത്യാസപ്പെട്ടതാണ് അതിന്റെ നിയമപരമായ വ്യാഖ്യാനം. വൈദ്യശാസ്ത്രപരമായി, ഉറക്കത്തിന് പ്രേരിപ്പിക്കുന്ന വസ്തുക്കൾക്കാണ് നാർക്കോട്ടിക് എന്ന പദം ഉപയോഗിക്കുന്നത്. എന്നാൽ, നിയമപരമായി നോക്കുമ്പോൾ, നാർക്കോട്ടിക്'പദാർഥത്തിൽ ഒപിയം, കാനാബിസ്, കൊക്കെയിൻ എന്നിവയൊക്കെ ഉൾപ്പെടുന്നു. എൻഡിപിഎസ് ആക്ടിലെ സെക്ഷൻ 2 (vi) പ്രകാരം നാർകോട്ടിക് പദാർഥങ്ങൾ കോക്ക ലീഫ്, കാനബിസ് (ഹെംപ്), ഒപിയം, പോപ്പി സ്ട്രോ എന്നിവയും ഇതിൽ നിന്നുണ്ടാക്കുന്ന മരുന്നുകളെയും ഉൾക്കൊള്ളുന്നതാണ്. അതുപോലെ, സെക്ഷൻ 2(xxiii) പ്രകാരം 'സൈക്കോട്രോപ്പിക് പദാർഥങ്ങൾ' എന്നത് പ്രകൃതിദത്തമായതോ കൃത്രിമമായതോ അല്ലെങ്കിൽ പ്രകൃതിദത്തമായി തന്നെ ഉടലെടുത്തതോ അതിന്റെ തയ്യാറാക്കിയ രൂപങ്ങളോ ആകാം. ആംഫെറ്റമിൻ, മെഥാക്വാലോൺ, ഡയസപാം, ആൽപ്രാസലാം, കെറ്റാമിൻ എന്നിവ പോലുള്ളവയും എൻഡിപിഎസ് നിയമത്തിന്റെ പട്ടികയിൽ ഉൾപ്പെടുത്തിയിട്ടുള്ള ലഹരിമരുന്നുകളാണ്.

കേസ് കണ്ടെടുത്ത തീയതി മുതൽ മുന്നോട്ടുള്ള ആറ് വർഷത്തിനുള്ളിൽ അവർ ആർജിച്ച എല്ലാ സ്വത്തുകളും സർക്കാരിലേക്ക് കണ്ടുകെട്ടാൻ വരെ നിയമം വ്യവസ്ഥ ചെയ്യുന്നു.

### അവസരമൊരുക്കുന്നതും കുറ്റകൃത്യം

ഒരു വ്യക്തി തന്റെ അറിവോടെ തന്നെ മറ്റൊരാൾക്ക് കുറ്റകൃത്യങ്ങളിൽ ഏർപ്പെടാൻ അവസരമോ സ്ഥലമോ നൽകിയാൽ അത്തരം വ്യക്തിക്ക് കുറ്റകൃത്യം ചെയ്തയാളിനെ അപേക്ഷിച്ച് സമാനമായ ശിക്ഷ ലഭിക്കും. എൻഡിപിഎസ് ആക്ടുമായി ബന്ധപ്പെട്ട കുറ്റകൃത്യം ചെയ്യാൻ ശ്രമിച്ചാൽ, അത്തരം വ്യക്തിയെ കുറ്റവാളിയായി കണക്കാക്കി സമാനശിക്ഷ നൽകും. കൂട്ടുചേരൽ (abetment) എന്നതിനെയും ക്രിമിനൽ ഗൂഢാലോചന (criminal conspiracy) എന്നതിൽ ഉൾപ്പെടുത്തി ഇതേ മാതൃകയിൽ ശിക്ഷ വിധിക്കുന്നതാണ്. എൻഡിപിഎസ് ആക്ട് സംബന്ധിച്ച കുറ്റകൃത്യങ്ങൾക്കായി ഒരുക്കങ്ങൾ നടത്തിയിട്ടുണ്ടെങ്കിൽ, അതിന് പകുതി ശിക്ഷ നൽകപ്പെടും. വിമുക്തി ചികിത്സയ്ക്കായി സ്വമേധയാ സന്നദ്ധരാകുന്നവർക്ക് നിയമനടപടികളിൽ നിന്ന് ഇളവുകളും നൽകുന്നുണ്ട്.

### ഇരയും കുറ്റവാളിയും

ലഹരിയുപയോഗത്തിന്റെയും അതിനോടുള്ള അമിത ആസക്തിയുടേയും കാര്യത്തിൽ, ഒരു വ്യക്തി ഒരേസമയം ഇരയും കുറ്റക്കാരനുമാണ്. ഇവയെ വിക്ടിംലെസ്സ് ക്രൈം (victimless crime) എന്ന വിഭാഗത്തിൽ ഉൾപ്പെടുത്താറുണ്ട്. ലഹരി ഉപയോഗിക്കുന്ന വ്യക്തി ആദ്യംതന്നെ അതിനോടുള്ള ആശ്രിതത്വം, ആരോഗ്യപ്രതിസന്ധി, ആത്മവിശ്വാസക്ഷയം എന്നിവ മൂലം മാനസിക-ശാരീരികതകർച്ചയ്ക്ക് വിധേയനാകുന്നു. അവരെ കുറ്റവാളിയായി മാത്രം കാണുന്നതിനു പകരം, ശുശ്രൂഷയും പുനരധിവാസ നടപടികളും കൂടി വേണ്ടിവരും.■

NO TO DRUGS

നിരോധിത മയക്കുമരുന്നുകളുടെ സംഭരണം, വിപണനം തുടങ്ങിയ പ്രവർത്തനങ്ങളിൽ ഏർപ്പെട്ടിരിക്കുന്നവരെ പിടികൂടുന്നതിനാണ് പൊലീസിന്റെ നേതൃത്വത്തിൽ ഓപ്പറേഷൻ ഡി ഹണ്ട് നടപ്പാക്കി വരുന്നത്.

# ശക്തമായ ലഹരിവേട്ടയുമായി ഡി-ഹണ്ട്



കേരളീയ സമൂഹം ഒന്നാകെ രാസലഹരിക്കെതിരെയുള്ള പോരാട്ടത്തിൽ മുഴുകിയിരിക്കുകയാണ്. പൊതുജനാരോഗ്യത്തിനും സുരക്ഷയ്ക്കും സമൂഹത്തിന്റെ ക്ഷേമത്തിനും അപകടസാധ്യത ഉണ്ടാക്കുന്ന മാരക വിപത്താണ് രാസലഹരി. ആഗോള ലഹരി പ്രവണതയുടെ പ്രതിഫലനമാണ് കേരളത്തിലും കാണുന്നത്. ഈ വെല്ലുവിളി നേരിടാൻ സംസ്ഥാന സർക്കാർ ശക്തമായ നടപടികളാണ് സ്വീകരിച്ചത്.

നിരോധിത മയക്കുമരുന്നുകളുടെ സംഭരണം, വിപണനം തുടങ്ങിയ പ്രവർത്തനങ്ങളിൽ ഏർപ്പെട്ടിരിക്കുന്നവരെ പിടികൂടുന്നതിനാണ് പൊലീസിന്റെ നേതൃത്വത്തിൽ ഓപ്പറേഷൻ ഡി ഹണ്ട് നടപ്പാക്കി വരുന്നത്. സർക്കാരിന്റെ വിവിധ വകുപ്പുക

ളും പൊതുസമൂഹവും കൈകോർത്തു നടത്തുന്ന പ്രവർത്തനങ്ങളിൽ മുൻനിരപോരാളികളായി പൊലീസും അണിനിരന്നു.

## പ്രവർത്തനങ്ങളും നടപടികളും

മയക്കുമരുന്ന് കടത്തുകാർക്കും അവരുടെ വിതരണ ശൃംഖലയ്ക്കുമെതിരെ കൃത്യമായ പരിശോധന നടത്തി നിയമനടപടികൾ സ്വീകരിക്കുന്ന ഡി-ഹണ്ട്, സംസ്ഥാന വ്യാപകമായി സ്പെഷ്യൽ ഡ്രൈവുകൾ സംഘടിപ്പിച്ചു വരുന്നു. ഇതിലൂടെ നിരവധി ലഹരികേസുകളാണ് പൊലീസ് പിടികൂടിയത്.ലഹരി വസ്തുക്കൾ കൈവശം വയ്ക്കുന്നവർ , അത്തരം പ്രവർത്തനങ്ങളെ പ്രേരിപ്പിക്കുന്നവർ അല്ലെങ്കിൽ ഗൂഢാലോചന നടത്തുന്നവർ എന്നിവർക്കെതിരെ നാർക്കോട്ടിക് ഡ്രഗ്സ് ആൻഡ് സൈക്കോട്രോപിക് സബ്സ്റ്റൻസസ് (എൻഡിപിഎസ്) നിയമത്തിലെ കർശനമായ വ്യവസ്ഥകൾ പ്രകാരം കേസെടുക്കും.

പൊതു ഇടങ്ങൾ, നിയമവിരുദ്ധ മയക്കുമരുന്ന് സംബന്ധമായ പ്രവർത്തനങ്ങൾക്ക് സാധ്യതയുള്ള പൊതുസ്ഥലങ്ങൾ, ടൂറിസ്റ്റ് കേന്ദ്രങ്ങൾ, ലേബർ ക്യാമ്പുകൾ, കോളേജ് ഹോസ്റ്റലുകൾ, സ്കൂൾ-കോളേജ് പരിസരങ്ങൾ, റിസോർട്ടുകൾ, ഹോട്ടലുകൾ, ലോഡ്ജുകൾ, ബാറുകൾ, ഡിജെ പാർട്ടി സർക്യൂട്ടുകൾ തുടങ്ങിയ ഇടങ്ങളിൽ പൊലീസ് നിരീക്ഷണം വർദ്ധിപ്പിച്ചിട്ടുണ്ട്.

**അറിയിക്കാം**
**സംശയനിവാരണം നടത്താം**

ആന്റി-നാർക്കോട്ടിക് സെൽ
9497979794, 9497927797

നാഷണൽ നാർക്കോട്ടിക് ഹെല്പ് ലൈൻ നമ്പർ 1933

പ്രോജക്റ്റ് യോദ്ധാവ്
9995966666
(വാട്സ് ആപ്പ്)

വിവരങ്ങൾ ഒരു ടെക്സ്റ്റ് സന്ദേശം, ഫോട്ടോ, വീഡിയോ അല്ലെങ്കിൽ വോയ്സ് സന്ദേശം ആയി അയക്കാവുന്നതാണ്. വിവരങ്ങൾ നൽകുന്ന ആളെ കുറിച്ചും പങ്കിടുന്ന വിവരങ്ങളും രഹസ്യമായി സൂക്ഷിക്കും.

## ഓപ്പറേഷൻ ഡി-ഹണ്ടിന്റെ വിജയം


ഡി-ഹണ്ട് ആരംഭിച്ചതിനുശേഷം, കേരളത്തിൽ മയക്കുമരുന്ന് വിൽപ്പനയിലും ഉപയോഗത്തിലും ഗണ്യമായ കുറവുണ്ടായിട്ടുണ്ട്.ഡി ഹണ്ടിലൂടെ ഇതുവരെ (മെയ് മൂന്ന് ) സംസ്ഥാന വ്യാപകമായി 12510 കേസുകൾ രജിസ്റ്റർ ചെയ്യുകയും 13135 പേരെ അറസ്റ്റ് ചെയ്യുകയും ചെയ്തിട്ടുണ്ട്. 6.792 കിലോഗ്രാം എംഡിഎംഎ, 845 .52 കിലോഗ്രാം കഞ്ചാവ്, 9176 കഞ്ചാവ് ബീഡികൾ എന്നിവ പിടിച്ചെടുത്തു. ഇവ കൂടാതെ കഞ്ചാവ്, ഹെറോയിൻ, മെത്താംഫെറ്റാമൈൻ എന്നിവയും പതിവായി പിടികൂടുന്ന പ്രധാന കള്ളക്കടത്തു വസ്തുക്കളാണ്. ഓപ്പറേഷൻ ഡി-ഹണ്ട് എൻഫോഴ്സ്മെന്റ് ഡ്രൈവ് എന്നതിലുപരി, മയക്കുമരുന്നിന്റെ പിടിയിൽ സമൂഹത്തെ സംരക്ഷിക്കുന്ന സർക്കാർ നടപടിയാണെന്നതിൽ സംശയമില്ല. ■

## കുറ്റകൃത്യങ്ങൾക്കുള്ള പ്രേരകശക്തി

പുതുതലമുറയെ സാരമായി ബാധിക്കുന്ന പ്രശ്നമാണ് മയക്കുമരുന്ന് ഉപയോഗം. നിരവധി ലഹരിവിരുദ്ധ ക്യാമ്പയിനുകൾ നടന്നിട്ടും ഈ പ്രതിസന്ധിക്ക് ശാശ്വത പരിഹാരം കാണാനാവുന്നില്ല. ഇന്നത്തെ യുവജനങ്ങൾ കടുത്ത പഠനസമ്മർദ്ദം, കൂട്ടുകാരുടെ സമ്മർദ്ദം, ദാരുണമായ അനുഭവങ്ങൾ പോലുള്ള പ്രശ്നങ്ങളും നേരിടുന്നു. ഈ സാഹചര്യത്തിൽ മയക്കുമരുന്നുകൾ ഒരു താത്കാലിക രക്ഷയായി തോന്നിയേക്കാം. പരീക്ഷണമെന്ന നിലയിൽ തുടക്കം പലപ്പോഴും അപകടകരമായ രീതിയിലേക്ക് മാറുന്നു. അതിന്റെ ദുരിതം വ്യക്തിപരം മാത്രമല്ല, കുടുംബങ്ങളെയും വിദ്യാഭ്യാസ സ്ഥാപനങ്ങളെയും സമൂഹത്തെയും തകർക്കുന്നു.

മയക്കുമരുന്ന് ഉപയോഗം കുറ്റകൃത്യങ്ങൾക്കും വഴിവെക്കുന്നുണ്ട്. അത് വിവേചനശേഷിയും വികാരനിയന്ത്രണവും ദുർബലപ്പെടുത്തുന്നു. പണം കണ്ടെത്താൻ വേണ്ടിയും ചില പ്രത്യേക മാനസികാവസ്ഥയിലും മയക്കുമരുന്ന് ഉപയോക്താക്കൾ മോഷണം, അക്രമം തുടങ്ങിയവയിൽ ഏർപ്പെടുന്നു. ലഹരിയുടെ ദീർഘകാല ഉപയോഗം ഒരാളുടെ ചിന്താശേഷിയെ സാരമായി ബാധിക്കും. ലൈംഗികാതിക്രമം, ഗാർഹിക പീഡനം, കൊലപാതകം തുടങ്ങിയ അതിക്രൂര കൃത്യങ്ങൾ പോലും മയക്കുമരുന്നിന്റെ സ്വാധീനത്തിൽ സംഭവിക്കാറുണ്ട്. ഇതിനുപുറമെ, മയക്കുമരുന്ന് വ്യാപാര ശൃംഖലകൾ യുവാക്കളെ ഉപയോഗിച്ച് കുറ്റകൃത്യങ്ങളിലേക്ക് ആകർഷിക്കുന്നുമുണ്ട്. തുടക്കത്തിൽ സാധാരണ ഉപഭോഗം പോലെ തോന്നുന്നത് പിന്നീട് വിതരണത്തിലോ ഗുണ്ടാപിടിയിലോ വരുമാനമാർഗങ്ങളിലോ ഉള്ള പങ്കാളിത്തമായി മാറുന്നു.

ഈ പ്രതിസന്ധി നേരിടാൻ ശിക്ഷാനടപടികൾ മതിയാകില്ല. സ്കൂളുകളും കോളേജുകളും പാഠ്യപദ്ധതികൾക്കൊപ്പം മാനസികാരോഗ്യ ബോധവത്കരണവും ജീവിതനൈപുണ്യ പരിശീലനവും ഉൾപ്പെടുത്തണം. കുടുംബങ്ങളിൽ വിശ്വാസപൂർണ്ണമായ സംവാദം വളർത്തണം. പുനരധിവാസ സേവനങ്ങൾ ആവശ്യമായ എല്ലാവർക്കും ലഭ്യമാകണം. ലഹരിമുക്തർക്ക് നല്ല മുന്നറിയിപ്പ് ദാതാക്കളാവാൻ കഴിയും. നിയമ സംവിധാനങ്ങൾ ലഹരി വിതരണശൃംഖലകളെ കർശനമായി നേരിടുകയും ഉപയോക്താക്കളെ പുനരധിവാസത്തിലേക്ക് നയിക്കുകയും ചെയ്യണം. യുവാക്കളെ കായികം, കല, നൈപുണ്യ വികസനം, സന്നദ്ധ സേവനം മുതലായ മേഖലകളിലേക്ക് ആകർഷിക്കണം.



**അനിത ഷാരോൺ ജോഷ്വ**
സൈക്കോളജി കൗൺസിലർ, മാർ ഇവാനിയോസ് കോളേജ്

ഗായത്രി ആർ നായർ



NO TO DRUGS

കുട്ടികളിലെ ഡിജിറ്റൽ ആസക്തി മാറ്റാനും സുരക്ഷിത ഇന്റർനെറ്റ് ഉപയോഗം പഠിപ്പിക്കാനുമുള്ള കേരള പൊലീസിന്റെ പദ്ധതിയാണ് ഡി- ഡാഡ് (ഡിജിറ്റൽ ഡി-അഡിക്ഷൻ)

## ഓപ്പറേഷൻ ഡി-ഡാഡ്



# ഡിജിറ്റൽ ആസക്തിക്കുമുണ്ട് ചികിത്സ

കുട്ടികളിലെ അമിത മൊബൈൽ ഫോൺ ഉപയോഗം, ഓൺലൈൻ ഗെയിം ആസക്തി, അശ്ലീല സൈറ്റുകൾ സന്ദർശിക്കൽ, സമൂഹ മാധ്യമങ്ങളിൽ കൂടുതൽ സമയം ചെലവഴിക്കൽ, വ്യാജ ഷോപ്പിങ് സൈറ്റുകളിലൂടെ പണം നഷ്ടപ്പെടൽ തുടങ്ങിയവ കൗൺസലിങ്ങിലൂടെ മാറ്റിയെടുക്കലാണ് ലക്ഷ്യം.സോഷ്യൽ പൊലീസിങ് ഡയറക്ടറേറ്റാണ് ഡിജിറ്റൽ ഡി-അഡിക്ഷൻ സെന്റർ (ഡി-ഡാഡ്) തിരുവനന്തപുരം, കൊല്ലം, എറണാകുളം, കോഴിക്കോട്, തൃശ്ശൂർ, കണ്ണൂർ ജില്ലകളിൽ ആരംഭിച്ചത്. 2025 ഏപ്രിൽ 28 വരെ, ഈ കേന്ദ്രങ്ങളിലൂടെ 1,791 കേസുകൾ കൈകാര്യം ചെയ്തിട്ടുണ്ട്

## ഡി-ഡാഡ് സെന്ററുകളുടെ ലക്ഷ്യങ്ങൾ

**നേരത്തെയുള്ള കണ്ടെത്തൽ:** സ്കൂളുകൾ, എൻജിഒകൾ, ഡോക്ടർമാർ, കമ്മ്യൂണിറ്റി നെറ്റ് വർക്കുകൾ എന്നിവയുമായി പ്രവർത്തിച്ചുകൊണ്ട് 18 വയസ്സിന് താഴെയുള്ള കുട്ടികളിൽ ഡിജിറ്റൽ അഡിക്ഷൻ കണ്ടെത്തുക.

**ശാസ്ത്രീയ ഇടപെടൽ:** അഡിക്ഷനിന്റെ മൂലകാരണങ്ങൾ മനസ്സിലാക്കുകയും ഉചിതമായ ചികിത്സ, തുടർനടപടികൾ എന്നിവ നൽകുക.

**ഡിജിറ്റൽ സാക്ഷരതയും അവബോധവും:** സുരക്ഷിതമായ ഡിജിറ്റൽ ശീലങ്ങളെക്കുറിച്ച് കുട്ടികൾ, മാതാപിതാക്കൾ, അധ്യാപകർ എന്നിവരെ ബോധവൽക്കരിക്കുക.

**നിയമപരമായ പിന്തുണ:** കുട്ടികൾക്ക് സഹായം നൽകുക, ആവശ്യമുള്ളപ്പോൾ പോലീസ് നടപടി ആരംഭിക്കുക, നിയമ ഏജൻസികളുമായി ഏകോപിപ്പിക്കുക.

**ഗവേഷണം:** ചികിത്സയ്ക്കുള്ള രീതികളും തന്ത്രങ്ങളും മെച്ചപ്പെടുത്തുന്നതിന് ഡിജിറ്റൽ അഡിക്ഷനും വ്യാപ്തിയും സ്വാധീനവും പഠിക്കുക.

**ആരോഗ്യകരമായ ഉപയോഗം പ്രോത്സാഹിപ്പിക്കുക:** വർക്ക്ഷോപ്പുകൾ വഴിയും നയങ്ങൾ രൂപീകരിക്കുന്നവർ,സമൂഹത്തിൽ സ്വാധീനമുള്ളവർ  എന്നിവരുമായി ചർച്ചകൾ വഴിയും ഉത്തരവാദിത്തമുള്ള ഇന്റർനെറ്റ് ശീലങ്ങൾ പ്രോത്സാഹിപ്പിക്കുക.

### സൗജന്യ കൗൺസലിങ്

ഡിജിറ്റൽ ആസക്തിയുള്ള, 18 വയസ്സുവരെയുള്ളവർക്ക് പദ്ധതിയിലൂടെ സൗജന്യ കൗൺസലിങ് നൽകും. രക്ഷിതാക്കൾക്ക് കുട്ടിയുമായി നേരിട്ടെത്തി പ്രശ്നപരിഹാരം തേടാം. അധ്യാപകരുടെ സഹായത്തോടെ ഇത്തരം കുട്ടികളെ കണ്ടെത്തിയും കൗൺസലിങ് നൽകും. എല്ലാ ഡി-ഡാഡ് സെന്ററുകളിലും ക്ലിനിക്കൽ സൈക്കോളജിസ്റ്റുമാരും പ്രോജക്ട് കോ-ഓർഡിനേറ്ററുമുണ്ടാകും. എസ്പിസിമാർക്കാണ് ജില്ലകളിൽ പദ്ധതിച്ചുമതല. പ്രവൃത്തി ദിവസങ്ങളിൽ രാവിലെ 10മുതൽ വൈകിട്ട്  അഞ്ചുവരെ സെന്ററിലൂടെ സേവനം ലഭിക്കും.

ലോകാരോഗ്യ സംഘടന (WHO) അടുത്തിടെ ഗെയിമിങ് ഡിസോർഡറിനെ 11-ാമത് ഇന്റർനാഷണൽ ക്ലാസിഫിക്കേഷൻ ഓഫ് ഡിസീസസിൽ (ICD-11) ഉൾപ്പെടുത്തിയിട്ടുണ്ട്. ഗെയിമിങ് അഡിക്ഷൻ ഇപ്പോൾ ഒരു രോഗനിർണയം നടത്താവുന്ന ആരോഗ്യ പ്രശ്നമായി മാറിയെന്നതാണ് ഇത് സൂചിപ്പിക്കുന്നത്. ഇന്നത്തെ ഡിജിറ്റൽ യുഗത്തിൽ, യഥാർത്ഥ ലോകത്തിനും വെർച്വൽ ലോകത്തിനും ഇടയിലുള്ള അതിർത്തി കൂടുതൽ കൂടുതൽ മങ്ങിക്കൊണ്ടിരിക്കുന്നു.

### അഡിക്ഷൻ പല തലങ്ങളിൽ

ഡിജിറ്റൽ അഡിക്ഷൻ പല തലങ്ങളിലുണ്ട്. ബാങ്കിങ്, ഷോപ്പിങ് മുതൽ വിദ്യാഭ്യാസം, വിനോദം വരെ ഇപ്പോൾ ഡിജിറ്റൽ ആയതിനാൽ, ആധുനിക ജീവിതത്തിന് സാങ്കേതികവിദ്യ അനിവാര്യമാണെന്ന് വ്യക്തമാണ്. എന്നാൽ പലപ്പോഴും ഡിജിറ്റൽ ലോകത്തിന്റെ ആകർഷണം യഥാർത്ഥ ജീവിതത്തിലെ ഇടപെടലുകളേക്കാൾ ശക്തമാകും. കോവിഡ് കാലഘട്ടത്തിലെ  സമ്മർദ്ദകരമായ സാഹചര്യങ്ങളിൽ സോഷ്യൽ മീഡിയ, വീഡിയോ ഗെയിമുകൾ, ഓൺലൈൻ ചൂതാട്ടം, ലേലം എന്നിങ്ങനെ വിവിധ രൂപങ്ങളിൽ ധാരാളം പേർ ഡിജിറ്റൽ അഡിക്ഷനിൽ അകപ്പെട്ടു.  സ്കൂളുകൾ അടച്ചിട്ടതിനാൽ, കുട്ടികൾ വിദ്യാഭ്യാസത്തിനും വിനോദത്തിനും വേണ്ടി ഡിജിറ്റൽ സ്ക്രീനുകളിലേക്ക് തിരിഞ്ഞു, ഇത് ദീർഘനേരം ഓൺലൈനിൽ ചെലവഴിക്കുന്നതിലേക്ക് നയിച്ചു.  പകർച്ചവ്യാധി സാഹചര്യം മാറിയെങ്കിലും ഡിജിറ്റൽ അടിമത്തത്തിൽ നിന്നു കുട്ടികൾ ഉൾപ്പെടെ പലരും മോചിതരായിട്ടില്ല. മറ്റ് പെരുമാറ്റ ആസക്തികളെപ്പോലെ, ഡിജിറ്റൽ  അഡിക്ഷനും ആസക്തിയും നിർബന്ധബുദ്ധിയും ഉണ്ടാക്കും. ഇത് പലപ്പോഴും ദൈനംദിന ദിനചര്യകൾ, വ്യക്തിപരമായ ഉത്തരവാദിത്വങ്ങൾ, ബന്ധങ്ങൾ,  എന്നിവയെ തടസ്സപ്പെടുത്തുന്നു.

# മുന്നറിയിപ്പ് സൂചനകൾ



## ആശ്വാസമേകാൻ ചിരി ഹെൽപ്പ് ഡെസ്ക്

കുട്ടികൾക്ക് മാനസിക പ്രശ്നങ്ങളുണ്ടെങ്കിൽ പരിഹാരം തേടി 'ചിരി' ഹെൽപ്പ് ലൈനിലേക്ക് വിളിക്കാം. 9497900200 എന്നതാണ് ടോൾഫ്രീ നമ്പർ. കുട്ടികൾക്കോ കൂട്ടുകാർക്കോ മാതാപിതാക്കൾക്കോ അധ്യാപകർക്കോ അഭ്യുദയകാംക്ഷികൾക്കോ ഇതിലേക്ക് വിളിക്കാം.

ഇത്തരത്തിൽ  ഡിജിറ്റൽ യുഗത്തിലെ സാധ്യതകളെ ആരോഗ്യകരമായി പ്രയോജനപ്പെടുത്തിയും അനാരോഗ്യ ശീലങ്ങളിൽ നിന്ന് മോചിപ്പിച്ചും പുതുതലമുറയെ നേർവഴിക്കു നടത്താനുള്ള പ്രവർത്തനങ്ങളാണ് കേരള സർക്കാർ നടപ്പാക്കി വരുന്നത്.

## ഡിജിറ്റൽ ആസക്തിക്കുമുണ്ട് "5 സി"കൾ

### ക്രേവിങ്

ഡിജിറ്റൽ ഉപകരണങ്ങൾ ഉപയോഗിക്കാനുള്ള നിരന്തരമായ ആഗ്രഹം.

### കൺട്രോൾ

ഡിജിറ്റൽ ഡിവൈസ് കിട്ടാതെ വരുമ്പോൾ   സ്വയം നിയന്ത്രണം നഷ്ടമാകുന്ന അവസ്ഥ

### കോപ്പിങ്

ഇലക്ട്രോണിക് ഉപകരണങ്ങൾ കയ്യിൽ കിട്ടുമ്പോൾ ഉണ്ടാവുന്ന സന്തോഷം.

### കംപൽഷൺ

ഓൺലൈനിൽ തുടരാൻ പ്രേരിപ്പിക്കപ്പെടുന്നു.

### കോൺസിക്കൻസസ്

അമിത ഉപയോഗം മൂലം ശാരീരികമോ വൈകാരികമോ സാമൂഹികമോ ആയ പ്രശ്നങ്ങൾ നേരിടുന്നു.

കുടുംബ കേന്ദ്രീകൃത റിക്കവറിയിലാണ് ഡി-ഡാഡ് ശ്രദ്ധ കേന്ദ്രീകരിക്കുന്നത്.  കുട്ടികളോടൊപ്പം അർത്ഥവത്തായ സമയം ചെലവഴിക്കാനും സമതുലിതമായ ഡിജിറ്റൽ ഉപയോഗത്തിന് മാതൃകകളായി പ്രവർത്തിക്കാനും ഡി-ഡാഡ് കുടുംബങ്ങളെ പ്രോത്സാഹിപ്പിക്കുന്നു.

കുട്ടികൾക്ക് അവരുടെ ഡിജിറ്റൽ അക്സസ്സ് നിഷേധിക്കപ്പെടുമ്പോൾ അസ്വസ്ഥത അനുഭവപ്പെടാം. ഡിജിറ്റൽ അഡിക്ഷൻ പലപ്പോഴും ക്ഷീണം, നടുവേദന, കാഴ്ച പ്രശ്നങ്ങൾ, മാനസികാവസ്ഥയിലെ മാറ്റങ്ങൾ, ഒറ്റപ്പെടൽ, അക്കാദമിക് പ്രകടനം കുറയൽ എന്നിവയിലേക്ക് നയിക്കുന്നു. ഓൺലൈൻ കുറ്റകൃത്യങ്ങൾ വർധിച്ചു വരുന്ന ഇക്കാലത്ത്, ഡിജിറ്റൽ ലോകത്ത് കുട്ടികളുടെ അനിയന്ത്രിതമായ സാന്നിധ്യം ഒരു പ്രധാന ആശങ്കയായി മാറിയിരിക്കുന്നു. ഈ സാഹചര്യത്തിൽ ഡിജിറ്റൽ അഡിക്ഷനിൽ നിന്നും കുട്ടികളെ മോചിപ്പിക്കാനാണ് കേരള പൊലീസ് ഓപ്പറേഷൻ ഡി-ഡാഡ് നടപ്പാക്കിയത്.

കൗൺസിലിങ്  വിദഗ്ധരുടെ മേൽനോട്ടത്തിൽ നൂതന തെറാപ്പി രീതികൾ, വിദ്യാഭ്യാസ പരിപാടികൾ, സ്ക്രീൻ-ഫ്രീ റിട്രീറ്റുകൾ ഉൾപ്പെടെ നൽകികൊണ്ട് കുട്ടികളെ ഡിജിറ്റൽ അഡിക്ഷനിൽ നിന്നും പൂർണ്ണമായും വിമുക്തരാക്കുകയാണ് ലക്ഷ്യം.

### പ്രവർത്തനരീതി

ഡി-ഡാഡ് കുട്ടിയെ മാത്രമല്ല, കുടുംബങ്ങളെയും അധ്യാപകരെയും ഉൾപ്പെടെ അവരുടെ ചുറ്റുപാടുകളെയും മനസിലാക്കിയാണ് ഓരോ കേസുകളും കൈകാര്യം ചെയ്യുന്നത്. ഓരോ കേന്ദ്രത്തിലും സൈക്കോളജിസ്റ്റുകളും പ്രോജക്ട് കോർഡിനേറ്റർമാരും പോലീസ് കോ ഓർഡിനേറ്റർമാരുമുണ്ട്.

> ഡി-ഡാഡ് കുട്ടിയെ മാത്രമല്ല, കുടുംബങ്ങളെയും അധ്യാപകരെയും ഉൾപ്പെടെ അവരുടെ ചുറ്റുപാടുകളെയും മനസിലാക്കിയാണ് ഓരോ കേസുകളും കൈകാര്യം ചെയ്യുന്നത്

കുട്ടിയെ വിലയിരുത്തൽ, പെരുമാറ്റപരമായ അല്ലെങ്കിൽ വൈകാരിക പ്രശ്നങ്ങൾ കണ്ടെത്തൽ, ഒരു പ്രത്യേക ചികിത്സാ പദ്ധതി സൃഷ്ടിക്കൽ എന്നിവയാണ് ഒരു ഡി-ഡാഡ് സൈക്കോളജിസ്റ്റ് ചെയ്യുന്നത്. തെറാപ്പി ആരംഭിച്ചുകഴിഞ്ഞാൽ, കുട്ടികളുമായും മാതാപിതാക്കളുമായും പ്രതിമാസ മീറ്റിങ്ങുകൾ നടത്തുന്നു. ആസക്തി അറ്റൻഷൻ ഡെഫിസിറ്റ് ഹൈപ്പർ ആക്ടിവിറ്റി ഡിസോർഡർ (ADHD) പോലെ ആഴത്തിലുള്ള മാനസികാരോഗ്യ അവസ്ഥകളുമായി ബന്ധപ്പെട്ടതാണെങ്കിൽ,  മെഡിക്കൽ വിദഗ്ധരുടെ സഹായവും ഉറപ്പാക്കും.■



ഡോ.അൻസർ ആർ. എൻ
സംസ്ഥാന എൻഎസ്എസ് ഓഫീസർ, ഉന്നതവിദ്യാഭ്യാസ വകുപ്പ്

NO TO DRUGS

**ലഹരിവിപത്തിനെതിരെ സംസ്ഥാന ഉന്നതവിദ്യാഭ്യാസ വകുപ്പിന്റെ കീഴിലുള്ള 3,50,000 നാഷണൽ സർവീസ് സ്കീം വോളന്റിയർമാർ അണിനിരക്കുന്നു**




# കലാലയങ്ങളിൽ ലൈഫ് ഈസ് ബ്യൂട്ടിഫുൾ

മനോഹരമായ ജീവിതത്തെ വാരിപ്പുണരാൻ, ഓരോ നിമിഷവും ആഘോഷമാക്കാൻ വിദ്യാർഥികളെ പഠിപ്പിക്കുകയാണ് നാഷണൽ സർവീസ് സ്കീം. ലഹരിയുടെ കയങ്ങളിൽ വീഴാതെ ഒരു തലമുറയ്ക്ക് കലാലയങ്ങളിൽനിന്ന് പഠിച്ചിറങ്ങാനുള്ള വഴിയൊരുക്കുകയാണ് ഈ കൂട്ടിക്കൂട്ടം. ലഹരിമുക്ത നാടിനായി പ്രത്യേക കർമ്മ പദ്ധതി തയ്യാറാക്കി കഴിഞ്ഞു. സംസ്ഥാനത്തെ 3,50,000 വോളന്റിയർമാരും 4000 അധ്യാപകരും 100 എൻഎസ്എസ് അഡ്മിനിസ്ട്രേറ്റർമാരും ചേർന്ന് 'ലൈഫ് ഈസ് ബ്യൂട്ടിഫുൾ-ജീവിതം മനോഹരം' എന്ന പ്രത്യേക ക്യാമ്പയിൻ ആരംഭിച്ചു. ജീവിതം മനോഹരമാണ്, അത് അമൂല്യമാണ്, അത് ഒരിക്കൽ മാത്രമാണ്, അത് നശിപ്പിച്ച് കളയാതെ ഏറ്റവും സന്തോഷകരമായി കൊണ്ടുപോകും എന്നതാണ് ആപ്തവാക്യം. ഇതിന്റെ ഭാഗമായി ആദ്യഘട്ടത്തിൽ 1000 ജനജാഗ്രത സദസ്സുകൾ സംഘടിപ്പിക്കും.

സംസ്ഥാനത്തെ മുഴുവൻ എൻഎസ്എസ് യൂണിറ്റുകളും ലഹരിക്കെതിരെയുള്ള പ്രത്യേക ക്യാമ്പയിനുകൾ എല്ലാ അക്കാദമിക് വർഷങ്ങളിലും സംഘടിപ്പിക്കാറുണ്ട്. ലഹരിവിരുദ്ധ മനുഷ്യച്ചങ്ങല, സംവാദങ്ങൾ, ലഹരിക്കെതിരെ പ്രദേശിക കലാകാരരുടെ കൂട്ടായ്മ, ലഹരിവിരുദ്ധ സന്ദേശമരങ്ങൾ, ലഹരിക്കെതിരെ മൺചെരാതുകൾ ഒരുക്കൽ, ലഹരിവിരുദ്ധ പ്രതിജ്ഞ, ലഹരിക്കെതിരെ പ്രവർത്തിക്കുന്ന സാമൂഹികപ്രവർത്തകരെ ആദരിക്കുന്ന സ്നേഹാദരം പരിപാടി, ലഹരിവിരുദ്ധ മാരത്തൺ, ബൈക്ക്/സൈക്കിൾ റാലി, തത്സമയ മത്സരങ്ങൾ, ലഹരിമുക്തരുടെ സംഗമം, ലഹരിക്കെതിരെ ബോധവൽക്കരണ ക്യാമ്പയിനുകൾ, റീൽസ് നിർമ്മാണം, ലഹരിവിരുദ്ധ സിനിമ/ഡോക്യുമെന്ററി നിർമ്മാണം, ഭവനസന്ദർശനങ്ങൾ, ലഹരിവിരുദ്ധ സ്റ്റിക്കർ പതിക്കൽ, സിഗ്നേച്ചർ ക്യാമ്പയിൻ തുടങ്ങിയവയാണ് പ്രധാന പരിപാടികൾ.

## ലൈഫ് ഈസ് ബ്യൂട്ടിഫുൾ

സംസ്ഥാന സെല്ലിന്റെ നേതൃത്വത്തിൽ മയക്കുമരുന്നിനെതിരെയും യുവജനങ്ങൾക്കിടയിലെ അക്രമവാസനക്കെതിരെയും വിദ്യാർഥികളെയും പൊതുസമൂഹത്തെയും അടിയന്തിരമായി സജ്ജരാക്കുക എന്ന ഉദ്ദേശ്യത്തോടെ സംസ്ഥാനത്ത് 1000 കേന്ദ്രങ്ങളിൽ സംഘടിപ്പിച്ചുകൊണ്ടിരിക്കുന്ന ജനജാഗ്രത ബോധവൽക്കരണ യജ്ഞമാണ് ലൈഫ് ഈസ് ബ്യൂട്ടിഫുൾ. ലഹരിവിരുദ്ധ പോരാട്ടത്തിൽ പുതിയ അതിജീവന പാഠങ്ങൾ പകരുന്നതിനായി സമകാലിക സംഭവങ്ങളുടെ പശ്ചാത്തലത്തിൽ തയ്യാറാക്കിയ പരിപാടിയാണിത്. ഈ ലഹരിവിരുദ്ധ - അക്രമവിരുദ്ധ പ്രചാരണ പരിപാടിയിൽ കലാലയം, കുടുംബം, സമൂഹം എന്നീ മൂന്ന് ഘടകങ്ങളെയും ക്രിയാത്മകമായി സ്പർശിക്കുന്ന രീതിയിലാണ് പ്രവർത്തനങ്ങൾ വിഭാവനം ചെയ്തിട്ടുള്ളത്. ഇതിന്റെ തുടർച്ചയായി കലാലയങ്ങളിൽ ലൈഫ് ഈസ് ബ്യൂട്ടിഫുൾ ക്യാമ്പയിൻ ദിനം, കലാലയ സർഗാത്മകദിനം ആചരിക്കൽ തുടങ്ങിയ പരിപാടികൾ നടത്തും.

എല്ലാ വർഷവും മാർച്ച് 20 സന്തോഷത്തിന്റെ ദിനമായി ഐക്യരാഷ്ട്രസഭ ആചരിച്ചുവരുന്നുണ്ട്. ലഹരിയുടെയും ഒറ്റപ്പെടലിന്റെയും ഇരുളകറ്റാൻ എല്ലാ വീട്ടുകളിലും കുടുംബ ജാഗ്രതസദസ്സ് ഒരുക്കിയും ആനന്ദദീപം തെളിയിച്ചും കുടുംബത്തോടൊപ്പം ആനന്ദ സെൽഫിയെടുത്തുമാണ് ഈ വർഷത്തെ സന്തുഷ്ട കുടുംബദിനം എൻഎസ്എസ് ആചരിച്ചത്. വോളന്റിയർമാരുടെ നേതൃത്വത്തിൽ വീട്ടുകൾക്കുമുന്നിൽ 'ലഹരിമുക്തം ഞാനും എന്റെ കുടുംബവും' എന്ന സന്ദേശവാഹക സ്റ്റിക്കർ പതിച്ച് സ്നേഹസന്ദേശം പകർന്നു. ബോധവൽക്കരണ റാലി, ലഹരിവിരുദ്ധ സന്ദേശമരം, ജനജാഗ്രത സദസ്സ്, ഫ്ളാഷ് മോബ്, ലഹരിവിരുദ്ധ മനുഷ്യച്ചങ്ങല, പാം പ്രിന്റിങ്, സിഗ്നേച്ചർ ക്യാമ്പയിൻ, പ്രതിജ്ഞ ചൊല്ലൽ, സ്കിറ്റ്, തെരുവുനാടകം, മൈം, പോസ്റ്റർ രചന, റാലി, സംവാദം, മോണോ ആക്ട്, ലഹരി ബോധവൽക്കരണ നൃത്താവിഷ്കാരം, തെരുവുകളിലും ബസ് സ്റ്റാൻഡിലും ഓട്ടോസ്റ്റാൻഡിലും സ്ഥാപനങ്ങളിലും ഡോർ-ടു-ഡോർ ക്യാമ്പയിൻ, വീട്ടുകളിലും വാഹനങ്ങളിലും പൊതുസ്ഥലങ്ങളിലും 'ലഹരിമുക്തം: ഞാനും എന്റെ കുടുംബവും' സ്റ്റിക്കർ പതിക്കൽ തുടങ്ങിയ പ്രവർത്തനങ്ങൾ നടത്തി.

> ### കലയും സിനിമയും സമൂഹത്തെ സ്വാധീനിക്കില്ല
>
> **കലയും സിനിമയും ഒരു പരിധിക്കപ്പുറം സമൂഹത്തെ സ്വാധീനിക്കില്ല. സിനിമ മാറിയ സമൂഹത്തിന്റെ പ്രതിഫലനമാണ്. സമൂഹത്തിൽ നിലനിൽക്കുന്നത് എല്ലാ മേഖലയിലും പ്രതിഫലിക്കും. ലഹരിക്ക് അടിമപ്പെടുന്നവർ മാത്രമല്ല ലഹരി കേസുകളിൽ പിടിക്കപ്പെടുന്നവരും വീണ്ടും സമൂഹത്തിൽ തിരിച്ചെത്തുന്നുണ്ട്. തുടർ നിരീക്ഷണം ഈ രണ്ടുവിഭാഗത്തിനും ആവശ്യമാണ്. ഷൂട്ടിങ് സമയത്തെ ലഹരി ഉപയോഗത്തിനെതിരെ താരസംഘടന ശക്തമായ നടപടി സ്വീകരിക്കും.**
>
> 
>
> **സരയു**
> **അഭിനേത്രി**

## ലഹരി വിരുദ്ധ കർമ്മസേന

ക്യാമ്പസുകളിൽ രൂപംകൊടുത്ത പ്രത്യേക ലഹരിവിരുദ്ധ കർമ്മസേനയാണ് ആസാദ്സേന (Agents for Social Awareness Against Drugs-ASAAD). സംസ്ഥാനത്തെ 3500 യൂണിറ്റുകളിലും ഈ ലീഡർ ഗ്രൂപ്പ് രൂപീകരിച്ചിട്ടുണ്ട്. സാമൂഹികനീതി വകുപ്പിന്റെ സഹായത്തോടെ സംസ്ഥാനതല പരിശീലന പരിപാടികൾ ആരംഭിച്ചു. പരിശീലന മോഡ്യൂളും തയ്യാറായി. കലാലയങ്ങൾക്ക് നൽകാനുള്ള ലഹരിവിരുദ്ധ പ്രവർത്തനങ്ങൾക്കായുള്ള കൈപ്പുസ്തകം തയ്യാറാക്കി. ക്യാമ്പസ്-കമ്മ്യൂണിറ്റി കലാകായിക മേളയുടെ പ്രചരണത്തിന്റെ ഭാഗമായി സംസ്ഥാനമൊട്ടാകെ ആസാദ്സേനയുടെ നേതൃത്വത്തിൽ ലഹരി ബോധവൽക്കരണ ക്യാമ്പയിൻ നടത്തി. ക്യാമ്പസ് കമ്മ്യൂണിറ്റി കലാ-കായിക മേള പ്രോഗ്രാം ഓഫീസർമാർക്കും എൻഎസ്എസ് വിദ്യാർഥികൾക്കുമായുള്ള ശിൽപശാല, സെമിനാർ, ട്രൈബൽ/തീരദേശ മേഖലകളിൽ സ്പോർട്സ് ഉപകരണ വിതരണം വിവിധ മേഖലകളിൽ വിജയം വരിച്ചവരെ ആദരിക്കൽ എന്നിവ നടത്തി.

സംസ്ഥാനത്ത് ഇതുവരെ 200ൽപരം ജനജാഗ്രത സദസ്സുകൾ സംഘടിപ്പിച്ചു. എല്ലാ ഗ്രാമപഞ്ചായത്തുകളിലും ഏപ്രിൽ, മെയ് മാസങ്ങളിലായി ജനജാഗ്രത സദസ്സുകൾ പൂർത്തീകരിക്കും. കലാലയങ്ങളിൽ ഓരോ വിദ്യാർഥിയെയും സംരക്ഷിക്കുന്നതിനായി പ്രത്യേക Peer Education Groupകൾ സൃഷ്ടിക്കും. ഓരോ വോളന്റിയറും 10 വിദ്യാർഥികളുള്ള ഗ്രൂപ്പിന് നേതൃത്വം നൽകും. കലാലയങ്ങളിൽ വിദ്യാർഥികളുടെ അഭിരുചികൾക്കനുസരിച്ച് സർഗാത്മക ഇടങ്ങൾക്ക് നേതൃത്വം കൊടുക്കും. അടുത്ത അക്കാദമിക് വർഷത്തെ ആരംഭ ദിനത്തെ സന്തോഷദിനത്തിലൂടെ വരവേൽക്കും. ഹാപ്പിനെസ്സ് അംബാസിഡർമാരായി എൻ.എസ്.എസ് വോളന്റിയർമാർ കൂട്ടുകാരെ വരവേൽക്കും. വോളന്റിയർമാരുടെ കുടുംബങ്ങളെ സന്തോഷകുടുംബങ്ങളായി പ്രഖ്യാപിച്ചുകൊണ്ട് ഒരു വർഷത്തെ കർമ്മപദ്ധതിക്ക് തുടക്കം കുറിക്കും. ഭവന സന്ദർശനങ്ങളും പ്രത്യേക ക്യാമ്പുകളും കുടുംബസംഗമവും നടത്തും. 2025-26 വർഷത്തെ എൻഎസ്എസിന്റെ റെഗുലർ പ്രവർത്തനങ്ങളും സ്പെഷ്യൽ ക്യാമ്പും ലഹരിമുക്ത ക്യാമ്പസ്-ലഹരിമുക്ത ഭവനം-ലഹരിമുക്ത ഗ്രാമം എന്ന വിഷയത്തിലൂന്നിയായിരിക്കും.■

> **പൊതുസമൂഹത്തെ അടിയന്തിരമായി സജ്ജരാക്കുക എന്ന ഉദ്ദേശ്യത്തോടെ സംസ്ഥാനത്ത് 1000 കേന്ദ്രങ്ങളിൽ സംഘടിപ്പിച്ചുകൊണ്ടിരിക്കുന്ന ജനജാഗ്രത ബോധവൽക്കരണ യജ്ഞമാണ് ലൈഫ് ഈസ് ബ്യൂട്ടിഫുൾ.**

ഗംഗ വേലായുധൻ പി. ആർ



NO TO DRUGS

സമൂഹമാകെ ജാഗ്രത്താവേണ്ട ലഹരിവിപത്തിനെതിരെയുള്ള പോരാട്ടത്തിൽ കുട്ടികളും തങ്ങളാലാവും വിധം അണിചേരുന്നു

# ചെറുചുവടുകളാൽ കുരുന്നു കവചങ്ങൾ



കുരുന്നുകൾ ലഹരിവലയിൽ വീഴാതിരിക്കാൻ വലിയ ജാഗ്രതയാണ് സംസ്ഥാന സർക്കാർ സ്വീകരിക്കുന്നത്. കുട്ടികളും ഈ പോരാട്ടത്തിൽ മറ്റ് വിഭാഗങ്ങൾക്കൊപ്പം അവരുടേതായ കുഞ്ഞുചുവടുകൾ വയ്ക്കുന്നു. കുട്ടികളിൽ ലഹരി എത്താതിരിക്കാനുള്ള കവചമായി മാറുകയാണവർ. സ്കൂളിലും ചുറ്റുവട്ടത്തും അവർ ജാഗ്രതയുടെ കണ്ണുതുറന്നുവയ്ക്കുന്നു.

ഈ പോരാട്ടത്തിൽ വിദ്യാർഥികളുടെ പങ്കാളിത്തമുറപ്പാക്കി എസ്പിസി (സ്റ്റുഡന്റ് പൊലീസ് കേഡറ്റ്), എൻഎസ്എസ്(നാഷണൽ സർവീസ് സ്കീം), എൻസിസി (നാഷണൽ കേഡറ്റ് കോർ), ജെആർസി (ജൂനിയർ റെഡ് ക്രോസ്) എന്നിവയൊക്കെ പ്രവർത്തിക്കുന്നു. ലഹരിവിരുദ്ധ പ്രതിജ്ഞ, റാലി, പോസ്റ്റർ രചന, ചിത്രപ്രദർശം, ഫ്ളാഷ് മോബ്, സംഗീത സദസ്സ്, സ്കൂൾ സന്ദർശനം എന്നിവയൊക്കെ ഈ കുട്ടിപ്പട്ടാളം ഏറ്റെടുത്ത് നടത്തുന്നുണ്ട്.

## 'ജ്വാല' തീർത്ത് കുട്ടിപ്പോലീസ്

സംസ്ഥാന പൊലീസിന്റെ നേതൃത്വത്തിൽ സ്റ്റുഡന്റ്സ് പോലീസ് കേഡറ്റുകൾ സ്കൂളുകളിൽ 'കേരളം ലഹരിക്കെതിരെ' എന്ന മിനി പ്രോജക്റ്റ് നടപ്പാക്കുന്നു. കേരള പൊലീസിന്റെ 'യോദ്ധാവ്' എന്ന ലഹരിവിരുദ്ധ ക്യാമ്പയിന്റെ പ്രവർത്തനങ്ങളും നടക്കുന്നുണ്ട്. ഇത്തരം പ്രവർത്തനങ്ങൾ ഏറ്റെടുത്ത് നടത്തി അനുഭവസമ്പത്ത് നേടുകയും സ്കൂൾ വിദ്യാഭ്യാസം പൂർത്തിയാക്കുകയും ചെയ്തവരെ കൂടി ലഹരിവിരുദ്ധ പ്രവർത്തനങ്ങളിൽ ഉൾപ്പെടുത്താനാണ് നിലവിൽ ശ്രമം. എട്ട് ലക്ഷത്തോളംവരുന്ന മുൻ SPC കേഡറ്റുകളെ വീടുകൾ കേന്ദ്രീകരിച്ച് ബോധവൽക്കരണ പ്രവർത്തനങ്ങൾക്കായും സ്കൂൾ-കോളേജ് സന്ദർശനങ്ങൾക്കായും നിയോഗിച്ചിട്ടുണ്ട്.

## എൻസിസി കേഡറ്റുകളും

ലഹരിവിരുദ്ധ ക്യാമ്പയിനുകളിൽ ദേശീയതലത്തിൽ ശ്രദ്ധനേടിയവയാണ് എൻസിസിയുടെ പദ്ധതികൾ. 'Say no to drugs ' കേരള-ലക്ഷദ്വീപ് എൻസിസിയുടെ പരിധിയിൽ വരുന്ന പദ്ധതിയാണ്. കായിക പരിശീലനങ്ങൾ, റാലി, തെരുവുനാടകങ്ങൾ, സാമൂഹിക മാധ്യമങ്ങളുടെ സഹായത്തോടെയുള്ള ലഹരിവിരുദ്ധ സന്ദേശങ്ങളുടെ സംയോജനം എന്നിവയും സാമാന്തരമായി നടത്തുന്നു. ഉന്ന

തവിദ്യാഭ്യാസ വകുപ്പിന്റെ സഹരണത്തോടെ എൻഎസ്എസും എൻസിസിയും ചേർന്ന് നടത്തിയ ക്യാമ്പയിനാണ് 'ബോധപൂർണ്ണിമ'. ഇതിനായി ഏകദേശം 250 കേഡറ്റുകളെയാണ് സജ്ജമാക്കിയിരിക്കുന്നത്.

ലഹരി വിപണന ഗ്രൂപ്പുകളെ തിരിച്ചറിയുന്നതിനായി കേഡറ്റുകൾ, എൻജിഒകൾ, പ്രാദേശിക ഭരണ, നിയമ നിർവഹണ ഏജൻസി എന്നിവരുമായി ചേർന്ന് പ്രവർത്തിക്കുന്നു. സംസ്ഥാനത്തുടനീളം കേഡറ്റുകളെ സംയോജിപ്പിച്ചുകൊണ്ട് ലഹരിക്കെതിരെ മനുഷ്യച്ചങ്ങലയും തീർത്തു.

സ്കൂൾതലത്തിലും ജില്ലാതലത്തിലും ലഹരി ഉപയോഗത്തിനെതിരെ നിരവധി പരിപാടികൾ ജൂനിയർ റെഡ് ക്രോസും സംഘടിപ്പിക്കുന്നുണ്ട്. ലഹരിവിരുദ്ധ റാലി, 'ലഹരിക്കെതിരെ കൈയൊപ്പ്', 'ലഹരിക്കെതിരെ ഒരു തിരിവെട്ടം' എന്നിവയോടൊപ്പം കഴിഞ്ഞ വർഷത്തെ 'ലഹരിക്കെതിരെ അണിചേരാം' എന്ന ക്യാമ്പയിനും ഏറെ ശ്രദ്ധനേടി. 'ജീവിതം തന്നെ ലഹരി' എന്ന ക്യാമ്പയിനും തുടക്കം കുറിച്ചു.

> ഏതൊരു ലഹരിയുടെ ഉപയോഗവും അത് കേവലം ഒരു വ്യക്തിയുടെ ആരോഗ്യത്തെ മാത്രമല്ല തകർക്കുന്നത്, മറിച്ച് സമൂഹത്തെ ആകെ ബാധിക്കുന്നതാണ് . സംസ്ഥാന സർക്കാരിന്റെ ലഹരി വിരുദ്ധ ക്യാമ്പയിൻ 'Say no to drugs ', എക്സൈസിന്റെ നേതൃത്വത്തിലുള്ള വിമുക്തി തുടങ്ങിയ പരിപാടികളോട് വിദ്യാർത്ഥികൾ ഉൾപ്പെടുന്ന പൊതു സമൂഹം അനുകൂലമായ ഒരു സമീപനമാണ് സ്വീകരിച്ചിട്ടുള്ളത്. എന്നാൽ ബോധവൽക്കരണങ്ങൾക്കുമപ്പുറം ഉണർന്നിരിക്കേണ്ട ഒരു സാമൂഹിക ജാഗ്രത ലഹരിയെ തുരത്തുവാൻ അനിവാര്യമാണ്.



**റിഗ റോസ് ബാബു**
**വിദ്യാർഥിനി, മഹാരാജാസ് കോളേജ്, എറണാകുളം**

ഈ പദ്ധതികളുടെയെല്ലാം ഭാഗമായ കുട്ടികൾക്ക് ലഹരിയുടെ അപകടങ്ങൾ മനസ്സിലാക്കാനും ലഹരിയടിമകളെ അതിൽ നിന്ന് മുക്തമാക്കാനുള്ള പ്രവർത്തനങ്ങളിൽ നേതൃപരമായ പങ്കുവഹിക്കാനും പ്രചോദനമേകുമെന്നത് ഉറപ്പാണ്. ഒപ്പം ഇത് ചെറിയ പ്രായത്തിൽ തന്നെ വിലപ്പെട്ട ജീവിതാനുഭവങ്ങൾ ഉൾക്കൊള്ളുന്നതിനും അവസരം നൽകുന്നതായി വിദ്യാർഥികൾ തന്നെ സാക്ഷ്യപ്പെടുത്തുന്നു. ലഹരിവിരുദ്ധ പ്രവർത്തനങ്ങളുടെ ഭാഗമായി ഡീ-അഡിക്ഷൻ സെന്ററുകളിലെ സന്ദർശനം, അതിജീവിതരുമായുള്ള സംഭാഷണം, ബോധവൽക്കരണം എന്നിവ ഒരു പാഠപുസ്തകത്തിനും പകർന്നുനൽകാനാവാത്ത അറിവും അനുഭവവുമാണ് പകരുന്നത്. സ്നേഹം, സഹാനുഭൂതി, സഹകരണം തുടങ്ങിയ മാനുഷികമൂല്യങ്ങൾ ഉൾക്കൊള്ളുന്നു. രാസലഹരിക്കു പകരം ജീവിതത്തെ ലഹരിയായി കാണുന്ന പാത തിരഞ്ഞെടുക്കാൻ അവർ സഹപാഠികൾക്ക് വഴികാട്ടിയാവുന്നു. ■

## വിമുക്തി

**ടോൾ ഫ്രീ നമ്പർ - 14405**
**വാട്സ്ആപ്പ് - 9061178000**
**പരാതികൾ അറിയിക്കാം - 9447178000**
**വിദ്യാർത്ഥികൾക്കായി നേർവഴി - 9656178000**
**ആന്റി നാർക്കോട്ടിക് സെൽ - 9497979794, 9497927797**
**നാഷണൽ നാർക്കോട്ടിക് ഹെൽപ് ലൈൻ നമ്പർ - 1933**
**യോദ്ധാവ് - 9995966666**

## കൗൺസലിങ് സെന്റർ

**സൗത്ത് സോൺ (തിരുവനന്തപുരം, കൊല്ലം, പത്തനംതിട്ട, കോട്ടയം, ആലപ്പുഴ) - 9400022100, 9400033100**

**സെൻട്രൽ സോൺ (എറണാകുളം, തൃശൂർ, ഇടുക്കി, പാലക്കാട്) - 9188520199, 9188520198**

**നോർത്ത് സോൺ (കോഴിക്കോട്, കണ്ണൂർ, കാസർഗോഡ്, വയനാട്, മലപ്പുറം) - 9188468494, 9188458494**

## ഡീ-അഡിക്ഷൻ സെന്ററുകൾ

1. ജനറൽ ആശുപത്രി, നെയ്യാറ്റിൻകര, തിരുവനന്തപുരം - 0471 2222235, 6238600247
2. നെടുങ്ങോലം, ചാത്തന്നൂർ, രാമറാവു മെമ്മോറിയൽ ഹോസ്പിറ്റൽ, കൊല്ലം - 0474 2512324, 6238600248
3. റാന്നി താലൂക്കാശുപത്രി, റാന്നി, പത്തനംതിട്ട - 0473 5229589, 6238600249
4. മാവേലിക്കര ജില്ല ആശുപത്രി, മാവേലിക്കര, ആലപ്പുഴ - 0479 2452267, 6238600250
5. പാല ടൗൺ ഗവ. ആശുപത്രി, പാല, കോട്ടയം - 0482 2215154, 6238600251
6. ജില്ലാ ആശുപത്രി, ചെറുതോണി, ഇടുക്കി - 0486 2232474, 6238600252
7. ഗവ. ആശുപത്രി, മൂവാറ്റുപുഴ, എറണാകുളം - 0485 2832360, 6238600253
8. ചാലക്കുടി താലൂക്ക് ആശുപത്രി, ചാലക്കുടി, തൃശൂർ - 0480 2701823, 6238600254
9. കോട്ടത്തറ ട്രൈബൽ സ്പെഷ്യാലിറ്റി ആശുപത്രി, കോട്ടത്തറ, പാലക്കാട് - 04924 254392, 6238600255
10. നിലമ്പൂർ ഗവ. ആശുപത്രി, മലപ്പുറം - 04931 220351, 6238600256
11. ഗവ. ബീച്ച് ഹോസ്പിറ്റൽ, കോഴിക്കോട് - 0495 2365367, 6238600257
12. ജില്ലാ ആശുപത്രി, മാനന്തവാടി, വയനാട് - 04936 206768, 6238600258
13. ഗവ. ആശുപത്രി, പയ്യന്നൂർ, കണ്ണൂർ - 04985 205716, 6238600259
14. താലൂക്ക് ആശുപത്രി, നീലേശ്വരം, കാസർഗോഡ് - 0467 2282933, 6238600260

**ഡോ. അരുൺ ബി നായർ**
പ്രൊഫസർ, സൈക്യാട്രി, ഗവ.മെഡിക്കൽ കോളേജ്, തിരുവനന്തപുരം



NO TO DRUGS

**ലഹരിവസ്തുക്കളുടെ ഉപയോഗം ഒരു വ്യക്തിയുടെ മാനസികാരോഗ്യത്തെ തകർത്ത് അയാളെ ചിത്തഭ്രമത്തിലേക്ക് നയിക്കുന്നു**



# ശ്രദ്ധ വേണം ചികിത്സയും

മനുഷ്യനെയും മൃഗങ്ങളെയും തമ്മിൽ വ്യത്യസ്തരാക്കുന്നത് നമ്മുടെ തലച്ചോറിന്റെ മുൻഭാഗത്ത് നിലനിൽക്കുന്ന പ്രീ ഫ്രോണ്ടൽ കോർടെക്സ് എന്ന ഭാഗമാണ്. മനുഷ്യന്റെ ആത്മനിയന്ത്രണത്തിന്റെയും ആസൂത്രണ ശേഷിയുടെയും ശ്രദ്ധയുടെയും ഒക്കെ കേന്ദ്രമാണ് ഈ ഭാഗം. ഈ ഭാഗത്ത് നിലനിൽക്കുന്ന ഡോപ്പമൈൻ എന്ന രാസവസ്തുവാണ് നമുക്ക് ആനന്ദം ലഭിക്കുന്നതിന് അടിസ്ഥാനമാകുന്നത്. വ്യായാമം ചെയ്യുമ്പോഴും സംഗീതം കേൾക്കുമ്പോഴും സുഹൃത്തുക്കളോടൊപ്പം സമയം ചെലവിടുമ്പോഴും ഒക്കെ തലച്ചോറിലെ ഡോപ്പമിന്റെ അളവ് ക്രമമായി ഉയർന്ന് ഉച്ചസ്ഥായിയിലെത്തി കുറേനേരം അങ്ങനെ നിന്നശേഷം പതിയെ കുറയും.

എന്നാൽ ഓൺലൈൻ ഗെയിം കളിക്കുമ്പോഴും ലഹരിവസ്തുക്കൾ ഉപയോഗിക്കുമ്പോഴും തലച്ചോറിലെ ഡോപ്പമിന്റെ അളവ് പൊടുന്നനെ വർധിക്കുന്നു. അമിതമായ അളവിലേക്ക് ഇത് കൂട്ടുമ്പോൾ പെട്ടെന്ന് ചില പെരുമാറ്റ പ്രശ്നങ്ങൾ പ്രകടമാകുന്നു. ആത്മനിയന്ത്രണം നഷ്ടപ്പെടുന്നതോടെ നാം അക്രമാസക്തരാകുന്നു. മനസ്സിൽ തോന്നുന്ന എന്ത് മൃഗീയ വികാരവും ഉടനടി പ്രകടിപ്പിക്കുന്ന അവസ്ഥയിലേക്ക് എത്തിച്ചേരുന്നു. ഡോപ്പമിന്റെ അളവ് ക്രമാതീതമായി വർധിച്ചാൽ ചെവിയിൽ അശരീരി ശബ്ദങ്ങൾ മുഴങ്ങുന്നത് പോലെയുള്ള മിഥ്യാനുഭവങ്ങളും ആരൊക്കെയോ തന്നെ കൊല്ലാൻ വരുന്നു എന്ന മട്ടിലുള്ള മിഥ്യാവിശ്വാസങ്ങളും പ്രകടമാകുന്നു. അങ്ങനെ ലഹരിവസ്തുക്കളുടെ ഉപയോഗം ഒരു വ്യക്തിയുടെ മാനസികാരോഗ്യത്തെ തകർത്ത് ചിത്തഭ്രമത്തിലേക്ക് നയിക്കുന്നു.

## ലഹരി അടിമത്തത്തിന്റെ ലക്ഷണങ്ങൾ

താഴെപ്പറയുന്ന ലക്ഷണങ്ങളിൽ മൂന്നെണ്ണമെങ്കിലും ഒരു മാസക്കാലമെങ്കിലും തുടർച്ചയായി പ്രകടിപ്പിച്ചാൽ അയാൾ ലഹരിവസ്തുവിന് അടിമപ്പെട്ടു എന്ന് സം

ശയിക്കണം. മദ്യവും പുകയില ഉൽപ്പന്നങ്ങളും കഞ്ചാവും രാസലഹരികളും അടക്കമുള്ള എല്ലാ ലഹരിവസ്തുക്കൾക്കും ഈ മാനദണ്ഡം ബാധകമാണ്.

1. ലഹരിവസ്തു ഉപയോഗിക്കാനുള്ള അദമ്യവും തീവ്രവുമായ ആസക്തി.

2. ലഹരിവസ്തുവിന്റെ അളവും അത് ഉപയോഗിക്കുന്ന സമയവും നിയന്ത്രിക്കാൻ കഴിയാത്ത അവസ്ഥ

3. ആനന്ദാനുഭൂതി ലഭിക്കാൻ ഉപയോഗിക്കുന്ന ലഹരി വസ്തുവിന്റെ അളവ് കൂട്ടിക്കൂട്ടി കൊണ്ടുവരേണ്ട സ്ഥിതി.

4. സ്ഥിരമായി ഉപയോഗിക്കുന്ന ലഹരിവസ്തു പെട്ടന്നനെ കിട്ടാതെ വരുമ്പോൾ പെട്ടെന്ന് പ്രകടമാകുന്ന പിൻവാങ്ങൽ ലക്ഷണങ്ങൾ. ഉറക്കക്കുറവും അമിത ഉത്കണ്ഠയും അമിത ദേഷ്യവും തൊട്ട് അങ്ങേയറ്റം ഭീകരമായ അക്രമസ്വഭാവവും അപസ്മാരവും സ്ഥലകാലബോധമില്ലായ്മയും ഒക്കെ പിൻവാങ്ങൽ ലക്ഷണങ്ങളാകാം

5. ലഹരിവസ്തുവിന്റെ ഉപയോഗം അല്ലാതെ മറ്റൊന്നും ഈ വ്യക്തിക്ക് ആഹ്ലാദം പകരുന്നില്ല

6. ലഹരിവസ്തുക്കളുടെ ഉപയോഗം തന്റെ ആരോഗ്യത്തിനും സാമ്പത്തിക സ്ഥിതിക്കും തകരാർ ഉണ്ടാക്കുന്നു എന്ന് തിരിച്ചറിഞ്ഞിട്ടും അത് ഉപേക്ഷിക്കാൻ കഴിയാത്ത അവസ്ഥ.

കഴിഞ്ഞ തലമുറയിൽപ്പെട്ട ചെറുപ്പക്കാർ മദ്യമോ സിഗരറ്റോ വ്യാപകമായി ഉപയോഗിച്ചിരുന്നപ്പോൾ ആ വസ്തുക്കളുടെ ഗന്ധം മൂലവും അത് ഉപയോഗിക്കുമ്പോൾ ശരീര ചലനങ്ങളിൽ ഉണ്ടാകുന്ന സവിശേഷമായ മാറ്റങ്ങൾ മൂലവും ലഹരി ഉപയോഗിച്ചിരുന്നവരെ തിരിച്ചറിയാൻ മുതിർന്നവർക്ക് കഴിഞ്ഞിരുന്നു. എന്നാൽ രാസലഹരികൾ ഉപയോഗിച്ചവരെ പ്രത്യേക ഗന്ധം കൊണ്ടോ മറ്റ് ശാരീരിക ലക്ഷണങ്ങൾ കൊണ്ടോ തിരിച്ചറിയാൻ സാധ്യമല്ല. പലപ്പോഴും ലഹരി ഉപയോഗത്തെ കൂടുതൽ സങ്കീർണതകളിലേക്ക് തള്ളിവിടുന്നത് ഈ പ്രശ്നമാണ്. എങ്കിലും നിങ്ങളുടെ വീട്ടിലുള്ള ഒരു കൗമാരപ്രായക്കാരൻ ലഹരി ഉപയോഗിക്കുന്നു എങ്കിൽ ചില ലക്ഷണങ്ങൾ പ്രകടിപ്പിക്കാൻ സാധ്യതയുണ്ട്. അടിസ്ഥാന സ്വഭാവത്തിൽ പൊടുന്നനെ ഒരു മാറ്റം വരുകയാണെങ്കിൽ തീർച്ചയായും മാതാപിതാക്കൾ ശ്രദ്ധിക്കേണ്ടതുണ്ട്. ശരീരം വല്ലാതെ മെലിഞ്ഞു വരിക, വിശപ്പില്ലായ്മയും ഉറക്കക്കുറവും അനുഭവപ്പെടുക, ശബ്ദങ്ങളോട് അസഹിഷ്ണുത തോന്നുക, പെട്ടെന്ന് പൊട്ടിത്തെറിക്കുക, മുതിർന്നവർക്ക് മുഖം തരാതെ ഇരിക്കുക, പകൽ സമയത്ത് കിടന്നുറങ്ങുക, കണ്ണുകൾ ചുമന്നിരിക്കുക, ശരീരത്തിൽ പലയിടത്തായി മുറിപ്പാടുകൾ പ്രത്യക്ഷപ്പെടുക എന്നിവയൊക്കെ ലഹരി ഉപയോഗത്തിന്റെ സൂചനകളാകാം. പഴയ കൂട്ടുകാർ അപ്രത്യക്ഷമാവുകയും പുതിയ ചില കൂട്ടുകാർ പ്രത്യക്ഷപ്പെടുകയും ചെയ്യാം. പലപ്പോഴും പ്രായത്തിൽ വളരെ മുതിർന്ന ഈ കൂട്ടുകാരെക്കുറിച്ച് വീട്ടുകാരോട് തുറന്നുപറയാൻ കുട്ടികൾ മടിക്കും. പുതിയ കൂട്ടുകാരോടൊപ്പം എങ്ങോട്ടുപോകുന്നു തുടങ്ങിയ കാര്യങ്ങളും ഗോപ്യമായി വെക്കും. വീട്ടിൽ നിന്ന് കൊടുക്കാതെതന്നെ കുട്ടികളുടെ കയ്യിൽ പണം കാണപ്പെടുന്നുവെങ്കിൽ അതും സംശയം വർധിപ്പിക്കേണ്ട സൂചനയാണ്.


## എന്താണ് പരിഹാരം?

യുവതലമുറ ലഹരിയിലേക്ക് അടുക്കുന്നതിന് ഒട്ടേറെ സാമൂഹിക കാരണങ്ങളുണ്ട്. അമിതമായി ഡിജിറ്റൽ ഉപയോഗംമൂലം സംഭവിച്ച സാമൂഹിക വിച്ഛേദനം, ഡിജിറ്റൽ ഉപകരണങ്ങൾ വഴി ആഗ്രഹിക്കുന്ന കാര്യങ്ങളെല്ലാം ക്ഷണനേരം സാധിക്കുന്നതിനാൽ മനസ്സിൽ തോന്നുന്ന ആഗ്രഹങ്ങൾ സാധിക്കാതെ വരാം എന്ന സാധ്യതയുമായി തലച്ചോറിന് പൊരുത്തപ്പെടാൻ സമയം കിട്ടാതെ വരുന്നതുമൂലം സ്വഭാവത്തിൽ പൊതുവേ വർധിച്ചുവരുന്ന അക്ഷമയും എടുത്തുചാട്ടവും, കൗമാരപ്രായക്കാരോട് സംസാരിക്കാൻ മാതാപിതാക്കൾക്ക് സമയമില്ലാത്തതുമൂലം ഉണ്ടാകുന്ന വൈകാരിക നിരാസം എന്നിവയൊക്കെ കുട്ടികളെ ലഹരിയിലേക്ക് അടുപ്പിക്കാൻ സാധ്യതയുള്ള സാമൂഹിക ഘടകങ്ങളാണ്. സിനിമകളിലും സീരീസുകളിലും സാമൂഹിക മാധ്യമങ്ങളിലും ഒക്കെ ലഹരി ഉപയോഗത്തെയും അക്രമത്തെയും

### ഡിജിറ്റൽ അടിമത്തവും ശ്രദ്ധിക്കാം

സ്വതന്ത്ര ഇന്ത്യയുടെ 77 വർഷത്തെ ചരിത്രത്തിൽ ആദ്യമായി ബജറ്റിനോടൊപ്പം പാർലമെന്റിൽ അവതരിപ്പിക്കപ്പെടുന്ന എക്കണോമിക് സർവേയിൽ മാനസികാരോഗ്യത്തിന്റെ പ്രസക്തി ഇത്തവണ ഊന്നിപ്പറഞ്ഞിരിക്കുന്നു. തിരിച്ചറിയപ്പെടാതെയും ചികിത്സിക്കപ്പെടാതെയും പോകുന്ന മാനസികാരോഗ്യ പ്രശ്നങ്ങൾ വ്യക്തിയുടെ കാര്യക്ഷമത കുറയ്ക്കാനും ജോലി ചെയ്യുന്ന സ്ഥാപനത്തിന്റെ ഉൽപാദനക്ഷമത കുറയാനും അതുവഴി രാജ്യത്തിന്റ സമ്പദ്‌വ്യവസ്ഥിതി തകരാനും കാരണമാകുന്നു എന്ന നിരീക്ഷണമാണ് സർവെയിൽ സ്ഥാനം പിടിച്ചത്. ഇന്ത്യയുടെ ജനസംഖ്യയിൽ 10.69% പേർ ചികിത്സ ആവശ്യമുള്ള മാനസികാരോഗ്യ പ്രശ്നങ്ങൾ ഉള്ളവരാണ് എന്ന നിരീക്ഷണവും ഉണ്ട്. ഡിജിറ്റൽ ഉപകരണങ്ങളുടെ അമിതോപയോഗം കുട്ടികളുടെയും കൗമാരപ്രായക്കാരുടെയും സ്വഭാവത്തെ എങ്ങനെ ദോഷകരമായി ബാധിക്കുന്നു എന്ന വിശദമായ വിവരണവും സർവെയിൽ പരാമർശവിഷയമായിട്ടുണ്ട്. മൊബൈലിന്റെയും മറ്റ് ദൃശ്യ ഡിജിറ്റൽ മാധ്യമങ്ങളുടെയും അമിതോപയോഗം കുട്ടികളിൽ ശ്രദ്ധക്കുറവ്, അമിതവികൃതി, എടുത്തുചാട്ട സ്വഭാവം, അക്രമവാസന എന്നിവ വർധിപ്പിക്കുന്നു എന്ന് റിപ്പോർട്ടിൽ പരാമർശം ഉണ്ട്.

ലഹരി അടിമത്തം പോലെതന്നെ യുവതലമുറയെ ബാധിക്കുന്ന പ്രധാനപ്പെട്ട ഒരു





അടിമത്തമാണ് 'സ്വഭാവസംബന്ധമായ അടിമത്തം (behavioural addiction). ഒരു പ്രവൃത്തി ചെയ്യുന്നു. അതിൽനിന്ന് ലഭിക്കുന്ന ആനന്ദം അതേ അളവിൽ ലഭിക്കാനായി അത് ആവർത്തിച്ച് ചെയ്യുന്നു. ക്രമേണ ദിവസത്തിന്റെ കൂടുതൽ നേരം ഈ പ്രവൃത്തി അപഹരിക്കുകയും ഇത് ചെയ്യാതെ ഇരുന്നാൽ തീരെ സന്തോഷം കിട്ടാത്ത അവസ്ഥ സംജാതമാവുകയും ചെയ്യുന്ന സ്ഥിതിവിശേഷത്തെയാണ് സ്വഭാവസംബന്ധമായ അടിമത്തം എന്ന് വിശേഷിപ്പിക്കുന്നത്. മൊബൈൽ ഫോൺ ഉപയോഗിച്ച് തന്നെ കാർട്ടൂൺ, ഓൺലൈൻ ഗെയിമുകൾ, ഡേറ്റിങ് ആപ്പുകൾ, സാമൂഹിക മാധ്യമങ്ങൾ, അശ്ലീല സൈറ്റുകൾ എന്നിവ കാണുകയും അത് ഒരു അടിമത്തമായി മാറുകയും ചെയ്യുന്ന സ്ഥിതി വിശേഷം സമൂഹത്തിൽ വ്യാപകമാണ്. ഇവയുടെ ഉപയോഗത്തിന്റെ സമയം നിയന്ത്രിക്കാൻ കഴിയാതെ വരുമ്പോൾ അടിമത്തമായി മാറുകയും നിത്യജീവിതത്തിൽ പഠനത്തെയും പെരുമാറ്റത്തെയും ദോഷകരമായി ബാധിക്കുകയും ചെയ്യുന്ന സ്ഥിതി വിശേഷം സംജാതമാകും. പിന്നീട് ഇവ കാണാനുള്ള അവസരം നിഷേധിക്കപ്പെടുമ്പോൾ എടുത്തുചാടിയുള്ള പ്രതികരണങ്ങളും അക്രമവാസനയും പ്രകടമാകാനുള്ള സാധ്യതയും ഏറെയാണ്. മൊബൈൽ കാണാൻ അവസരം നിഷേധിച്ചത് മൂലം ആത്മഹത്യ ചെയ്ത കൗമാരപ്രായക്കാരനും ഓൺലൈൻ ഗെയിം കാണാൻ തടസ്സം സൃഷ്ടിച്ച മാതാവിനെ തലയ്ക്കടിച്ചു കൊന്ന യുവാവുമൊക്കെ ആധുനിക കേരള സമൂഹത്തിന്റെ നേർക്കാഴ്ചകളാണ്. ലഹരി ഉപയോഗിക്കുന്ന വ്യക്തികളിൽ ഉണ്ടാകുന്നതിന് സമാനമായ മസ്തിഷ്ക വ്യതിയാനങ്ങളാണ് സ്വഭാവസംബന്ധമായ അടിമത്തം ഉള്ളവരിലും കണ്ടുവരുന്നത്.

ആഘോഷിക്കുകയും മഹത്വവൽക്കരിക്കുകയും ചെയ്യുന്നതും കുട്ടികളുടെ മനസ്സിനെ ആഴത്തിൽ സ്വാധീനിക്കും. മാധ്യമങ്ങളിൽ കാണുന്ന ഇത്തരം രംഗങ്ങൾ എന്തുകൊണ്ട് അനാരോഗ്യകരമാണ് എന്ന് കുട്ടികളെ ബോധ്യപ്പെടുത്തി കൊടുക്കാൻ മുതിർന്നവർക്ക് കഴിയാതെ വരുന്നതോടെ ദുരന്തം പൂർണ്ണമാകുന്നു.

പലപ്പോഴും നാല് കാരണങ്ങൾ കൊണ്ടാണ് കൗമാരപ്രായക്കാർ ലഹരി ഉപയോഗം ആരംഭിക്കുന്നത്. എന്താണ് എന്നറിയാനുള്ള കൗതുകമാണ് അതിൽ ആദ്യത്തേത്. സാമൂഹിക മാധ്യമങ്ങളിൽ അടക്കം സെലിബ്രിറ്റികൾ ലഹരിവസ്തുക്കളെ അനുകൂലിക്കുമ്പോൾ അതും ഇളം മനസ്സുകളെ സ്വാധീനിക്കുന്നു. സമപ്രായക്കാരുടെ സമ്മർദത്തിന് വഴങ്ങിയാണ് മറ്റുചില ആളുകൾ ലഹരി ഉപയോഗം തുടങ്ങുന്നത്. സ്കൂളിലും കോളേജുകളിലും സുഹൃത്തുക്കളുടെ ഒരു ഗ്യാങ്ങിന്റെ ഭാഗമായി നിൽക്കാനുള്ള സമ്മർദം പലരെയും ലഹരി ഉപയോഗത്തിലേക്ക് തള്ളിവിടുന്നു. ലഹരി ഉപയോഗിക്കുന്ന മുതിർന്ന വ്യക്തികളെ അനുകരിച്ച് ലഹരിയുടെ പാതയിലേക്ക് വീഴുന്ന കുട്ടികളും വിരളമല്ല. വീട്ടിലോ അയൽവീടുകളിലോ സ്ഥിരമായി ലഹരി ഉപയോഗിക്കുന്ന മുതിർന്ന വ്യക്തികൾ ഉണ്ടെങ്കിൽ കുട്ടികൾ ആ വഴിക്ക് പോകാനുള്ള സാധ്യത കൂടുതലാണ്. മാനസികസമ്മർദം കുറയ്ക്കാനുള്ള ഔഷധം എന്നുള്ള നിലയിൽ ലഹരിയെ കാണുന്ന കുട്ടികളുമുണ്ട്. പലപ്പോഴും പെരുമാറ്റ പ്രശ്നങ്ങളോ പഠനപ്രശ്നങ്ങളോ ഉള്ള കുട്ടികൾ ലഹരി ഉപയോഗത്തിന്റെ വഴിയിലേക്ക് വളരെ നേരത്തെ നീങ്ങാൻ സാധ്യത കൂടുതലാണ്. കുട്ടികളിൽ ഏറ്റവും കൂടുതൽ കാണപ്പെടുന്ന പെരുമാറ്റ വ്യത്യാസമായ അമിതവികൃതിയും ശ്രദ്ധക്കുറവും എടുത്തുചാട്ടവും പ്രധാന ലക്ഷണങ്ങളായുള്ള എഡിഎച്ച്ഡി, പഠന വൈകല്യം, അമിത ഉത്കണ്ഠ, വൈകാരിക അസ്ഥിരത തുടങ്ങിയ മാനസിക പ്രശ്നങ്ങളുള്ള കുട്ടികൾ ലഹരി അടിമത്തത്തിലേക്ക് പോകാൻ സാധ്യത കൂടുതലാണ്. ഇതുകൊണ്ടുതന്നെ മേൽ സൂചിപ്പിച്ച മാനസിക പ്രശ്നങ്ങൾ കാണിക്കുന്ന കുട്ടികളെ തുടക്കത്തിൽ തന്നെ ഒരു മാനസികാരോഗ്യ വിദഗ്ധനെ കണ്ട് കൃത്യമായ ചികിത്സ നൽകേണ്ടത് അത്യാവശ്യമാണ്.

> കുട്ടികളുടെ മാനസികവും പഠനസംബന്ധവുമായ പ്രശ്നങ്ങൾ കൈകാര്യം ചെയ്യാൻ രക്ഷിതാക്കളെയും പ്രാപ്തരാക്കേണ്ടതുണ്ട്. കുട്ടികളെ കുറ്റപ്പെടുത്തുന്നതിന് പകരം അവരുടെ പ്രയാസങ്ങൾ തിരിച്ചറിഞ്ഞ് അവർക്ക് താങ്ങും തണലുമായി നിൽക്കാനുള്ള വ്യക്തമായ ബോധവൽക്കരണം രക്ഷിതാക്കൾക്ക് ലഭിക്കണം.

## കുട്ടികൾക്കൊപ്പം ചെലവിടാം

വീടുകളിൽ കുട്ടികളോടൊപ്പം ഒരു മണിക്കൂർ നേരമെങ്കിലും ചെലവിടാൻ മാതാപിതാക്കൾ സമയം കണ്ടെത്തുക എന്നതാണ് ആദ്യ പരിഹാരമാർഗം. ഈ സമയം കുട്ടികളെ ശാസിക്കാനോ ശിക്ഷിക്കാനോ ഉള്ളതല്ല, മറിച്ച് ക്ഷമാപൂർവ്വം അവരെ കേൾക്കാനാണ് മാതാപിതാക്കൾ വിനിയോഗിക്കേണ്ടത്. ഇതിലൂടെ കുട്ടികളുടെ ആശയവിനിമയശേഷി മെച്ചപ്പെടുന്നതിനോടൊപ്പം അവരുടെ ജീവിതത്തിൽ എന്തെങ്കിലും അനാരോഗ്യകരമായ സ്വാധീനം ഉണ്ടായാൽ തുടക്കത്തിൽ തന്നെ തിരിച്ചറിഞ്ഞ് ഇടപെടാൻ അവസരം ഒരുങ്ങുന്നു. സമപ്രായക്കാരായ കുട്ടികളോടൊപ്പം കളിക്കാൻ പരമാവധി മാതാപിതാക്കൾ തങ്ങളുടെ കുട്ടികളെ പ്രോത്സാഹിപ്പിക്കണം. എന്നാൽ കുട്ടിയുടെ കൂട്ടുകാർ ആരൊക്കെയാണ് എന്ന് മാതാപിതാക്കൾക്ക് വ്യക്തമായ ബോധ്യം വേണം. ആ കൂട്ടുകാരുടെ മാതാപിതാക്കളുമായി ഒരു പരിചയം നിലനിർത്താനും രക്ഷിതാക്കൾ ശ്രദ്ധിക്കണം. ഇതുവഴി ആ സുഹൃത് സംഘത്തിൽ ഏതെങ്കിലും ഒരു വ്യക്തി പ്രശ്നത്തിൽ ചെന്ന് ചാടിയാൽ അത് എല്ലാ രക്ഷിതാക്കൾക്കും അറിയാനും അവരവരുടെ കുട്ടികൾക്ക് ജാഗ്രത പാലിക്കാൻ നിർദേശം നൽകാനും സാധിക്കും. കുട്ടികളെ പരിപൂർണ്ണമായി നിയന്ത്രിക്കാൻ ശ്രമിക്കുന്ന ഏകാധിപത്യ രക്ഷാകർതൃ മാതൃകയ്ക്ക് പകരം സ്വാതന്ത്ര്യവും ഉത്തരവാദിത്വബോധവും ഒരുപോലെ സമ്മേളിക്കുന്ന ആധികാരിക രക്ഷാകർതൃരീതി വീടുകളിൽ പ്രാവർത്തികമാക്കണം. സ്നേഹവും അച്ചടക്കവും ഒരുപോലെ പ്രകടമാകുന്ന ഈ മാതൃക കുട്ടികളുടെ

മാനസിക ആരോഗ്യത്തെ മെച്ചപ്പെടുത്താൻ ഏറെ സഹായകമാകുന്നു.

ചെറുപ്രായത്തിൽ തന്നെ വീട്ടിലെ ചെറിയ ഉത്തരവാദിത്വങ്ങൾ കുട്ടികളെ ഏൽപ്പിക്കുകയും അവർ അത് ഭംഗിയായി ചെയ്യുമ്പോൾ അഭിനന്ദിക്കുകയും ചെയ്യാം. വീടിന്റെ പറമ്പിൽ ചെടികൾ നട്ടുവളർത്താനും വളർത്തുമൃഗങ്ങളെ വളർത്താനും ഒക്കെ കുട്ടികൾക്ക് പരിശീലനം നൽകാം. മാസത്തിൽ ഒരു ദിവസമെങ്കിലും അനാഥമന്ദിരങ്ങൾ, വൃദ്ധസദനങ്ങൾ, പാലിയേറ്റീവ് കെയർ കേന്ദ്രങ്ങൾ, മറവിരോഗം വന്ന വ്യക്തികൾ കഴിയുന്ന കേന്ദ്രങ്ങൾ തുടങ്ങിയവയൊക്കെ സന്ദർശിക്കാം. ഇതിലൂടെ തങ്ങളുടെ ജീവിതത്തിൽ തങ്ങൾ എത്രത്തോളം അനുഗ്രഹീതരാണ് എന്ന് തിരിച്ചറിയാനുള്ള അവസരം കുട്ടികൾക്ക് ലഭിക്കുന്നു. ലഭിക്കാതെ പോയ കാര്യങ്ങളെക്കുറിച്ച് പരാതിപ്പെടാനും ആവശ്യമില്ലാത്ത സുഖഭോഗ വസ്തുക്കൾ ആവശ്യപ്പെടാനും ഉള്ള പ്രവണത കുറയ്ക്കാൻ ഇത് സഹായകമാണ്. കൗമാരത്തിലേക്ക് കാലൂന്നുന്നതിനു മുൻപുതന്നെ അച്ചടക്കത്തിന്റെ പ്രസക്തിയെക്കുറിച്ച് കുട്ടികളോട് സംസാരിക്കാം. അച്ചടക്കം സ്വാതന്ത്ര്യം നഷ്ടപ്പെടുത്താനുള്ള വാളല്ല മറിച്ച് സുരക്ഷിതത്വം ഉറപ്പുവരുത്താനുള്ള മാർഗമാണ് എന്ന മട്ടിൽ കുട്ടികളെ ഈ ആശയം പരിചയപ്പെടുത്തണം. കുട്ടികളുടെ പരിമിതികൾ ചൂണ്ടിക്കാണിച്ച് അവരെ അവഹേളിക്കുന്നതിന് പകരം അവരുടെ അഭിരുചിയും കഴിവും തിരിച്ചറിഞ്ഞ് അത് ഉപയോഗപ്പെടുത്താൻ പറ്റുന്ന തൊഴിൽമേഖലകളിലേക്കും ഉപരിപഠന മേഖലകളിലേക്കും അവരെ വഴിതിരിച്ചുവിടാം. അവരുടെ ജീവിതത്തിൽ ഉണ്ടാകുന്ന ഏത് പ്രതിസന്ധിയും ധൈര്യമായി സംസാരിക്കാൻ പറ്റുന്ന ഒരു സ്ഥലമാണ് വീട് എന്ന ആത്മവിശ്വാസം അവരുടെ മനസ്സിൽ വളർത്തിയെടുക്കാം.

വിദ്യാലയങ്ങളിലും തീവ്രമായ മത്സരബുദ്ധിയിൽ അധിഷ്ഠിതമായ താരതമ്യസ്വഭാവമുള്ള വിദ്യാഭ്യാസ സമ്പ്രദായം മാറേണ്ടതുണ്ട്. മത്സരങ്ങളിൽ ഒന്നാംസ്ഥാനം കിട്ടുന്നവരെമാത്രം അംഗീകരിക്കുന്ന വ്യവസ്ഥയ്ക്കു പകരം മനുഷ്യത്വപൂർണ്ണമായ, നന്മ നിറഞ്ഞ, മറ്റുള്ളവർക്ക് സഹായകമായ പ്രവൃത്തികൾ ചെയ്യുന്ന കുട്ടികളെക്കൂടി അംഗീകരിക്കുന്ന സമ്പ്രദായം വരണം. ഇത്തരം പ്രവൃത്തികൾക്കുകൂടി സാമൂഹിക അംഗീകാരം കിട്ടുമെന്ന ഒരു ധാരണ കുട്ടികളുടെ മനസ്സിൽ ചെറുപ്പത്തിൽതന്നെ വരുന്നത് അവരെ കൂടുതൽ അനുതാപം ഉള്ളവരാക്കി മാറ്റും. ജീവിതത്തിലെ പുതുമയുള്ള സാഹചര്യങ്ങളും പ്രയാസമുള്ള ഘട്ടങ്ങളും തരണം ചെയ്യാൻ കുട്ടികളെ സഹായിക്കുന്ന ജീവിതനിപുണത വിദ്യാഭ്യാസം, പാഠ്യപദ്ധതിയുടെ ഭാഗമായിതന്നെ എല്ലാ വിദ്യാലയങ്ങളിലും നിർബന്ധമായും നടപ്പിലാക്കണം. പങ്കാളിത്ത സ്വഭാവമുള്ള, പ്രക്രിയാധിഷ്ഠിതമായ, അനുഭവവാത്മകമായ ഇത്തരം പരിശീലനങ്ങൾ കുട്ടികളുടെ സ്വഭാവരൂപവൽക്കരണം ഉറപ്പുവരുത്താൻ സാധിക്കും.

കുട്ടികളുടെ മാനസികവും പഠനസംബന്ധവുമായ പ്രശ്നങ്ങൾ കൈകാര്യം ചെയ്യാൻ രക്ഷിതാക്കളെയും പ്രാപ്തരാക്കേണ്ടതുണ്ട്. കുട്ടികളെ കുറ്റപ്പെടുത്തുന്നതിന് പകരം അവരുടെ പ്രയാസങ്ങൾ തിരിച്ചറിഞ്ഞ് അവർക്ക് താങ്ങും തണലുമായി നിൽക്കാനുള്ള വ്യക്തമായ ബോധവൽക്കരണം രക്ഷിതാക്കൾക്ക് ലഭിക്കണം. കുട്ടികളിലെ പെരുമാറ്റപ്രശ്നങ്ങൾ തുടക്കത്തിലേ തിരിച്ചറിഞ്ഞ് ആവശ്യമായ ചികിത്സതേടാനുള്ള ബോധവൽക്കരണവും മുതിർന്നവർക്ക് ആവശ്യമാണ്. മാനസികാരോഗ്യ പ്രശ്നങ്ങളിൽ 50 ശതമാനവും 14 വയസ്സിനു മുൻപും 75% 24 വയസ്സിനു മുൻപും ആരംഭിക്കുന്നതായി ലോകാരോഗ്യ സംഘടന തന്നെ വ്യക്തമാക്കിയിട്ടുണ്ട്. മാനസികാരോഗ്യ പ്രശ്നങ്ങൾ തലച്ചോറിന്റെ പ്രവർത്തനവൈകല്യങ്ങൾ ആണെന്നും മറ്റേത് രോഗത്തെയും പോലെ അവയെയും ചികിത്സിക്കാൻ സാധിക്കുമെന്നും പൊതുജനങ്ങളെ ബോധവൽക്കരിക്കേണ്ടതുണ്ട്. തുടക്കത്തിൽ തന്നെ ഇത്തരം പെരുമാറ്റ സംബന്ധമായ പ്രശ്നങ്ങൾ തിരിച്ചറിഞ്ഞ് ചികിത്സിക്കുകയാണെങ്കിൽ അവ സങ്കീർണതകളിലേക്ക് പോകുന്നതും അക്രമസ്വഭാവത്തിലേക്കും ലഹരി അടിമത്തത്തിലേക്കും വഴുതിവീഴുന്നതും ഫലപ്രദമായി തടയാൻ സാധിക്കും.

ലഹരി ഉപയോഗിക്കുന്ന കുട്ടികളെ ഒറ്റപ്പെടുത്തുന്നതിനുപകരം അവർ ഏത് സാഹചര്യത്തിലാണ് ലഹരി ഉപയോഗത്തിലേക്ക് പോയത് എന്ന് സ്നേഹപൂർവം അന്വേഷിക്കാനാണ് മാതാപിതാക്കൾ ആദ്യം ശ്രമിക്കേണ്ടത്. അവരുടെ പ്രയാസങ്ങൾ ശ്രദ്ധാപൂർവം കേട്ട് അവയ്ക്കുള്ള പരിഹാരങ്ങൾ നിർദേശിക്കാൻ ശ്രമിക്കാം. തീവ്രമായ ലഹരി അടിമത്ത്വത്തിലേക്ക് പോയ കുട്ടികൾക്ക് വൈദ്യശാസ്ത്ര ചികിത്സ തന്നെ വേണ്ടിവരും. സൈക്യാട്രിസ്റ്റിന്റെ നേതൃത്വത്തിൽ മരുന്നുകളും മനശാസ്ത്ര ചികിത്സകളും രക്ഷിതാക്കൾക്കുള്ള പരിശീലനവും സംയോജിപ്പിച്ചുകൊണ്ടുള്ള സമഗ്ര ചികിത്സയാണ് വേണ്ടത്. ഏത് ലഹരി വസ്തുവാണ് ഉപയോഗിക്കുന്നത് എന്നതിനനുസരിച്ച് ചികിത്സയുടെ രീതിയും ദൈർഘ്യവും വ്യത്യാസപ്പെടും. കൃത്യസമയത്ത് വേണ്ടതരത്തിലുള്ള ചികിത്സ നൽകുക വഴി ഒട്ടേറെ കൗമാരപ്രായക്കാരെയും യുവാക്കളെയും ലഹരി അടിമത്തത്തിൽ നിന്ന് മോചിപ്പിക്കാൻ സാധിച്ചിട്ടുണ്ട്. ■

## കുട്ടികളെ കേൾക്കണം, സൗഹൃദങ്ങളെ വേർതിരിച്ചറിയണം

സ്നേഹവും വിദ്യാഭ്യാസവും ജീവിതവിജയവും ലഹരിയായിട്ടുള്ള ഒരവസ്ഥയിൽ നിന്ന് മാരകമായ മയക്കുമരുന്നുകൾ ആ സ്ഥാനം പിടിച്ചടക്കുന്ന രീതിയിലേക്ക് മാറുകയാണ് സമൂഹം. എല്ലാ കാലങ്ങളിലും പല രീതിയിൽ മോശമായ ലഹരികൾ സമൂഹത്തെ ബാധിക്കാറുണ്ട്. എന്നാൽ ഇന്ന് തിരിച്ചുവരവ് അസാധ്യമാക്കുന്ന തരത്തിലുള്ള ലഹരിവസ്തുക്കൾ ഒരു തലമുറയെ തന്നെ കാർന്നുതിന്നുകൊണ്ടിരിക്കുന്നു. അച്ഛനും അമ്മയും കുട്ടികളുടെ പ്രശ്നങ്ങളെയും സന്തോഷങ്ങളെയും വിജയങ്ങളെയും കേൾക്കാതിരിക്കുമ്പോൾ, അല്ലെങ്കിൽ അതിനുള്ള സമയം ഇല്ലാതെയാകുമ്പോൾ, അവർ ചുറ്റുമുള്ള സൗഹൃദവലയങ്ങളിൽ മാത്രം അഭയം തേടും. ശരിയും തെറ്റും പറഞ്ഞ് കൊടുക്കാത്ത അവരുടെ ജീവിതത്തിൽ ശരി എന്നത് ആ സുഹൃത്തുക്കൾ മാത്രമാകും. ആ സുഹൃത്തുക്കളിൽ നല്ലതും മോശവും ഉണ്ടാകാം. അത് തിരിച്ചറിയാതെ മോശം സൗഹൃദങ്ങളിൽ അകപെട്ടുപോകുന്നത് ലഹരി ഉപയോഗത്തിലേക്കുള്ള വഴിതുറക്കലാകും.



**നിഷമോൾ**
കമ്മ്യൂണിറ്റി വുമൺ ഫെസിലിറ്റേറ്റർ, പോത്തൻകോട് ഗ്രാമപഞ്ചായത്ത്


വിജേഷ് ചൂടൽ
മാധ്യമപ്രവർത്തകൻ



NO TO DRUGS

**ലോകമെമ്പാടുമുള്ള ക്രിമിനലുകൾക്ക് ഏറ്റവും ലാഭകരമായ ബിസിനസ് രൂപമായി മാറിക്കഴിഞ്ഞതിനാൽ മയക്കുമരുന്നിന്റെ പ്രവാഹത്തിന് ഭൂഖണ്ഡങ്ങളെ ബന്ധിപ്പിക്കുന്ന ആഗോളവഴികളുണ്ട്**


# അതിരുകൾ മായുന്ന ഡേർട്ടി ബിസിനസ്



നാർക്കോട്ടിക്ക് ഈസ് എ ഡേർട്ടി ബിസിനസ്' എന്ന നായകന്റെ ഡയലോഗ് ഇരുപതാം നൂറ്റാണ്ടിൽ കേരളം കൈയടിച്ച് സ്വീകരിച്ചതാണ്. ഇരുപത്തിയൊന്നാം നൂറ്റാണ്ടിലും അതേ വാചകം അതേ നായകനിലൂടെ സൂപ്പർഹിറ്റാകുന്നതും സമൂഹമാധ്യമങ്ങളിൽ തരംഗമാകുന്നതും നാം കണ്ടു. മയക്കുമരുന്നിനും അതിന്റെ വ്യാപാരത്തിനുമെതിരായ നായികാനായക സങ്കല്പങ്ങൾ എക്കാലവും തിളങ്ങിനിൽക്കുമ്പോഴും, മുമ്പെങ്ങുമില്ലാത്തവിധം സിനിമയുടെ ലോകവും ലഹരിബാധിതമാണെന്ന് തുടരെ വെളിപ്പെടുന്നതാണ് വർത്തമാന യാഥാർഥ്യം. സമൂഹത്തിന് ലഹരിയാകേണ്ട സിനിമ ഉൾപ്പെടെയുള്ള കലാരൂപങ്ങൾ മറ്റൊരു ലഹരിയെ ആയുധമാക്കുന്നതിന്റെ ദുരന്തം സമൂഹം ഏറ്റുവാങ്ങേണ്ടിവരുന്നുണ്ട്.

തൊണ്ണൂറുകളിൽ തുടക്കമിട്ട കലയുടെയും സാഹിത്യത്തിന്റെയും ആഗോളീകരണത്തിനൊപ്പം മനുഷ്യൻ അവനവനിലേക്ക് ചുരുങ്ങുകയാണുണ്ടായത്. നിസ്സംഗതയിലേക്ക് വീണുപോയ നമുക്ക് മറ്റുള്ളവരുടെ പ്രശ്നങ്ങൾ നമ്മുടേതല്ലാതായി മാറിയെന്ന് ഫ്രാൻസിസ് മാർപാപ്പ പറഞ്ഞിരുന്നല്ലോ. സ്വയം ഉള്ളിലൊതുങ്ങിയ മനുഷ്യന്റെ ആത്മസംഘർഷങ്ങൾക്ക് മരുന്നില്ലാതായി. അവിടെ ലഹരിയുടെ പുതിയ

മാനങ്ങൾ അതിവേഗം ആഗോളീകരിക്കപ്പെട്ടു. രാജ്യാതിർത്തികൾ മാഞ്ഞ് ലഹരി പതഞ്ഞൊഴുകി. ലഹരിമാഫിയയുടെ കൂത്തരങ്ങായ അമേരിക്കൻ ഭൂഖണ്ഡങ്ങൾ മുതൽ യൂറോപ്പിലും ഏഷ്യയിലും ഉൾപ്പെടെ കഴിഞ്ഞ മൂന്നു പതിറ്റാണ്ടിൽ മയക്കമരുന്നിന്റെ വ്യാപനത്തിന് വഴിയൊരുങ്ങി. ചായകുടിക്കുന്നതുപോലെ സ്വാഭാവികമാണ് ലഹരി ഉപയോഗവുമെന്ന സാമാന്യബോധത്തിലേക്ക് പുതിയ തലമുറയെ എത്തിക്കുന്നതിൽ സിനിമ വലിയ പങ്ക് വഹിച്ചിട്ടുണ്ട് എന്നത് നിഷേധിക്കാനാകാത്ത യാഥാർഥ്യമാണ്.




## ദാരിദ്ര്യം ചൂഷണം ചെയ്യുന്ന മാഫിയ

ഓരോ നാട്ടിലും ലഹരിമാഫിയ വളരുന്നത് ആ നാടിന്റെ ദുരിതങ്ങളെ ചൂഷണം ചെയ്താണ്. അഭയാർഥിപ്രശ്നവും ദരിദ്ര രാജ്യങ്ങളിലെ ജനങ്ങളുടെ പട്ടിണിയും തൊഴിലില്ലാത്ത യുവതയുടെ നൈരാശ്യവുമെല്ലാം ചൂഷണംചെയ്താണ് ലഹരിമാഫിയ അതിന്റെ ശൃംഖലയ്ക്ക് അടിത്തറയൊരുക്കിയത്. ജന്മനാട്ടിൽനിന്ന് പലായനം ചെയ്ത ദരിദ്രരായ കുടിയേറ്റ സമൂഹങ്ങളാണ് ആഗോള ലഹരിമാഫിയയുടെ പുതിയ 'തൊഴിലാളികൾ'. പ്രലോഭനത്തിനും ഭീഷണിക്കും വഴങ്ങി കറുപ്പ് കൃഷിയിൽ ഏർപ്പെടാൻ വിധിക്കപ്പെട്ട ഇവർ മയക്കമരുന്നിന് അടിമകളായി മാറുന്നു. കാലക്രമത്തിൽ കടക്കെണിയിലകപ്പെട്ട് കുറ്റകൃത്യങ്ങളിലേക്ക് തിരിയുന്നു.


അഭയാർഥി പ്രതിസന്ധി രൂക്ഷമായിക്കൊണ്ടിരിക്കുന്ന ഈ കാലത്തുതന്നെയാണ് മയക്കമരുന്നു വ്യാപാരം പുതിയ റെക്കോഡുകൾ സ്ഥാപിക്കുന്നത്. 2022-ൽ കൊക്കെയ്ൻ ഉൽപാദനം റെക്കോർഡിലെത്തി- 2,757 ടൺ. 2021-നെ അപേക്ഷിച്ച് 20 ശതമാനം വർധന. ഇത് യുഎൻ ഓഫീസ് ഓൺ ഡ്രഗ്സ് ആൻഡ് ക്രൈമിന്റെ (UNDOC) കണക്കാണ്. ഈ ലഹരിയുടെ വിതരണ ശൃംഖലയിലുള്ള രാജ്യങ്ങളിലാകെ (പ്രത്യേകിച്ച് ഇക്വഡോറിലും കരീബിയൻ രാജ്യങ്ങളിലും) ഇതിനൊപ്പം അക്രമവും കുറ്റകൃത്യങ്ങളും വർധിച്ചു. പടിഞ്ഞാറൻ, മധ്യ യൂറോപ്പിലെ ടൂറിസം ലക്ഷ്യസ്ഥാനങ്ങളിൽ ആരോഗ്യപ്രശ്നങ്ങളിൽ അസാധാരണമായ വർധനയും റിപ്പോർട്ട് ചെയ്തു. ദക്ഷിണേഷ്യയിൽ കുത്തിവയ്പിലൂടെയുള്ള മയക്കമരുന്ന് ഉപയോഗം വർധിച്ചുകൊണ്ടിരിക്കുകയാണെന്നും ഇന്ത്യ, ബംഗ്ലാദേശ്, നേപ്പാൾ എന്നിവിടങ്ങളിൽ ഇത് ഗണ്യമായി ഉയർന്നുവെന്നും റിപ്പോർട്ടുകൾ സൂചിപ്പിക്കുന്നു. നിരന്തരം വികസിച്ചുകൊണ്ടിരിക്കുന്ന ലഹരിവിപണി രാജ്യങ്ങളുടെ സാമ്പത്തികവും സാമൂഹികവുമായ വികസനത്തെ ദുർബലപ്പെടുത്തുകയും കുറ്റകൃത്യങ്ങളും അസ്ഥിരതയും അരക്ഷിതാവസ്ഥയും വളർത്തുകയും ചെയ്യുന്നു.

മയക്കമരുന്ന് ലോകമെമ്പാടുമുള്ള ദശലക്ഷക്കണക്കിന് മനുഷ്യരെ ബാധിക്കുന്ന സങ്കീർണ്ണമായ വെല്ലുവിളിയാണ്. വേൾഡ് ഡ്രഗ് റിപ്പോർട്ട് അനുസരിച്ച്, ലോകമെമ്പാടുമായി ഏകദേശം 30 കോടി പേർ മയക്കമരുന്നിന് അടിമകളാണ്. ഇതിൽ 23 കോടി പേരും കഞ്ചാവാണ് ഉപയോഗിക്കുന്നത്. മൂന്നുകോടി പേർ ആംഫെറ്റാമൈൻസും, 2.5 കോടി ആളുകൾ കൊക്കെയ്നും രണ്ടുകോടി പേർ മറ്റ് രാസലഹരികൾക്കും അടിമകളാണ്. കൂടുതൽ അപകടകരമായ സിന്തറ്റിക് ഓപിയോയിഡുകളുടെ കൂട്ടമായ നൈറ്റാസീനുകളുടെ വരവിനെ തുടർന്ന് സമ്പന്നരാജ്യങ്ങളിൽ അമിത അളവിൽ ലഹരിമരുന്ന് ഉപയോഗിച്ചുള്ള മരണങ്ങൾ വർധിച്ചയായും കണ്ടെത്തിയിട്ടുണ്ട്. ആഗോളതലത്തിൽ ലഹരിമരുന്നുകളുടെ കടത്ത് വർധിക്കുന്നുണ്ടെന്നും ഐക്യരാഷ്ട്രസംഘടനയുടെ ഏജൻസിയായ ടാക്കിളിങ് ക്രൈം ആൻഡ് ഡ്രഗ് അബ്യൂസ് 2024ലെ വാർഷിക റിപ്പോർട്ടിൽ പറയുന്നു.

മയക്കമരുന്ന് ദുരുപയോഗത്തിനും നിയമവിരുദ്ധ കടത്തിനും എതിരായ അന്താരാഷ്ട്ര ദിനം ജൂൺ 26ന് ആചരിക്കുന്നതിന് മുന്നോടിയായി എല്ലാവർഷവും പുറത്തിറക്കുന്ന റിപ്പോർട്ടാണിത്.

മയക്കമരുന്ന് ഒരു പാശ്ചാത്യപ്രശ്നമായാണ് നാം വീക്ഷിച്ചിരുന്നത്. 1971 ജൂണിൽ

## ക്രൂരതയെ ആഘോഷിക്കുന്ന സീരീസുകൾ





**കോവിഡ് കാലം തുറന്നുതന്ന ഒടിടി സാധ്യതകൾ ലോകസിനിമാസ്വാദകർക്ക് പുതുലോകം സമ്മാനിച്ചു. പ്രായഭേദമെന്യേ ലോകസിനിമയ്ക്കും സീരീസുകൾക്കും നാം അടിപ്പെട്ടു. അമേരിക്കൻ/കൊറിയൻ സീരീസുകളും മറ്റും ലഹരിക്കച്ചവടത്തിന്റെ, ക്രൂരതയുടെ ഇതുവരെ കാണാത്ത കാഴ്ചകൾ മലയാളിക്ക് സുപരിചിതമാക്കി. കുഞ്ഞുങ്ങൾ പോലും ഇവയുടെ ആരാധകരായി. 'കൾച്ചറൽ ഷോക്ക്' എന്നത് മാഞ്ഞുപോയി. കൊക്കെയ്ൻ മാഫിയാ തലവൻ പാബ്ലോ എസ്കോബാറിന്റെ ജീവിതം ആഘോഷിച്ച അമേരിക്കൻ സീരീസ് നാർക്കോസും മെക്സിക്കൻ മയക്കുമരുന്ന് കാർട്ടലിന്റെ കള്ളപ്പണം വെളുപ്പിക്കൽ പദ്ധതി വിശദമാക്കുന്ന സീരീസ് ഒസാർക്കും ഷോ വിൻസ് ഗില്ലിഗന്റെ സീരീസ് ബ്രേക്കിങ് ബാഡും പോലെ അനേകം ചിത്രങ്ങൾ നമ്മുടെ സ്വീകരണമുറികളിലേക്കും കൈയിലെ കൊച്ചുമൊബൈൽ വെട്ടത്തിലേക്കും പാറിവന്നു. ഇന്ത്യയിലും 2025ൽ പുറത്തിറങ്ങിയ ഹിന്ദി സീരീസ് ഡബ്ബാ കാർട്ടൽ ഇതേ വിഷയം കൈകാര്യം ചെയ്ത് വലിയ സ്വീകാര്യത നേടി. പ്രായത്തിന്റെ, സാംസ്കാരികതയുടെ, ധാർമ്മികതയുടെ അതിർവരമ്പുകൾ ഇല്ലാതായി.**

## ആളും ആരോഗ്യവും ഇല്ലാതാക്കും

ഞാൻ രണ്ട് വർഷത്തോളം സിന്തറ്റിക് ഡ്രഗ്സ് ഉപയോഗിച്ചിട്ടുണ്ട്. ഇപ്പോൾ പൂർണ്ണമായും നിർത്തി. നല്ല ആരോഗ്യമുണ്ടായിരുന്ന ശരീരം ഇപ്പോൾ അഞ്ച് മിനിറ്റ് കുനിഞ്ഞ് നിൽക്കാൻ പോലും പറ്റാത്ത അവസ്ഥയിലായി. പല്ലുകൾ പോയി. എല്ലിന് തേയ്മാനവും ബലക്കുറവും വന്നു. ഒന്ന് ചെറുതായി വീണാൽ പോലും എല്ലുകൾ പൊട്ടുന്ന അവസ്ഥയിലായി. ഉണ്ടായിരുന്ന ജോലി പോയി. കുടുംബവും കൂട്ടുകാരും കൈയൊഴിഞ്ഞു. ഒരു ഡോസ് അകത്ത് ചെന്നാൽ ലോകത്തിലെ ഏറ്റവും വലിയ ശക്തൻ ഞാനായിരുന്നു എന്ന അഹങ്കാരമായിരുന്നു. തിരിച്ചറിവ് വന്നപ്പോഴേക്കും എല്ലാം കൈവിട്ടുപോയിരുന്നു. പിന്നെ മുന്നിലുള്ള വഴി മരണം മാത്രമായിരുന്നു. എങ്കിലും ജീവിക്കണമെന്ന ആശ തോന്നിയതോടെ വളരെ പ്രയാസപ്പെട്ട് എല്ലാം നിർത്തി. കൂടെ കുറച്ച് നല്ല കൂട്ടുകാരും സഹായിച്ചു. ചികിത്സ തേടി. ഇപ്പോൾ എല്ലൊടിഞ്ഞ ഈ ശരീരവുമായി ഓരോന്നായി തിരിച്ചുപിടിച്ചു കൊണ്ടിരിക്കുന്നു. ഇതിൽ ഞാൻ മനസ്സിലാക്കിയ കാര്യം - നശിക്കാൻ വളരെ എളുപ്പമാണ്, പക്ഷേ തിരിച്ചുവരണം എന്ന് തോന്നിയാൽ വളരെ പ്രയാസവും. എന്റെ നാട്ടിലുള്ളവർ എന്റെ ജീവിതമാണ് ഉദാഹരണമായി കുട്ടികൾക്ക് പറഞ്ഞ് കൊടുക്കുന്നത്.

എനിക്ക് പറയാനാകുന്നത് ഇത്രയേ ഉള്ളൂ. വഴിവിട്ട കൂട്ടുകെട്ട് ആദ്യം ഒഴിവാക്കുക. ഡ്രഗ്സ് കിട്ടാനുള്ള വഴി നമ്മൾ തന്നെ അടയ്ക്കുക. നമ്മൾ അവർക്ക് ഭീഷണിയാവും എന്ന തോന്നൽ ഉണ്ടാക്കിയാൽ മതി, അവർ നമ്മളെ അകറ്റും. പ്രാർഥനയിൽ / മെഡിറ്റേഷനിൽ അഭയം കണ്ടെത്തുക. നല്ല സുഹൃത്തുക്കളെ കണ്ടെത്തി അവരുടെ കൂടെ കൂടുക. ഇതിനേക്കാളൊക്കെ പ്രധാനം ഉറച്ച ഒരു മനസ്സാണ്, അത് ഉണ്ടാക്കിയെടുക്കുകയാണെങ്കിൽ ഇതിൽ നിന്ന് മോചിതനാവാം.



**അതിജീവിതൻ**

അമേരിക്കൻ പ്രസിഡന്റ് റിച്ചാർഡ് നിക്സൺ നടത്തിയ 'മയക്കുമരുന്നിനെതിരായ യുദ്ധ'പ്രഖ്യാപനമാണ് ഈ ധാരണയെ അരക്കിട്ടുറപ്പിച്ചത് എന്നുപറയാം. കറുത്ത വംശജരെയും പുരോമനവാദികളെയുമൊക്കെ ലക്ഷ്യമിട്ട നീക്കങ്ങളുടെ ഗൂഢലക്ഷ്യങ്ങൾ പലതും ഇതിനു പിന്നിലുണ്ടായിരുന്നു. ഈ പാശ്ചാത്യ കേന്ദ്രീകൃത ചിന്തയ്ക്ക് ലോകം വലിയ വില നൽകേണ്ടി വന്നുവെന്നതാണ് ചരിത്രം. പരമ്പരാഗത അതിർത്തികൾക്കപ്പുറത്തേക്ക് മയക്കമരുന്നുകളും ലഹരിമാഫിയയും എത്രത്തോളം എത്തിയിരിക്കുന്നുവെന്ന് തിരിച്ചറിയുമ്പോഴും ആഫ്രിക്ക ഉൾപ്പെടെ പല ഭൂഖണ്ഡങ്ങളിലെയും മയക്കമരുന്ന് ഉപയോഗത്തെയും അതു സൃഷ്ടിക്കുന്ന പ്രശ്നങ്ങളെയും കുറിച്ചുള്ള വിവരശേഖരണം പോലും പരിമിതമാണ്.

> മയക്കുമരുന്നുകളുടെ ഉൽപാദനം, കടത്ത്, ഉപഭോഗം എന്നിവയുടെ കണ്ണിപൊട്ടിച്ച് അവസാനിപ്പിച്ചില്ലെങ്കിൽ ലോകം ആത്മഹത്യാപരമായ വിനാശത്തിലേക്ക് നീങ്ങുമെന്ന് ഉറപ്പാണ്. മറ്റൊരു ബ്രേക്ക് ദി ചെയിൻ പോരാട്ടത്തിന് നാം ഇന്നേ പടച്ചട്ടയണിയണം

### ഭൂഖണ്ഡങ്ങൾ കടക്കുന്ന ആഗോളശൃഖല

നിരന്തരം വികസിച്ചുകൊണ്ടിരിക്കുന്ന ആഗോള മയക്കമരുന്ന് വിപണിയുടെ ബിസിനസ് മൂല്യം കണക്കാക്കുക അസാധ്യമാണ്. പല കാലങ്ങളിൽ പല ഏജൻസികൾ നടത്തിയ ഗൗരവതരമായ പരിശ്രമങ്ങൾ പുറത്തുകൊണ്ടുവന്ന കണക്കുകളിൽതന്നെ വലിയ വ്യത്യാസങ്ങൾ കാണാം. 1998ൽ ഐക്യരാഷ്ട്ര സംഘടന പ്രസിദ്ധീകരിച്ച 'മയക്കമരുന്ന് ദുരുപയോഗത്തിന്റെയും നിയമവിരുദ്ധ കടത്തിന്റെയും സാമ്പത്തികവും സാമൂഹികവുമായ പ്രത്യാഘാതങ്ങൾ' എന്ന റിപ്പോർട്ട് പ്രകാരം മൊത്തം നിയമവിരുദ്ധ മയക്കമരുന്നു വ്യവസായത്തിന്റെ ആഗോളമൂല്യം ഏകദേശം 36,000 കോടി ഡോളറാണ്! അതായത് ഏറെക്കുറെ 30 ലക്ഷം കോടി രൂപ! ലോകമെമ്പാടുമുള്ള ക്രിമിനലുകൾക്ക് ഏറ്റവും ലാഭകരമായ ബിസിനസ് രൂപമായി മാറിക്കഴിഞ്ഞതിനാൽ മയക്കമരുന്നിന്റെ പ്രവാഹത്തിന് ഭൂഖണ്ഡങ്ങളെ ബന്ധിപ്പിക്കുന്ന ആഗോളവഴികളുണ്ട്. കഞ്ചാവിന്റെയും കൊക്കയുടെയും മറ്റും കൃഷി, മയക്കമരുന്നു നിർമ്മാണം, വിതരണം, വിൽപന എന്നിവ ഉൾപ്പെടുന്ന അന്താരാഷ്ട്ര മാഫിയ സംഘടിത കുറ്റകൃത്യങ്ങളിലൂടെ വിപുലമായ ശൃംഖലയാണിന്ന്.

ലോകത്ത് കൊക്കെയ്ൻ ഉൽപാദനം റെക്കോർഡിലെത്തിയിരിക്കുകയാണ്. തെക്കേ അമേരിക്കയിൽ ഉൽപാദനം കുതിച്ചുയരുമ്പോൾ യൂറോപ്പ്, ആഫ്രിക്ക, ഏഷ്യ എന്നിവിടങ്ങളിൽ ഉപയോഗത്തിനൊപ്പം വിപണികളും വികസിക്കുന്നു. തെക്കു-പടിഞ്ഞാറൻ ഏഷ്യ, തെക്കുകിഴക്കൻ യൂറോപ്പ് എന്നിവിടങ്ങളിൽ മെത്താഫെറ്റാമൈൻ കടത്ത് വർധിച്ചു. വടക്കേ അമേരിക്കയിൽ സിന്തറ്റിക് ലഹരി സമൂഹത്തിലാകെ വിപൽക്കരമായ വെല്ലുവിളിയാണ്.

അഫ്ഗാനിസ്ഥാനും ആഫ്രിക്കൻ-അമേരിക്കൻ രാജ്യങ്ങളും ഉൾപ്പെടെ രാഷ്ട്രീയ അനിശ്ചിതത്വം നിലനിൽക്കുന്ന മിക്ക രാജ്യങ്ങളും ലഹരിമാഫിയയുടെ കേന്ദ്രങ്ങളായി മാറിയിട്ടുണ്ട്. ഇക്കഴിഞ്ഞ മാസം തെരഞ്ഞെടുപ്പ് നടന്ന ലാറ്റിനമേരിക്കൻ രാജ്യമായ ഇക്വഡോറിൽ കഴിഞ്ഞ നാലു വർഷത്തിനിടെ ശക്തിപ്രാപിച്ച ലഹരിമാഫിയയുടെ വിളയാട്ടമായിരുന്നു പ്രധാന രാഷ്ട്രീയവിഷയം. എന്നാൽ, നിലവിലെ പ്രസിഡന്റ് ഡാനിയേൽ നൊബോവ തന്നെ വിജയിച്ചുവന്നു എന്നതാണ് വിരോധാഭാസം. ലഹരിസംഘങ്ങളെ നേരിടാൻ അമേരിക്കൻ സൈന്യത്തിന് സ്വന്തം രാജ്യത്ത് താവളമൊരുക്കുമെന്നായിരുന്നു നൊബോവയുടെ തിരഞ്ഞെടുപ്പ് വാഗ്ദാനം എന്നതും ശ്രദ്ധേയമാണ്. ഇത്തരത്തിൽ ലോകരാഷ്ട്രീയത്തിലും ഒളിവിലും തെളിവിലും ജനവിധികളെ സ്വാധീനിക്കുന്ന വിഷയമായി മയക്കമരുന്ന് മാറിക്കഴിഞ്ഞു.


മയക്കമരുന്നുകളുടെ ഉൽപാദനം, കടത്ത്, ഉപഭോഗം എന്നിവയുടെ കണ്ണിപൊട്ടിച്ച് അവസാനിപ്പിച്ചില്ലെങ്കിൽ ലോകം ആത്മഹത്യാപരമായ വിനാശത്തിലേക്ക് നീങ്ങുമെന്ന് ഉറപ്പാണ്. മറ്റൊരു ബ്രേക്ക് ദി ചെയിൻ പോരാട്ടത്തിന് നാം ഇന്നേ പടച്ചട്ടയണിയണം.■

**മോബിൻ മോഹൻ**
കേരള സാഹിത്യ അക്കാദമി അംഗം, 2021 ലെ കേന്ദ്ര സാഹിത്യ അക്കാദമി യുവപുരസ്കാർ ജേതാവ്



**ലഹരി ജീവിതത്തിന്റെ ഭാഗമാകുമ്പോൾ എഴുത്തിന് കാലഘട്ടത്തെ അതിജീവിക്കാനുള്ള കരുത്തില്ലാതെ പോകും. മനോഹരമായ ഈ പുലരിയും പുഴകളും മലകളും താഴ്‌വാരങ്ങളും കിളികളുടെ പാട്ടും മുളന്തണ്ടിന്റെ ഈണവും അങ്ങനെ നമ്മെ വിസ്മയിപ്പിക്കുന്ന ഒന്നിനെയും കാണാനുള്ള ഏകാഗ്രത നഷ്ടപ്പെട്ടാൽ എങ്ങനെ എഴുതും? എന്തെഴുതും?**

# കലയ്ക്കു വേണ്ട ലഹരിയുടെ കൈയൊപ്പ്



നാർസിസ്സസ്
കാരവാജിയോയുടെ പെയിന്റിങ് (1594-96) കടപ്പാട്: വിക്കിപീഡിയ

ലഹരിയുമായി ബന്ധപ്പെട്ട് പത്രദൃശ്യമാധ്യമങ്ങളിലാകെ നിറയുന്ന വാർത്തകൾ വലിയ ആശങ്കയാണ് സൃഷ്ടിക്കുന്നത്. നാം നേടിയെടുത്ത സ്വച്ഛതയുടെ സാമൂഹികാന്തരീക്ഷത്തെ പ്രതികൂലമായി ബാധിക്കത്തക്ക നിലയിൽ ലഹരിയുടെ ഉപഭോഗം കൂടിയിട്ടുണ്ട് എന്നത് അതിഗൗരവത്തോടെ കാണേണ്ട വിഷയമാണ്. വ്യക്തിജീവിതത്തെപോലെ തന്നെ സാമൂഹികജീവിതത്തെയും അട്ടിമറിക്കുന്ന ലഹരിക്കെതിരെ സർക്കാരും നമ്മുടെ പൊതുസമൂഹവും ജാഗരൂകരാവുന്നു എന്നത് ശ്ലാഘനീയമായ കാര്യം തന്നെ. എന്നാൽ ലഹരിക്കെതിരെ നിലപാടെടുക്കുകയും സമൂഹത്തെ മുന്നോട്ടു നയിക്കുകയും ചെയ്യാൻ ഉത്തരവാദപ്പെട്ട കലാകാരർ ഈ ലഹരിക്കെണിയിൽ പെട്ടുപോകുന്നതും അതിന്റെ പ്രചാരകരാകുന്നതും നല്ലൊരു സൂചനയല്ല. പാട്ടുവാനും ആടുവാനും അഭിനയിക്കുവാനും എഴുതുവാനും ലഹരി കൂടിയേതിരൂ എന്ന അവസ്ഥ പ്രധാനമായും രണ്ട് രീതിയിലാണ് ബാധിക്കുക. സാമൂഹികജീവിതത്തിൽ വലിയ സംഭാവനകൾ നൽകേണ്ട കലാകാരരുടെ വ്യക്തിജീവിതം താറുമാറാകുമ്പോൾ ആ സംഭാവനകൾ കൂടിയാണ് നമുക്ക് നഷ്ടമാകുന്നത്. മറ്റൊന്ന് എഴുത്തുകാരും കലാകാരരും പൊതുസമൂഹത്തെ നന്നായി സ്വാധീനിക്കുന്നവരാണ്. അവരുടെ ആശയങ്ങളും ജീവിതരീതിയുമെല്ലാം അനുകരിക്കാനുള്ള പ്രവണത അവരെ പിന്തുടരുന്നവർക്ക് ഉണ്ടാകാനുള്ള സാധ്യതയുണ്ട്. അങ്ങനെ സാമൂഹിക ജീവിതത്തെയും ലഹരി ബാധിക്കുന്നു.

ഒരുകാലത്ത് നാം കേട്ടിരുന്ന ലഹരികളേയല്ല പുതുകാലത്തിന്റെ ലഹരി. തലച്ചോറിന്റെ പ്രവർത്തനത്തെ ആകമാനം ബാധിക്കുന്ന രാസലഹരിയുടെ കാലമാണിത്. ഏകാഗ്രതയെ അപ്പാടെ തകർക്കുന്ന രാസലഹരികൾ എത്രയോ ജീവിതങ്ങളെയാണ് കശക്കിയെറിയുന്നത്. മനുഷ്യപുരോഗതിയിൽ നാം ഈ കാണുന്നതെല്ലാം നാം ജീവിതത്തെ ഏകാഗ്രതയോടെ കണ്ടതിന്റെ ഫലമാണ്. തലച്ചോറിന്റെ വികാസം ഏറ്റവുമധികം നടക്കേണ്ട കൗമാര-യൗവന കാലഘട്ടത്തിൽ തലച്ചോറിന്റെ പ്രവർത്തനം അപകടത്തിലാവുന്നത് നാടിന്റെ ഭാവിയെ തന്നെ ഇരുട്ടിലാക്കും.

എന്നുമുതലാണ് മനുഷ്യർ ലഹരി ഉപയോഗിക്കാൻ തുടങ്ങിയത്?

ആയിരക്കണക്കിന് വർഷംമുമ്പ് തന്നെ വിവിധ സംസ്കാരങ്ങളുടെ ജീവിതരീതികളിൽ ലഹരിയുടെ ഉപയോഗം കണ്ടെത്തിയിട്ടുണ്ട്. ഈജിപ്ഷ്യൻ സംസ്കാരത്തിൽ കറുപ്പ് ഉപയോഗിച്ചിരുന്നു. ഗ്രീക്കിലും വേദനാസംഹാരിയായും ഉറക്കം വർധിപ്പിക്കാനുമൊക്കെ കറുപ്പ് ഉപയോഗിച്ചിരുന്നു. മായൻ സംസ്കാരത്തിൽ ലഹരി തരുന്ന കൂണുകൾ അവരുടെ ആചാരങ്ങളുടെയും അനുഷ്ഠാനങ്ങളുടെയും ഭാഗമായി ഉപയോ

ഗിച്ചിരുന്നത്രേ. ഔഷധങ്ങൾക്കായും മറ്റും ഇന്ത്യയിലും ചൈനയിലും കഞ്ചാവ് ആ കാലഘട്ടത്തിൽ ഉപയോഗിച്ചിട്ടുണ്ട്.

തേയില കണ്ടെത്തിയത് ചൈനക്കാരാണ്. 2700 ബിസിയിലാണ് തേയില കണ്ടെത്തുന്നത്. അതിനും എത്രയോ ആയിരം വർഷം മുൻപാണ് കറുപ്പ് മനുഷ്യർ കണ്ടെത്തുന്നത്. കറുപ്പ് പോലെ തേയിലയും കാപ്പിയുമൊക്കെ മനുഷ്യൻ പ്രകൃതിയിൽ നിന്നും കണ്ടെത്തിയതാണ്. പക്ഷേ അതിനുള്ള വ്യത്യാസം തേയിലയും കാപ്പിയുമൊക്കെ ഉന്മേഷവും ജാഗ്രതയും (increase alertness) ഉണ്ടാക്കുമ്പോൾ, മദ്യവും മറ്റ് മയക്കുമരുന്നുകളും ഉന്മേഷവും ജാഗ്രതയും ഇല്ലാതാക്കുന്നു (decrease alertness). സസ്യങ്ങളിൽ നിന്നും ഫംഗസുകളിൽ നിന്നും ഉൽപാദിപ്പിക്കുന്ന ലഹരി മനുഷ്യൻ ഉപയോഗിച്ച് തുടങ്ങിയതിന്റെ ചരിത്രം ഏറെ പഴക്കമുള്ളതാണ്. പുളിപ്പിച്ച പഴങ്ങളിൽ നിന്നും ലഭിക്കുന്ന ലായനിയുടെ ലഹരി മനുഷ്യൻ മാത്രമല്ല മൃഗങ്ങളും ഉപയോഗിക്കാറുണ്ട്.

## പുതുകാലത്തിന്റെ ലഹരി

ലഹരിയുടെ ഉപയോഗം ചരിത്രപരമെന്നും അത് സാർവത്രികമെന്നും വരുത്തിതീർക്കലല്ല ഇവിടെ ലക്ഷ്യം. ഒരുകാലത്ത് ഉപയോഗിച്ചിരുന്ന ലഹരിയല്ല പുതുകാലത്തിന്റെ ലഹരി എന്നു പറഞ്ഞുവയ്ക്കലാണ്. മനോവിഭ്രാന്തിയുണ്ടാക്കുന്ന രാസലഹരികൾ വലിയ ആരോഗ്യ, മാനസിക പ്രശ്നങ്ങൾ വ്യക്തിജീവിതത്തിലും അസ്വസ്ഥതയുടെ പ്രശ്നങ്ങൾ സമൂഹജീവിതത്തിലും സൃഷ്ടിക്കുന്നു. മയക്കുമരുന്ന് കത്തിവയ്പ്പിലൂടെ നാം അകറ്റി നിർത്തിയിരുന്ന രോഗങ്ങൾ പോലും പകരുന്നു എന്നത് ഉൽക്കണ്ഠയോടുകൂടി നമ്മുടെ ആരോഗ്യരംഗം കാണുന്നുണ്ട്.

പത്തൊൻപതാം നൂറ്റാണ്ടിൽ ഒരു കലാകാരന്റെ അല്ലെങ്കിൽ ബുദ്ധിജീവിയുടെ അടിസ്ഥാനലക്ഷണങ്ങളിലൊന്ന് ലഹരിയുപയോഗമാണെന്ന് കരുതിയിരുന്നു. യൂറോപ്പിലും ലാറ്റിനമേരിക്കയിലും ലഹരി ഉപയോഗത്തെ സാധൂകരിക്കുന്ന നിരവധി കൃതികൾ ഉണ്ടായി. മദ്യത്തോടുള്ള ആസക്തി ചിത്രീകരിക്കുന്ന നിരവധി നോവലുകൾ പുറത്തിറങ്ങി. എന്നാൽ മദ്യം സൃഷ്ടിക്കുന്ന സങ്കീർണ്ണമായ ജീവിതാവസ്ഥകളെ അനാവരണം ചെയ്യുന്ന കൃതികളും നാടകങ്ങളും അക്കാലത്ത് ഇറങ്ങിയിട്ടുണ്ട് എന്നത് വിസ്മരിക്കാനാവില്ല. 1950 കളിൽ സാഹിത്യത്തിലെ ബീറ്റ് ജനറേഷൻ എഴുത്തുകാരിൽ ചിലർ ലഹരിയുടെ ഉപഭോഗത്തെ ആഘോഷിക്കുന്ന സാഹിത്യത്തിന്റെ ഭാഗമായി തീർന്നു. ജീവിതത്തിന്റെ ഭാഗമാണ് ലഹരിയെന്നും ജീവിതം ആഘോഷിക്കാനാണ് എന്നുള്ള തരത്തിലും എഴുത്തിനെ കണ്ടവരുണ്ട്. ജീവിതത്തിലുള്ള നിരാശയിലും വിരക്തിയിലും ലഹരിയുപയോഗത്തെ കാണുകയും അത്തരത്തിൽ എഴുത്തിനെ പരുവപ്പെടുത്തിയ എഴുത്തുകാരുമുണ്ട്. മലയാളത്തിലും അതിന്റെ സ്വാധീനം ഉണ്ടായിരുന്നുവെന്ന് പറയേണ്ടതില്ലല്ലോ.

എഴുതാൻ അല്ലെങ്കിൽ കലാവതരണം നടത്താൻ ലഹരി കൂടിയേ തീരൂ എന്ന കാഴ്ചപ്പാട് പുതുതലമുറയ്ക്കില്ല. മുഷിഞ്ഞ വസ്ത്രധാരിയായി മദ്യവും മറ്റ് ലഹരി വസ്തുക്കളും ഉപയോഗിച്ച് അതിന്റെ പ്രയോക്താവായ ഒരു സാഹിത്യകാരനെ ഇപ്പോൾ പൊതുസമൂഹം സ്വീകരിക്കാൻ തയ്യാറാവില്ല. മാത്രമല്ല ജീവിതം ലഹരിയിൽ അവസാനിപ്പിക്കാനുള്ളതല്ല. ജീവിതാനുഭവങ്ങളിൽനിന്നും ഒരു മനുഷ്യനെ അകറ്റുകയാണ് ലഹരി ചെയ്യുന്നത്. ലഹരി, പ്രണയവും കരുണയും ത്യാഗവും മോഹവുമെല്ലാം ജീവിതത്തിൽ നിന്നെടുത്തു മാറ്റുന്നു. എന്നാൽ ഒരു സാഹിത്യരൂപത്തിന് ജീവിതത്തെ അനാവരണം ചെയ്യേ പറ്റൂ.

'തുടുവെള്ളാമ്പൽ പൊയ്കയല്ല

ജീവിതത്തിന്റെ കടലേ

കവിതയ്ക്ക് ഞങ്ങൾക്കു മഷിപ്പാത്രം' എന്ന് മഹാകവി വൈലോപ്പിള്ളി പാടിയതുപോലെ ജീവിതത്തിന്റെ കടലിലേക്ക് ഇറങ്ങിച്ചെല്ലാനുള്ള മനസ്സും ജാഗ്രതയും ഒരു എഴുത്തുകാരനുണ്ടാവണം. ആ ജാഗ്രതയെ നഷ്ടപ്പെടുത്തുന്ന ലഹരി ജീവിതത്തിന്റെ ഭാഗമാകുമ്പോൾ എഴുത്തിന് കാലഘട്ടത്തെ അതിജീവിക്കാനുള്ള കരുത്തില്ലാതെ പോകും. അതിനുള്ള ഏകമാർഗം ജീവിതത്തെ ലഹരിയാക്കുക എന്നതാണ്. മനോഹരമായ ഈ പുലരിയും പുഴകളും മലകളും താഴ്വാരങ്ങളും കിളികളുടെ പാട്ടും മുളന്തണ്ടിന്റെ ഈണവും അങ്ങനെ നമ്മെ വിസ്മയിപ്പിക്കുന്ന ഒന്നിനെയും കാണാനുള്ള ഏകാഗ്രത നഷ്ടപ്പെട്ടാൽ എങ്ങനെ എഴുതും? എന്തെഴുതും?

'വിസ്മയം പോലെ ലഭിക്കും നിമിഷങ്ങൾ -


ക്കർത്ഥം കൊടുത്തു പൊലിപ്പിച്ചെടുക്കനാം' നമ്മളാണ് നമ്മുടെ ജീവിതത്തിന് അർത്ഥം കൊടുക്കേണ്ടത്. ഭാഗ്യം പോലെ മുന്നിൽ ലഭിക്കുന്ന നിമിഷങ്ങൾക്ക് ജീവിതത്തിന്റെ നിറവും മണവും കൊടുക്കേണ്ടത് നമ്മളാണ്. ജീവിതത്തെ ജാഗ്രതയോടെ കാണാൻ കഴിയാത്ത ഒരാൾക്ക് എങ്ങനെ അനുഭവങ്ങളെ ഒപ്പിയെടുക്കാൻ കഴിയും. കാലഘട്ടത്തെ അഭിസംബോധന ചെയ്യാൻ കഴിയാത്ത വെറും ചവറുകളായി അയാളുടെ സൃഷ്ടികൾ മാറും.

ഒരു പെർഫോമിങ് ആർട്ടിസ്റ്റിനെ സംബന്ധിച്ചിടത്തോളം വേദിയിൽ താളം നഷ്ടപ്പെട്ടാൽ, സംഭാഷണങ്ങൾ മറിഞ്ഞാൽ, പതറിപ്പോയാൽ കലാവതരണം എങ്ങനെ പൂർത്തീകരിക്കാൻ കഴിയും. കലയും സാഹിത്യവും കൈകാര്യം ചെയ്യുന്നവർക്ക് കാലം നൽകുന്ന ചില ഉത്തരവാദിത്വങ്ങൾ ഉണ്ട്. അതിനോട് നീതിപുലർത്തുക എന്നുള്ളത് അവരുടെ കടമയാണ്. ഉത്തരവാദിത്വരഹിതമായ അലസതയല്ല ഒരു കലാകാരനെ മുന്നോട്ടു നയിക്കേണ്ടത്, കാലഘട്ടത്തെ സസൂക്ഷ്മം നിരീക്ഷിക്കുന്ന ജാഗ്രതയാണ്. കലയും സാഹിത്യവും തന്നെയാവണം അവരുടെ ലഹരി. അതിനോടുള്ള അപാരമായ പ്രതിപത്തിയാവണം ലഹരി. ■

## സൗഹൃദമായാലും കൗതുകമായാലും ലഹരി വേണ്ട

ഞാൻ എറണാകുളം സ്വദേശിയാണ്. 19-ാം വയസ്സിൽ എഞ്ചിനീയറിങ് പഠനത്തിനിടെ കൂട്ടുകാരുടെ സ്വാധീനത്തിൽപ്പെട്ടാണ് ലഹരിവസ്തുക്കൾ ഉപയോഗിച്ചുതുടങ്ങിയത്. വളരെ പെട്ടെന്നാണ് ഞാൻ അതിനു അടിമപ്പെട്ടത്. പഠനത്തിൽ താൽപര്യം കുറഞ്ഞു. എപ്പോഴും മൂഡ് പ്രശ്നങ്ങൾ വന്നു. ഉറക്കം ഏറെക്കുറെ പൂർണ്ണമായും നഷ്ടപ്പെട്ടു. ഇതോടെ എനിക്ക് സ്വയം നിയന്ത്രിക്കാൻ പറ്റാതായി. പഠനം താറുമാറായപ്പോൾത്തന്നെ രക്ഷിതാക്കൾ ശ്രദ്ധിച്ചു. ഭാഗ്യവശാൽ അവർ വലിയ പിന്തുണ നൽകി. എന്നെ കൗൺസലിങ്ങിന് വിധേയമാക്കി. തുടർചികിത്സകൾ നടത്തി. ഇന്നിപ്പോൾ ഞാൻ സാധാരണ ജീവിതത്തിലേക്ക് തിരിച്ചു വന്നു. പഠനം നല്ല നിലയിൽ പൂർത്തിയാക്കി. എന്നുമാത്രമല്ല, ഡ്രഗ്സ് ഉപയോഗത്തിനെതിരെ ക്ലാസുകൾ എടുക്കാൻ പോകുന്നു. എന്റെ അനുഭവത്തിൽനിന്ന് പറയുന്നതിനാൽ അത് വേഗത്തിൽ ഉൾക്കൊള്ളാൻ ആളുകൾക്ക് സാധിക്കുന്നുണ്ട്.

രാസലഹരി ഉപയോഗിച്ച് തുടങ്ങുമ്പോൾ തന്നെ അഡിക്ഷൻ ഉണ്ടാക്കും. ഇത് അറിയാതെയാണ് കുട്ടികൾ ഉപയോഗിച്ചുതുടങ്ങുന്നത്. സൗഹൃദത്തിന്റെ പേരിലായാലും, കൗതുകത്തിന്റെ പേരിലായാലും ഒരിക്കൽ പോലും ലഹരി ഉപയോഗിക്കാതിരിക്കാൻ എല്ലാവരും ശ്രദ്ധിക്കണം.



അതിജീവിതൻ

രണ്ടാം പിണറായി വിജയൻ സർക്കാരിന്റെ നാലാം വാർഷികാഘോഷങ്ങൾക്ക് കാസർഗോഡ് തുടക്കം



# ഉത്സവച്ഛേലോടെ അഞ്ചാം വർഷത്തിലേക്ക്

രണ്ടാം പിണറായി വിജയൻ സർക്കാരിന്റെ നാലാം വാർഷികം 'എന്റെ കേരളം' പ്രദർശന വിപണനമേള ഒരുക്കിയാണ് സർക്കാർ ആഘോഷിക്കുന്നത്. ഏപ്രിൽ 21 മുതൽ മെയ് 30 വരെ വിപുലമായ പരിപാടികളോടെയാണ് ജില്ലകളിൽ വാർഷികാഘോഷ പരിപാടികൾ സംഘടിപ്പിക്കുന്നത്. കാസർഗോഡ് ജില്ലയിൽ പിലിക്കോട് കാലിക്കടവ് മൈതാനത്ത് 'എന്റെ കേരളം' പ്രദർശന വിപണനമേളയുടെ സംസ്ഥാനതല ഉദ്ഘാടനം മുഖ്യമന്ത്രി പിണറായി വിജയൻ നിർവഹിച്ചു.

വിനോദ വിജ്ഞാന സേവനമേഖലകൾ ഒരു കുടക്കീഴിൽ ഒരുക്കി ഒരാഴ്ച നീണ്ടു നിൽക്കുന്ന എന്റെ കേരളം പ്രദർശന വിപണനമേള ഇതിനോടകം നടന്ന ജില്ലകളിലെല്ലാം ജന പങ്കാളിത്തം കൊണ്ട് ശ്രദ്ധേയമായി. എല്ലാ സർക്കാർ വകുപ്പുകളുടെയും വിവിധ സർക്കാർ ഏജൻസികളുടെയും സ്റ്റാളുകളും വിവിധ കലാപരിപാടികളും അണിനിരക്കുന്ന മേളയുടെ ഏകോപനം ഇൻഫർമേഷൻ പബ്ലിക് റിലേഷൻസ് വകുപ്പാണ് നിർവഹിക്കുന്നത്. ഇതിനോടനുബന്ധിച്ച് മുഖ്യമന്ത്രി പങ്കെടുക്കുന്ന ജില്ലാതല, മേഖലാതല യോഗങ്ങളിലും ജനപ്രതിനിധികളും വിവിധ മേഖലകളിൽ വ്യക്തിമുദ്ര പതിപ്പിച്ചവരും ഉൾപ്പെടെ പങ്കാളികളാണ്.




ജനങ്ങൾക്കാവശ്യമായ സേവനങ്ങളും വിവരങ്ങളും ലഭ്യമാക്കാൻ കഴിയുന്ന രീതിയിലാണ് മേള സംഘടിപ്പിക്കുന്നത്. 14 ജില്ലകളിലും ഒരാഴ്ച നീണ്ടുനിൽക്കുന്ന പരിപാടികളാണ് സജ്ജീകരിച്ചിട്ടുള്ളത്. മേളയ്ക്ക് കിഫ്ബി അടിസ്ഥാന സൗകര്യം ഒരുക്കും. വകുപ്പുകളുടെ സ്റ്റാളുകൾക്ക് പുറമെ വിപണന സ്റ്റാളുകളുമുണ്ട്. വകുപ്പുകളുടെ സ്റ്റാളുകളിൽ സർക്കാരിന്റെ ഒൻപത് വർഷത്തെ വികസന-ക്ഷേമ പ്രവർത്തനങ്ങളും നേട്ടങ്ങളും പ്രദർശിപ്പിക്കുന്നു. 2500 ചതുരശ്ര അടിയിൽ ഐപിആർഡിയുടെ തീം പവലിയൻ മേളയുടെ പ്രത്യേകതയാണ്. കുടുംബശ്രീ ഉൾപ്പെടെയുള്ളവരുടെ ഫുഡ് കോർട്ടുകൾ, കലാപരിപാടികൾ, പുസ്തകമേള, കാർഷിക പ്രദർശനം, ഹരിത കേരള മിഷന്റെ പ്രവർത്തനം സംബന്ധിച്ച ഇൻസ്റ്റലേഷൻ എന്നിവ മേളയിൽ ജനതിരക്കുയർത്തുന്നു.











ഐപിആർഡി പ്രസിദ്ധീകരിച്ച 'നവകേരളത്തിന്റെ വിജയമുദ്രകൾ' പ്രത്യേക പുസ്തകത്തിന്റെ പ്രകാശനം

“

നാടിന്റെ ഐക്യവും ജനങ്ങളുടെ ഒരുമയും ഏത് പ്രതിസന്ധിയെയും അതിജീവിക്കാനുള്ള കരുത്തായി മാറി. ദുരന്തങ്ങളെ അതിജീവിച്ചതിനൊപ്പം ഏൽപ്പിച്ച ഉത്തരവാദിത്വങ്ങൾ സാധ്യമായ രീതിയിൽ നടപ്പാക്കി കേരളത്തിനെ പുരോഗതിയിലേക്ക് നടത്താൻ സർക്കാർ ശ്രമിച്ചു. കേരളത്തിൽ നടക്കില്ല എന്ന് കരുതിയതൊക്കെ നടപ്പായി.



ഓർമ്മ >> **ജിതിൻ കെ. സി**
ചലച്ചിത്ര നിരൂപകൻ



> **ഷാജി എൻ. കരുണിന്റെ കഥാപാത്രങ്ങളിൽ നിഴലിച്ചു നിന്നിരുന്നത് പ്രതീക്ഷയും പ്രതീക്ഷ അസ്തമിക്കുമ്പോഴുള്ള വിഷാദവുമാണ്**

# വിഷാദങ്ങളുടെ നിഴൽ വീണ തിരസാക്ഷ്യങ്ങൾ

പിറവി എന്ന ചിത്രത്തിന്റെ ഷൂട്ടിങ്ങ് തുടങ്ങും മുൻപ്, ഷാജി എൻ. കരുൺ താനുമൊത്ത് ആന്ദ്രേ തർക്കോവ്സ്കിയുടെ സാക്രിഫൈസ് കാണുവാൻ പോയത് പിറവിയുടെ ഛായാഗ്രാഹകനായ സണ്ണി ജോസഫ് ഓർക്കുന്നുണ്ട്. പിറവിയുടെ കഥയുമായോ സന്ദർഭങ്ങളുമായോ ഏതെങ്കിലും നിലക്ക് സാമ്യമുള്ള ചിത്രമല്ല സാക്രിഫൈസ്. പക്ഷേ സാക്രിഫൈസിന്റെ ദൃശ്യപശ്ചാത്തലത്തെ മാസ്റ്റർ സംവിധായകൻ തർക്കോവ്സ്കിയും വിഖ്യാത ഛായാഗ്രാഹകൻ സ്വെൻ നിക്വിസ്റ്റും പ്രത്യേകമായി ഒരുക്കിയെടുത്തതായി കാണാം. മൂടൽമഞ്ഞ് മാഞ്ഞ പ്രകൃതിയുടെ, ഒരല്പം വെളിച്ചം മങ്ങിയ, എങ്കിലും തെളിഞ്ഞ ആകാശവും പുൽമേടുകളും സാക്രിഫൈസിന്റെ ദൃശ്യാനുഭൂതിയെ വല്ലാതെ സ്വാധീനിക്കുന്നുണ്ട്.

പിറവി എന്ന ചിത്രത്തിന്റെ ദൃശ്യപശ്ചാത്തലത്തിലും ഈ നിഴൽ വീണുകിടക്കുന്നതായി കാണാം. മഴ തോർന്നു തീരുകയോ, മഴ പെയ്യാൻ നിൽക്കുകയോ, മഴയോടു കൂടി ആയതോ ആയ ഒരു പ്രകൃതിയുടെ പശ്ചാത്തലവും വെളിച്ചത്തിൽ ഇരുൾ പടർന്ന ആകാശവും പിറവിയുടെ വിഷാദത്തെ കാണിയിൽ കോർത്തിടുന്നു. ഒരു സിനിമയുടെ കഥയുടെയും സന്ദർഭങ്ങളുടെയും വൈകാരികതയെ അതുപോലെ ഉൾക്കൊള്ളുന്ന ദൃശ്യപശ്ചാത്തലം ഒരുക്കുക എന്നത് ശ്രമകരമായ ജോലിയാണ്. വിഷാദവും നഷ്ടങ്ങളും കാത്തിരിപ്പും സ്വപ്നങ്ങളും നിറഞ്ഞ സന്ദർഭങ്ങളായിരുന്നു ഷാജി എൻ. കരുണിന്റെ ചിത്രങ്ങളിൽ നിറഞ്ഞിരുന്നത്.

## ഛായാഗ്രാഹകന്റെ കൈയൊപ്പ്


പിറവിയിൽ മകനെ കാത്തിരുന്ന് മകൻ വരാതെ, മകനെ കാണാതെ തിരിച്ചെത്തുന്ന അച്ഛന്റെ പശ്ചാത്തലത്തിൽ അച്ഛന്റെ സങ്കടത്തോളം ഇരുണ്ടതും മകൻ വരുമെന്ന പ്രതീക്ഷയോളം തെളിഞ്ഞതുമായ ഒരു പശ്ചാത്തലത്തെ, സന്ധ്യാസമയം അടുക്കുമ്പോഴുള്ള വെളിച്ചത്തിന്റെ വിതാനത്തെ, അപ്പോൾ പെയ്യുന്ന ഒരു ചാറ്റൽ മഴയെ ഒക്കെ ഉൾക്കൊള്ളിക്കുന്നുണ്ട് ഷാജി എൻ കരുൺ എന്ന സംവിധായകൻ. ദൃശ്യത്തിന്റെ അനുഭൂതിയെ ഏറ്റവും വ്യക്തമായി പ്രേക്ഷകരിലേക്കെത്തിക്കാൻ നിർബന്ധം കാട്ടിയിരുന്ന സംവിധായകനായിരുന്നു ഷാജി. ഛായാഗ്രാഹകൻ കൂടിയായിരുന്ന ഷാജി എൻ കരുൺ സംവിധായകനായതിന്റെ കരുത്ത് കൊണ്ട് കൂടിയാവാം അത്. കേരളത്തിലെ രാഷ്ട്രീയാന്തരീക്ഷത്തിൽ ഏറ്റവും കോളിളക്കം സൃഷ്ടിച്ച രാജൻ വധക്കേസുമായും ഈച്ചരവാര്യരുടെ പോരാട്ടവുമായും ചേർന്നു നിൽക്കുന്ന കഥാപശ്ചാത്തലമാണ് പിറവിയുടേത്. എന്നാൽ ആ രാഷ്ട്രീയസാഹചര്യത്തെ ചോർത്തുന്നതും വൈകാരികതയെ മാത്രം പിൻപറ്റുകയും ചെയ്യുന്നതായിരുന്നു പിറവി എന്ന വിമർശനം സാധുവാണ്. രാജനും ഈച്ചരവാര്യരും അല്ല പിറവിയിലെ അച്ഛനും മകനും എന്ന് സംവിധായകൻ പിന്നീട് വിശദീകരണം നൽകുമ്പോഴും പിറവിയിൽ നിന്ന് ആ പശ്ചാത്തലം ഇല്ലാതെയാകുന്നില്ല.

അരവിന്ദന്റെ തമ്പ്, കാഞ്ചനസീത, കുമ്മാട്ടി, എസ്തപ്പാൻ, ചിദംബരം തുടങ്ങിയ ചിത്രങ്ങളുടെ ഛായാഗ്രാഹകൻ ഷാജി എൻ കരുണായിരുന്നു. അരവിന്ദന്റെ ദൃശ്യഭാഷയുടെ ഒരു തുടർച്ച ഷാജി സംവിധാനം ചെയ്ത ചിത്രങ്ങളിൽ കാണാനാവും. അരവിന്ദന്റെ ചിത്രങ്ങളിലെ ദൃശ്യങ്ങളുടെ ശില്പഭംഗിയിൽ ഷാജി എൻ കരുൺ എന്ന ഛായാഗ്രാഹകന്റെയും കൈയൊപ്പുണ്ട്. കെ ജി ജോർജിന്റെ പഞ്ചവടിപ്പാലം, ഹരിഹരന്റെ പഞ്ചാഗ്നി, സർഗം തുടങ്ങി സാമാന്യം വലിയൊരു ഛായാഗ്രഹക ജീവിതം ഷാജി എൻ കരുണിനുണ്ടായിരുന്നു.

വിഖ്യാതമായ കാൻ ചലച്ചിത്ര മേളയിൽ മൂന്നുതവണ അദ്ദേഹത്തിന്റെ ചിത്രങ്ങൾ ഉണ്ടായിരുന്നു.

പിറവിക്ക് കാമറ ദി ഓർ ലഭിച്ചു (പ്രഥമചിത്രത്തിന് ലഭിക്കുന്ന പുരസ്കാരം). 'സ്വം' പാം ദി ഓറിന് മത്സരിച്ച ഏക മലയാള ചിത്രമാണ്. വാനപ്രസ്ഥവും കാനിൽ പ്രദർശിപ്പിക്കപ്പെട്ടു.

ഷാജി എൻ കരുണിന്റെ കഥാപാത്രങ്ങളിൽ നിഴലിച്ചു നിന്നിരുന്നത് പ്രതീക്ഷയും പ്രതീക്ഷ അസ്തമിക്കുമ്പോഴുള്ള വിഷാദവുമാണ്. പിറവിയിലും വാനപ്രസ്ഥത്തിലും നമുക്ക് ഈ പ്രതീക്ഷയുടെയും വിഷാദത്തിന്റെയും ഇരട്ടനാടകം കാണാനാവും. മൂന്ന് പേരുടെ ഓർമ്മകളിലൂടെ ഒരാളെ തിരയുന്ന കുട്ടിസ്രാങ്കും ബാക്കിയാക്കുന്നത് വിഷാദം തന്നെയാണ്. വിഷാദങ്ങളുടെ നിഴൽ വീണ തിരസാക്ഷ്യങ്ങളായിരുന്നു അദ്ദേഹത്തിന്റെ ചിത്രങ്ങൾ. ■


3/5/25

License to Post without Prepayment
WPP License Number: KL/TV(N)WPP/216/2022/24

Date of Publication: **01.05.2025**
KERMAL2014/58028 Price: **12.00**




ലഹരി ഉപേക്ഷിക്കാം
ജീവിതം ആസ്വാദ്യകരമാക്കാം

**SAY NO TO DRUGS**

ഹെൽപ്പ് ലൈൻ നമ്പർ 1938 | 9497979794 | 9497927797

Printed and Published by T V Subhash IAS, Director, Information Public Relations Department of behalf of Government of Kerala and Printed at Akshra Offset, Thiruvananthapuram, Kerala. Published from Information Public Relations Department, Govt. of Kerala Government Secretariat, Thiruvananthapuram 695001. Editor: TV Subhash IAS